# ലോഗോസ് പഠനസഹായി

# മർക്കോസിന്റെ സുവിശേഷം

### സുവിശേഷകർത്താവ്

മർക്കോസിന്റെ സുവിശേഷത്തിന്റെ രചയിതാവ്, തന്റെ വ്യക്തിത്വം സുവിശേഷത്തിൽ ഒരിടത്തും വെളിപ്പെടുത്തുന്നില്ല. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ജീവിച്ചിരുന്ന ഗ്രന്ഥകാരനും ഹിയരാപ്പൊളിസിലെ ബിഷപ്പുമായ പപ്പിയാസാണ് രണ്ടാം കാനോനിക സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവിനെക്കുറിച്ച് ആദ്യമായി സാക്ഷ്യപ്പെടുത്തുന്നത്. അദ്ദേഹത്തിന്റെ വാക്കുകളിൽ മർക്കോസാണ് രണ്ടാം സുവിശേഷത്തിന്റെ കർത്താവ്. 'മർക്കോസ് പത്രോസിന്റെ ദ്വിഭാഷിയും, പത്രോസിൽ നിന്നുകേട്ട കാര്യങ്ങൾ മുഴുവനും ഓർമയിൽവച്ച് എഴുതിയ ആളുമാണ്. മർക്കോസിന് പത്രോസിനോടുള്ള ബന്ധം എന്തായിരുന്നാലും, മർക്കോസിന്റെ പേരിലറിയപ്പെടുന്ന സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവ് അദ്ദേഹം തന്നെയാണെന്നുള്ള കാര്യത്തിൽ മിക്ക പണ്ഡിതരും ഏകാഭിപ്രായമുള്ളവരാണ്. മാത്രമല്ല, അപ്പസ്തോലപ്രവർത്തനങ്ങളിലും പൗലോസിന്റെ ലേഖനങ്ങളിലും പരാമർശിക്കുന്ന "മർക്കോസ് എന്ന അപരനാമമുള്ള യോഹന്നാൻ" ഈ മർക്കോസ് തന്നെയാണ് എന്നും അഭിപ്രായമുണ്ട് (അപ്പ. 12.12,25; 13.5,13; 15.37,39; കൊളോ 4.10; 2 തിമോ 4.11; ഫിലെ 24).

### സുവിശേഷത്തിന്റെ ഉദ്ദേശ്യം

റോമിലെ വിജാതീയ ക്രിസ്ത്യാനികൾക്കുവേണ്ടിയാണ് മർക്കോസ് സുവിശേഷം എഴുതിയത് എന്ന പുരാതന പാരമ്പര്യത്തോട് (പപ്പിയാസ്, എവുസേബിയൂസ്, ഇരണേവൂസ്, ഒരിജൻ, അലക്സാൺഡ്രിയായിലെ ക്ലെമന്റ്, ജറോം, എഫ്രേം തുടങ്ങിയവർ) പല ആധുനിക പണ്ഡിതരും യോജിക്കുന്നു. പാലസ്തീൻകാരല്ലാത്ത വിജാതീയർക്കുവേണ്ടിയാണിതു രചിക്കപ്പെട്ടത് എന്നതിനു ചില സൂചനകൾ സുവിശേഷത്തിൽ തന്നെയുണ്ട്. അവർക്കുവേണ്ടി മർക്കോസ് ചില അറമായ പദങ്ങളും ശൈലികളും വിവർത്തനം ചെയ്യുകയും (cf. 3.17, 5.41; 7.11, 34; 14.36; 15.22, 34) യഹൂദരുടെ ചില ആചാരാനുഷ്ഠാനങ്ങൾ വിവരിക്കുകയും ചെയ്യുന്നു (cf. 7.3,4; 14.12; 15.42). സുവിശേഷത്തിന്റെ ഗ്രീക്കുമൂലത്തിൽ സുലഭമായിക്കാണുന്ന ലത്തീൻപദങ്ങളും ഈ റോമൻ ലക്ഷ്യമാണ് വ്യക്തമാക്കുന്നത്. മത്തായി എഴുതിയ സുവിശേഷത്തിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പിക്കുന്നു. ഈ പ്രത്യേകരീതി മർക്കോസ് വളരെ വിരളമായേ അവലംബിക്കുന്നുള്ളൂ. നേരേമറിച്ച് വിജാതീയർക്കുള്ള യേശുവിന്റെ ദൗത്യത്തിന് മർക്കോസ് സവിശേഷമായ ഊന്നൽ നൽകുന്നു. (cf. മർക്കോ 5.1,41; 7.24,37; 8.1,10; 11.17 തുടങ്ങിയവ) മാത്രമല്ല യഹൂദനിയമങ്ങളോടും ആചാരാനുഷ്ഠാനങ്ങളോടുമുള്ള വ്യക്തമായ എതിർപ്പ് അദ്ദേഹം പ്രകടമാക്കുന്നുമുണ്ട് (cf. മർക്കോ 2.1, 3:6; 7.1,23). മർക്കോസ് വിജാതീയ ക്രൈസ്തവസമൂഹത്തിനുവേണ്ടി എഴുതിയെന്നാണ് സുവിശേഷത്തിലെ ആന്തരികമായ ഈ തെളിവുകളിൽ നിന്നു നാം മനസ്സിലാക്കേണ്ടത്.

### രചന: സ്ഥലവും കാലവും

മുൻപറഞ്ഞ കാര്യങ്ങളിൽ നിന്ന് അസന്നിഗ്ദമായ തെളിവ് ലഭിക്കുന്നില്ലെങ്കിലും, മർക്കോസിന്റെ സുവിശേഷത്തിന്റെ ഉത്ഭവം റോമായിലാണെന്നുള്ളതാണ് ഉറച്ച ആദിമപാരമ്പര്യം. റോമിലെ മർദ്ദിതസഭ സുവിശേഷ രചനാവേളയിൽ മർക്കോസിന്റെ മുന്നിലുണ്ടായിരുന്നതുകൊണ്ടാകാം, യേശുവിനെ അനുഗമിക്കാനാഗ്രഹിക്കുന്നവർ ആത്മപരിത്യാഗത്തിനും പീഡാസഹനത്തിനും തയ്യാറാകണമെന്നാണ് മർക്കോസ് ഊന്നിപ്പറയുന്നത്. രചനാകാലം കൃത്യമായി പറയാൻ ബുദ്ധിമുട്ടുണ്ടെങ്കിലും എ.ഡി. 64നും 70-നും ഇടയ്ക്കാണെന്ന് മിക്ക പണ്ഡിതരും അഭിപ്രായപ്പെടുന്നു.

### മർക്കോസിന്റെ ശൈലി

നാലു സുവിശേഷങ്ങളിൽ ഏറ്റവും ചെറുതാണ് മർക്കോസിന്റേത്. അദ്ദേഹത്തിന്റെ ഭാഷ വളരെ വ്യക്തവും ലേഖനശൈലി ലളിതവും സജീവവുമാണ്. യേശുസംഭവത്തിന്റെ ഗതിവേഗം ഭാഷയിൽ ദൃശ്യമാണ്. ദൈവശാസ്ത്രമൊന്നുമറിയാത്ത സാധാരണക്കാർക്ക് ഇഷ്ടപ്പെടുന്ന ഓജ

സ്സുള്ള, ചടുലമായ ഭാഷയാണ് അതിനുള്ളത്. ഹൃദയഹാരിയായ ഒരു ആഖ്യാനമായി മർക്കോസിന്റെ സുവിശേഷത്തെ എല്ലാവരും തന്നെ കരുതുന്നു.

എന്നാൽ യേശുവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും പറ്റി ലളിതവും ഋജുവുമായ ഒരു വിവരണമല്ല മർക്കോസിന്റേത്. യേശു പാരമ്പര്യങ്ങൾ സമാഹരിച്ച് ആഖ്യാനരൂപത്തിലാക്കുക മാത്രമല്ല സുവിശേഷകൻ ചെയ്തത്. യേശുവിന്റെ വചനങ്ങൾ, പ്രവൃത്തികൾ, പീഡാനുഭവം, മരണം ഇവയുടെ പ്രാധാന്യത്തെപ്പറ്റി അഗാധമായ ബോധ്യവും അവഗാഹവുമുണ്ടായിരുന്നു മർക്കോസിന്. ചില ദൈവശാസ്ത്രപരമായ ഉദ്ദേശ്യങ്ങളും പ്രബോധനപരമായ താത്പര്യങ്ങളും അദ്ദേഹത്തെ നയിച്ചിരുന്നു. സ്ഥലകാലങ്ങൾക്കനുസൃതം, അനുക്രമമായി യേശുസംഭവം അവതരിപ്പിക്കുകയായിരുന്നില്ല മർക്കോസിന്റെ മുഖ്യലക്ഷ്യം. മർക്കോസ് സുവിശേഷത്തിൽ പ്രതിപാദിക്കുന്ന വിവിധ പാരമ്പര്യങ്ങളെ ദുർബലമായി കൂട്ടിയിണക്കിയിരിക്കുന്നത് ''വീണ്ടും'', ''എന്നിട്ട്'', ''ഉടൻ'', ''അവിടെ നിന്ന്'', ''അവൻ പോയി'' തുടങ്ങിയ പ്രയോഗങ്ങളിലൂടെയാണ്. ഇവ ജീവചരിത്രപരമോ കാലാനുക്രമമോ ആയ പ്രത്യേക ഉദ്ദേശ്യങ്ങൾ ഒന്നും വെളിപ്പെടുത്തുന്നില്ല.

സമാനമായ പാരമ്പര്യ വസ്തുതകൾ ഉൾക്കൊള്ളുന്ന പലഗണങ്ങൾ മർക്കോസിന്റെ സുവിശേഷത്തിലുണ്ട്. അതായത് 2.1-3.6ൽ അഞ്ച് വിവാദവിവരണങ്ങളും (conflict stories) 4.1-34 ൽ വിത്തിന്റെ മൂന്ന് ഉപമകളും 4.35-5.43ൽ യേശുവിന്റെ നാല് അദ്ഭുതങ്ങളുടെ വിവരണവും 11.27 -12.37 ൽ മറ്റൊരു ഗണം വിവാദങ്ങളും കാണാം. ഈ ഗണങ്ങൾ സുവിശേഷരചനയ്ക്കു മുമ്പു തന്നെ ഉണ്ടായിരുന്നവയായിരിക്കണം. സുവിശേഷത്തിലെ ഇവയുടെ ക്രമീകരണം കാലാനുക്രമമോ ജീവചരിത്രപരമോ എന്നതിലുപരി പ്രമേയപരമായ ഒരു പരിഗണനയാണ് വെളിപ്പെടുത്തുന്നത്. എന്തായാലും സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന ക്രമത്തിലല്ല ഈ സംഭവങ്ങൾ നടന്നത്.

ഒരു സംഭവ വിവരണത്തിനിടയ്ക്ക് മറ്റൊന്ന് തിരുകിക്കയറ്റുന്ന ഒരു പ്രത്യേക രചനാശൈലി മർക്കോസിന്റെ സുവിശേഷത്തിൽ കാണാം. 3.21-35 നുള്ളിൽ 3.22-30; 5.21-43 നുള്ളിൽ 5.25-34; 6.7-30 നുള്ളിൽ 6.14-29; 11.12-26 നുള്ളിൽ 11.15-19 തുടങ്ങിയവ സാഹിത്യപരമായ ഈ രചനാതന്ത്രത്തിന് ഉദാഹരണമാണ്. യേശുവിന്റെ ശുശ്രൂഷയെ സംബന്ധിച്ചുള്ള പൊതുവായ സംക്ഷിപ്ത പ്രസ്താവനകൾ (cf. 1.32,34,39,45; 2.13; 3.7,12; 6.6b,53.,56; പ്രത്യേകമായി 1.14,15) വരാൻ പോകുന്ന സംഭവങ്ങളെക്കുറിച്ചു ശ്രോതാക്കൾക്ക് നല്കുന്ന മുന്നറിയിപ്പ് (4:1നു മുമ്പ് 3.9; 3.31,35നു മുമ്പ് 3.21; 11.15, 18നു മുമ്പ് 11.11;14.66,72 നു മുമ്പ് 14.54) ഇവയും സുവിശേഷകന്റെ പ്രത്യേക ശൈലിയാണ്.

## സുവിശേഷത്തിന്റെ ഘടന

**പ്രാരംഭം 1.1-13**

**ഭാഗം 1 യേശുവിന്റെ മിശിഹാത്വത്തെയും രാജ്യത്തെയും സംബന്ധിച്ച രഹസ്യം (1:14-8:26)**

| | | |
|---|---|---|
| **A** | **ഗലീലിയിലെ ശുശ്രൂഷയുടെ ആരംഭം** | 1.14-3.6 |
| | 1 സംഗ്രഹ പ്രസ്താവന | 1.14-15 |
| | 2 ആദ്യശിഷ്യരെ വിളിക്കുന്നു | 1.16-20 |
| | 3 ഹൃദയാന്ധത | 3.1-6 |
| **B** | **യേശു ശിഷ്യന്മാരുടെയും ജനക്കൂട്ടത്തിന്റെയും കൂടെ** | 3.7-6.6a |
| | 1. സംഗ്രഹ പ്രസ്താവന | 3.7-12 |
| | 2. പന്ത്രണ്ടുപേരെ നിയോഗിക്കുന്നു | 3.13-19 |
| | 3. വിശ്വാസരാഹിത്യവും ഇടർച്ചയും | 3.20-6.6a |
| **C** | **ശിഷ്യന്മാർക്ക് യേശു സ്വയം വെളിപ്പെടുത്തുന്നു** | 6.6b-8.21 |
| | 1. സംഗ്രഹ പ്രസ്താവന | 6.6 |
| | 2. ശിഷ്യന്മാരുടെ പ്രേഷിതദൗത്യം | 6.7-13 |
| | 3. ഹൃദയാന്ധത | 8.17-21 |
| | വഴിത്തിരിവ്: അന്ധനെ സുഖപ്പെടുത്തുന്നു | 8.22-26 |

**പത്രോസിന്റെ മിശിഹാത്വ പ്രഖ്യാപനം (8.27-30)**

**ഭാഗം II മനുഷ്യപുത്രരഹസ്യം (8.31–16.8)**

| | | | |
|---|---|---|---|
| **A** | **മനുഷ്യപുത്രന്റെ വഴി** | | 8.31–10.52 |
| | 1 പീഡാനുഭവ പ്രവചനം | 2 അജ്ഞത | 3 പ്രബോധനം |
| | 8.31 | 8.32–33 | 8.34–9.1 |
| | 9.31 | 9.32 | 9.33–37 |
| | 10.33–34 | 10.35–41 | 10.42–45 |
| | അന്ധനെ സുഖപ്പെടുത്തുന്നു | | 10.46–52 |
| **B** | **യേശുവിന്റെ ജറുസലെം ശുശ്രൂഷ** | | 11.1–13.37 |
| **C** | **യേശുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം** | | 14.1–16.8 |

**മർക്കോസ് 16.9–20**

# മർക്കോസ് 1.1 – 13 പ്രാരംഭം

### മർക്കോസ് 1.1 ശീർഷകം

സുവിശേഷം മുഴുവന്റെയും തലവാചകമാണ് പ്രാരംഭവാക്യം. ഇത് സുവിശേഷഗ്രന്ഥത്തിന്റെ പ്രമേയവും പ്രേരകശക്തിയും പ്രകടമാക്കുന്നു. സുവിശേഷത്തിന്റെ മുഴുവൻ ഉള്ളടക്കം - ക്രിസ്തുവും ദൈവപുത്രനുമായ യേശുവിന്റെ വ്യക്തിത്വം - വിസ്മയനീയമാംവിധം സംഗ്രഹിച്ചിരിക്കയാണ് ഈ വാക്യത്തിൽ. തലവാചകം എന്നതിലുപരി, ക്രൂശിതനായ നസ്രത്തിലെ യേശു, ഉത്ഥിതനായ ക്രിസ്തുവായി, ദൈവപുത്രനായി ഇപ്പോഴും ജീവിക്കുന്നു എന്ന സുവിശേഷകന്റെയും അദ്ദേഹം ഉൾപ്പെട്ട സമൂഹത്തിന്റെയും വിശ്വാസ പ്രഖ്യാപനമാണിത്.

''സുവിശേഷം'' എന്ന വാക്ക് ആദിമസഭയിൽ സാധാരണ പ്രയോഗത്തിലിരുന്ന ഒരു പദമായിരുന്നു. ക്രൈസ്തവ സന്ദേശത്തെ സൂചിപ്പിക്കുന്ന ഒരു സാങ്കേതിക പദമെന്ന നിലയിൽ ''സുവിശേഷം'' അർത്ഥമാക്കുന്നത് യേശു എന്ന വ്യക്തിയിലൂടെ ദൈവം നിർവഹിച്ച രക്ഷാകരപ്രവൃത്തികളെയാണ്. ഈ ''സദ്വാർത്ത'' യാണ് അപ്പസ്തോലൻമാർ പ്രസംഗിച്ചത്. വാചികപ്രഘോഷണങ്ങളെ അഥവാ അപ്പസ്തോല പ്രസംഗത്തെ സൂചിപ്പിക്കുവാനാണ് 'സുവിശേഷം' എന്ന പദം ആദ്യകാലത്ത് ഉപയോഗിച്ചിരുന്നത്. വാചികപ്രഘോഷണതലത്തിൽ നിന്ന് ഈ പദത്തെ സാഹിത്യ രചനാതലത്തിലേക്ക് ആദ്യമായി കൊണ്ടുവന്ന ക്രൈസ്തവ ഗ്രന്ഥകാരനാണ് മർക്കോസ്. പുതുതായി രൂപം കൊണ്ട 'സുവിശേഷങ്ങൾ' എന്നറിയപ്പെടുന്ന സാഹിത്യ പ്രസ്ഥാനത്തിന്റെ പ്രോദ്ഘാടകനും അദ്ദേഹം തന്നെ.

ആദിമസഭയിൽ പ്രഘോഷിതമായ രക്ഷാകര സന്ദേശത്തിന്റെ 'ആരംഭം' കണ്ടുപിടിക്കാനാണ് സുവിശേഷകൻ ശ്രമിക്കുന്നതെന്ന് തലവാചകം വ്യക്തമാക്കുന്നു. യേശുവിന്റെ ശുശ്രൂഷയിലും മരണത്തിലും ഉത്ഥാനത്തിലും ഉദയം ചെയ്ത രക്ഷയുടെ പുതുയുഗത്തിന്റെ വേരുകളും അവ ആഞ്ഞിറങ്ങിയ മണ്ണും അദ്ദേഹം അന്വേഷിക്കുന്നു. മറ്റു വാക്കുകളിൽ, പ്രഘോഷിതമായ രക്ഷയുടെ സദ്വാർത്ത യേശുവിന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും നിർവഹിക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളിൽ കൊണ്ടു ചെന്നെത്തിക്കുകയാണ് മർക്കോസിന്റെ ലക്ഷ്യം. അതുകൊണ്ട്, സുവിശേഷത്തിന്റെ 'ആരംഭം' (1.1) സ്നാപകയോഹന്നാന്റെ ദൗത്യവിവരണം മുതൽ (1.2ff) യേശുവിന്റെ ഉത്ഥാനസംഭവവിവരണം വരെ (16.1–8) യുള്ള സകല സംഭവങ്ങളെയുമാണ് സൂചിപ്പിക്കുന്നത്. മർക്കോസ് 1.1 നും ഉത്പത്തി 1.1 നും തമ്മിലുള്ള സാമ്യവും ശ്രദ്ധേയമാണ്. മർക്കോസിനെ സംബന്ധിച്ചിടത്തോളം യേശുവിന്റെ ശുശ്രൂഷ പുതിയൊരു ആരംഭത്തെയും പുതിയൊരു സൃഷ്ടിയെയും കുറിക്കുന്നു.

### മർക്കോസ് 1.2–8 സ്നാപകയോഹന്നാൻ

ജനത്തെ എന്നേക്കുമായി മോചിപ്പിക്കുവാൻ ദൈവം അന്തിമമായി ഇടപെടുന്നതിനുമുമ്പ് ഏലിയാ പ്രവാചകൻ വീണ്ടും വരുമെന്ന് പലരും പ്രതീക്ഷിച്ചിരുന്നു. ഈ പ്രതീക്ഷയുടെ സൂചന കൾ പഴയനിയമത്തിൽ പല സ്ഥലത്തും കാണാം (മലാ 3.1; 4.5-6; പ്രഭാ 48.9-10; ഏശ 40.3). ഇവ യിൽ രണ്ടെണ്ണം മർക്കോസ് ഉദ്ധരിക്കുന്നുമുണ്ട്. (മലാ 3.1; ഏശ 40.3) സ്നാപകയോഹന്നാനെയും മിശിഹായുടെ വരവിൽ അദ്ദേഹത്തിനുള്ള പങ്കിനെയും അവതരിപ്പിക്കുകയാണ് മർക്കോസിന്റെ ലക്ഷ്യം. യോഹന്നാന്റെ വേഷവിധാനങ്ങൾ സംബന്ധിച്ച വിവരണം തന്നെ ഏലിയായെ പ്രതിബിം ബിപ്പിക്കുന്നതാണ് (2 രാജാ 1.8). മർക്കോ 9.9-13ൽ സ്നാപകയോഹന്നാനെ ഏലിയായായി അവത രിപ്പിച്ചിരിക്കുന്നതും കാണാം (cf. മത്താ 11.14).

തന്റെ തന്നെ വ്യക്തിത്വം കൊണ്ടല്ല, മിശിഹായുടെ മുന്നോടി എന്ന നിലയിലാണ് മർക്കോ സിന്റെ സുവിശേഷത്തിൽ സ്നാപകയോഹന്നാന്റെ പ്രാധാന്യം. പ്രവാചകതുല്യമായ രൂപഭാവം, വചനം, അനുരഞ്ജനസ്നാനം, മരണം എന്നിവ വഴി യോഹന്നാൻ തന്റെ ദൗത്യം നിറവേറ്റുന്നു (cf. മർക്കോ 6.14-29).

### മർക്കോസ് 1.9-11 യേശുവിന്റെ ജ്ഞാനസ്നാനം

പാപികളായ ജനം എന്ന യാഥാർഥ്യത്തിലേക്ക് യേശു ഇറങ്ങിച്ചെല്ലുന്ന ആദ്യസന്ദർഭമാണിത്. ദൈവവുമായുള്ള അനുപമബന്ധം ('കണ്ടും' 'കേട്ടും') അനുഭവിക്കുന്നയാളായി യേശുവിനെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. അവിടന്ന് ദൈവത്തിന്റെ പ്രിയപുത്രനാണ്. യേശുവിന്റെ ജ്ഞാന സ്നാനത്തിന്റെ അർഥം അവിടന്ന് ദർശിക്കുകയും ശ്രവിക്കുകയും ചെയ്ത കാര്യങ്ങളിൽ സൂചിത മാണ്. ആകാശം പിളർന്ന് ആത്മാവ് ഇറങ്ങിവന്നതും സ്വർഗത്തിൽനിന്ന് സ്വരമുണ്ടായതും യേശു വിനെ തന്റെ ദൗത്യത്തിനായി നിയോഗിക്കുന്ന ദൈവികവെളിപാടിലേക്ക് വിരൽ ചൂണ്ടുന്നു. ജന ത്തിന്റെ ആത്യന്തിക വിമോചനത്തിന് ദൈവം എത്രയും വേഗം ഇടപെടണമെന്ന് ഏശ 64.1ൽ കാണുന്ന പ്രാർത്ഥനയിലും, ''ആകാശം പിളരുക'' എന്ന പ്രയോഗമുണ്ട്: ''കർത്താവേ ആകാശം പിളർന്ന് ഇറങ്ങിവരണമേ.''

''നീ എന്റെ പ്രിയപുത്രനാകുന്നു; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' എന്ന സ്വർഗീയ പ്രഖ്യാപനത്തിന് യേശുവിനെയും അവിടത്തെ ദൗത്യത്തെയും സംബന്ധിച്ച് പ്രത്യേകമായ അർത്ഥ മുണ്ട്. ഈ വാക്കുകൾ യേശുവിനോടാണ് പറയപ്പെട്ടത് (എന്നാൽ 9.7ൽ വ്യത്യാസമുണ്ട്). യേശു വിന്റെ ദൈവികമായ പുത്രസ്ഥാനവും നിർദിഷ്ടമായ ദൗത്യവും ഈ വാക്കുകൾ വ്യക്തമാക്കുന്നു. പ്രിയപുത്രൻ എന്ന പ്രയോഗം ഏശ 42:1 നെയായിരിക്കണം പ്രതിധ്വനിപ്പിക്കുന്നത്; അതോടൊപ്പം സഹനദാസന്റെ ജീവിതഭാഗധേയവും, 'പ്രിയ' എന്ന പദം 'ഒരേ ഒരു' അഥവാ 'അനന്യം' എന്നും തർജുമ ചെയ്യാം. ബലി കഴിക്കാൻ കൊണ്ടുപോയ ഇസഹാക്കിനെയും ''ഏകപുത്രൻ'' എന്നാണ് വിശേഷിപ്പിക്കുന്നത്, ''നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെ... ഞാൻ കാണിച്ചുത രുന്ന മലമുകളിൽ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം'' (ഉത്പ. 22.2; cf. 22.12). മർക്കോ 12.16 ലും ഇതേ പദപ്രയോഗം കാണാം. യേശുവിന്റെതന്നെ പീഡാസഹനത്തെക്കുറിച്ചുള്ള പ്രതീ കാത്മക സൂചനയാണിത് (cf. മർക്കോ 9.7;10.38 ലെ ''ജ്ഞാനസ്നാനം'' എന്ന പദത്തിനും യേശു വിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും പ്രതീകാത്മക സൂചനയാണുള്ളത്.)

യേശുവിന്റെ ഈ പുത്രസ്ഥാനപ്രഖ്യാപനം പീഡാനുഭവത്തിലൂടെ ദൈവരാജ്യം സ്ഥാപിക്കു വാനുള്ള അവിടത്തെ ദൗത്യത്തെയും വെളിപ്പെടുത്തുന്നു.

## യേശുവിന്റെ ജ്ഞാനസ്നാനാനുഭവം

### മർക്കോസ് 1.12-13 പ്രലോഭനം

യേശു തന്റെ ജ്ഞാനസ്നാനത്തിലൂടെ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുകയായിരുന്നു. യേശുവിന്റെ ശുശ്രൂഷയിൽ ദൈവത്തെ എതിർക്കുന്ന ദുഷ്ടശക്തികളുമായി ഒരു ഏറ്റുമുട്ടൽ അനി വാര്യമാണെന്ന് മർക്കോസ് പറയുന്നു. മരുഭൂമിയിലെ പരീക്ഷ പ്രതീകാത്മകമായി അവതരിപ്പിക്കു ന്നത് ഇതാണ് (1.12-13).

മർക്കോസ് വിവരിക്കുന്ന പ്രലോഭന വിവരണം ഹ്രസ്വമാണ്. യേശു ''സാത്താനാൽ പരീക്ഷി ക്കപ്പെട്ടു'' എന്നു പറഞ്ഞവസാനിപ്പിക്കാനാണ് മർക്കോസിനിഷ്ടം. ദൈവിക പദ്ധതിക്കും അവി ടത്തെ തിരുവിഷ്ടത്തിനും ജ്ഞാനസ്നാനാവസരത്തിൽ യേശുനടത്തിയ സമർപ്പണത്തിന്റെ അന ന്തരഫലമായാണ് സാത്താനോടുള്ള പോരാട്ടത്തെ അദ്ദേഹം അവതരിപ്പിക്കുന്നത്. സ്വർഗം തുറന്നി

റങ്ങിയ പരിശുദ്ധാത്മാവാണ് ദുഷ്ടാരൂപികളുടെ വിഹാരരംഗമായി കരുതപ്പെട്ടിരുന്ന മരുഭൂമിയിലേക്ക് യേശുവിനെ നയിക്കുന്നതെന്നതും ജ്ഞാനസ്നാന സംഭവത്തോട് ബന്ധപ്പെട്ടു നില്ക്കുന്നു.

''നാല്പതു ദിവസ''മെന്നത് ഒരു നീണ്ട കാലയളവിനെ സൂചിപ്പിക്കുന്നു. പ്രലോഭനം അഥവാ സാത്താനുമായുള്ള ഏറ്റുമുട്ടൽ യേശുവിന്റെ ശുശ്രൂഷയുടെ ഒരു പ്രത്യേകതയാണെന്നാണ് പ്രതീകാത്മകമായിട്ട് അർഥമാക്കുന്നത്. പിതാവ് നല്കിയ ദൗത്യത്തോട് വിശ്വസ്തനായിരിക്കാനുള്ള യേശുവിന്റെ ദൃഢനിശ്ചയത്തിന്റെ ഫലമാണ് ദൈവത്തിന്റെ എതിരാളിയുമായുള്ള സംഘട്ടനവും അവന്റെ മേലുള്ള വിജയവും. യേശുവിന് തന്റെ ശുശ്രൂഷയിലുടനീളം ദൈവവിരുദ്ധ ശക്തികളുമായി ഏറ്റുമുട്ടേണ്ടിയിരുന്നു. അതുകൊണ്ടാണ് സാത്താന്റെമേൽ യേശു നേടിയ വിജയത്തെക്കുറിച്ച് മർക്കോസ് ഇവിടെ ഒന്നും പറയാത്തത്. അവിടത്തെ അഭിമുഖീകരിക്കുന്ന തിന്മയുടെ പ്രതീകമായിരുന്നു വന്യമൃഗങ്ങളുടെ സാന്നിധ്യം. തിന്മയ്ക്കെതിരേ ചെറുത്തു നില്ക്കാൻ യേശുവിന് സംലബ്ധമായ ദൈവികശക്തിയുടെ പ്രതീകമായി മാലാഖമാരും നില്ക്കുന്നു. മാലാഖമാരെയും വന്യമൃഗങ്ങളെയും പറ്റി പ്രതിപാദിക്കുന്ന സങ്കീർത്തനം 91.11-13, യേശുവിന്റെ പ്രലോഭന വിവരണത്തിൽ മത്തായിയും (4.6) ലൂക്കായും (4.10-11) ഉദ്ധരിക്കുന്നുണ്ട്. ദുഷ്ടശക്തിയെ ദൈവികശക്തികൊണ്ട് യേശു അതിജീവിക്കുന്നുണ്ട്. അവിടന്ന് നടത്തിയ ബാധോച്ചാടനം ഇതു കൂടുതൽ വ്യക്തമാക്കും (മർക്കോ 3.27).

യേശു തന്റെ പ്രലോഭനത്തിൽപോലും തിന്മയുടെ ശക്തികൾക്കടിപ്പെട്ട പാപമുള്ള മനുഷ്യകുലത്തോട് താദാത്മ്യപ്പെടുകയാണ്. ''ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാകാര്യങ്ങളിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ'' എന്ന് ഹെബ്രായർക്കുള്ള ലേഖനത്തിൽ (4.15) നാം വായിക്കുന്നുണ്ടല്ലോ.

## ഗലീലിയിലെ ശുശ്രൂഷ: 1.14-45 ആദ്യസംഭവങ്ങൾ

### മർക്കോ 1.14-15 ദൈവരാജ്യപ്രഖ്യാപനം

ആദ്യശിഷ്യന്മാരെ വിളിക്കുന്നതോടുകൂടിയാണ് യേശുവിന്റെ ശുശ്രൂഷാവിവരണം ആരംഭിക്കുന്നത് (1.16-20). പ്രാരംഭത്തിൽനിന്ന് (1.1-13) യേശുവിന്റെ പ്രേഷിത ശുശ്രൂഷയിലേക്കുള്ള (1.16ff) സുഗമമായ ഒരു വഴിത്തിരിവാണ് 1.14-15 ലെ മുഖവുര. യേശു ദൗത്യത്തിന്റെ സംഗ്രഹമെന്നനിലയിലും പ്രാരംഭമെന്ന നിലയിലും ഈ മുഖവുരയ്ക്കു പ്രസക്തിയുണ്ട്. എന്താണതിന്റെ പ്രാധാന്യമെന്ന് നമുക്ക് നോക്കാം.

### 1.14 പ്രഖ്യാപനത്തിന്റെ കാലവും സ്ഥലവും

1 *''യോഹന്നാൻ ബന്ധനസ്ഥനായപ്പോൾ''* യേശുവിന്റെ ശുശ്രൂഷാ കാലഘട്ടം സ്നാപകയോഹന്നാന്റേതിൽനിന്ന് വ്യതിരിക്തമായിരുന്നു. ''യോഹന്നാൻ ബന്ധനസ്ഥനായപ്പോഴാണ്'' യേശു തന്റെ ശുശ്രൂഷ ആരംഭിക്കുന്നത്. സമയത്തിന്റെ ഈ വ്യതിരിക്തത യാദൃച്ഛികമായി സംഭവിച്ചതല്ല. സ്നാപകന്റെ ഭാഗധേയം യേശുവിന്റെ തന്നെ ഭാഗധേയത്തിന്റെ പ്രതിരൂപമാണെന്ന് സൂചിപ്പിക്കാനാണ് സുവിശേഷകൻ ശ്രമിക്കുന്നത്. സ്നാപകൻ പിടിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തതുപോലെ (6.17-29) യേശുവും ബന്ധിതനാകും, വധിക്കപ്പെടും (മർക്കോ 9.31; 10.33; 14.21, 41; 15.1, 10, 15). തുടക്കത്തിലേതന്നെ യേശുവിന്റെമേൽ കുരിശിന്റെ നിഴൽ വീണിരുന്നുവെന്ന് സാരം.

2 *''യേശു ഗലീലിയിലേക്കു വന്നു'':* മർക്കോസിനെ സംബന്ധിച്ചിടത്തോളം ദൈവശാസ്ത്രപരമായി സുപ്രധാനമായ ഒരു പ്രദേശമാണ് ഗലീലി. കാരണം, യേശു തന്റെ ദൗത്യം ഉദ്ഘാടനം ചെയ്തത് വിശുദ്ധനഗരമായ ജറുസലെമിലല്ല, ഗലീലിയിലായിരുന്നു. നിർധനരും തൊഴിലാളികളും വസിക്കുന്ന ഗലീലിയിലെ കുഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും ചെറുനഗരങ്ങളിലുമെല്ലാം അവി

ടന്ന് കർമനിരതനായിരുന്നു. നിശ്ചയമായും കരുതിക്കൂട്ടിയുള്ള ഒരു തിരഞ്ഞെടുപ്പുതന്നെ ഇത്. യേശുവിനോട് എതിർപ്പും ശത്രുതയും പ്രകടിപ്പിച്ച ജറുസലെം ഗലീലിയിൽ നിന്ന് വ്യത്യാസപ്പെട്ടു നില്ക്കുന്നു. യേശുവിനെ എതിർക്കുവാൻ നിയമജ്ഞർ ജറുസലെമിൽനിന്നു ഗലീലിയിലേക്കാണ് വന്നത് (മർക്കോ 3.22; 7.1). ജറുസലെമിലാണ് യേശു ശക്തമായ എതിർപ്പിനെ നേരിട്ടതും പരിത്യക്തനായി വധിക്കപ്പെട്ടതും. ശത്രുതയുടെയും വിദ്വേഷത്തിന്റെയും നഗരമാണ് ജറുസലെമെങ്കിൽ രക്ഷയുടെ സുന്ദരഭൂമിയാണ് ഗലീലി. ഉത്ഥിതനായ കർത്താവ് ശിഷ്യർക്ക് കാണപ്പെടുന്നത് ഗലീലിയിൽ വച്ചാണെന്നതും അർഥവത്തത്രേ (മർക്കോ 14.28; 16.7).

*3 ''ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട്'':*

ദൈവത്തിന്റെ സുവിശേഷം പ്രസംഗിക്കുകയാണ് യേശുവിന്റെ ജോലിയെന്ന് മർക്കോസ് അവതരിപ്പിക്കുന്നു. പ്രവർത്തനനിരതനായ ദൈവത്തിനാണ് ഇവിടെ പ്രാധാന്യം. ദൈവത്തിന്റെ പ്രവർത്തനത്തിനാണ് യേശുവിന്റെ പ്രസംഗത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നതും. ദൈവത്തിന്റെ സദ്വാർത്ത എന്നാൽ യേശുവിലൂടെ ദൈവം നിർണായകവും നവ്യവുമായ രീതിയിൽ ജനങ്ങളുടെ മേൽ ഭരണം ആരംഭിക്കുന്നു എന്നർത്ഥം.

**1.15 ദൈവരാജ്യം**

യേശുവിന്റെ സന്ദേശത്തിന്റെയും ശുശ്രൂഷയുടെയും സത്തും സാരവും ദൈവരാജ്യപ്രഖ്യാപനമാണ്. യേശു അവതരിപ്പിക്കുന്ന ദൈവരാജ്യത്തെക്കുറിച്ച് പ്രതീകാത്മകമായ പ്രസ്താവനകളും പ്രവൃത്തികളുമേ നമുക്കു ലഭിച്ചിട്ടുള്ളൂ. നാം സാധാരണ അർഥമാക്കുന്ന രീതിയിലുള്ള വെറുമൊരു 'രാജകീയശക്തി' യോ സ്ഥലകാലങ്ങളുടെ പരിധിയിലൊതുങ്ങുന്ന ഒന്നോ അല്ല ദൈവരാജ്യം. ദൈവം സ്വന്തം ജനങ്ങളുടെമേൽ നടത്തുന്ന രാജകീയമായ വാഴ്ചയെയും പ്രവർത്തനങ്ങളെയുമാണ് 'ദൈവരാജ്യ' മെന്ന പ്രതീകാത്മക സംജ്ഞ അർഥമാക്കുക.

പൗരസ്ത്യ ദർശനമനുസരിച്ച് രാജാവിന്റെ പ്രഥമവും പ്രധാനവുമായ ചുമതല രക്ഷയേകുക എന്നതാണ്; മർദകരായ ബലവാന്മാരിൽനിന്ന് ബലഹീനരെ രക്ഷിക്കുകയാണ്. ഇസ്രായേൽ ജനത്തിനുവേണ്ടി ദൈവം ചെയ്തതും ഇതുതന്നെയായിരുന്നു. ഈജിപ്തിലെ ശക്തരായ ഫറവോമാരിൽ നിന്ന് ദുർബലരായ ഇസ്രായേൽക്കാരെ രക്ഷിക്കുക വഴി, താനാണ് മനുഷ്യചരിത്രത്തിന്റെയും മനുഷ്യഭാഗധേയത്തിന്റെയും ഭരണകർത്താവ് എന്ന് ദൈവം കാട്ടിക്കൊടുക്കുന്നു.

പഴയ നിയമകാലത്തെ ജനങ്ങളുടെമേൽ ദൈവം തന്റെ രാജത്വം സ്ഥാപിച്ചത് സൃഷ്ടിപരവും രക്ഷാകരവുമായ പ്രവർത്തനങ്ങൾ വഴിയാണ്. എല്ലാത്തരം അടിമത്തങ്ങളിൽ നിന്നും അവിടന്നു അവരെ മോചിപ്പിച്ചു. അവരുടെ ചരിത്രപരമായ ജീവിതമുഹൂർത്തങ്ങളിൽ ഇടപെട്ട് തന്റെ കാരുണ്യവും നീതിയും പരിശുദ്ധിയും അവിടന്ന് പ്രദർശിപ്പിച്ചു. (പുറ 15.18; ഏശ 40.10) ഇവയിൽനിന്നു ദൈവത്തിന്റെ രാജത്വം അല്ലെങ്കിൽ ദൈവികഭരണം എന്തെന്ന് വ്യക്തമാക്കുന്നു.

ദൈവത്തിന്റെ മനുഷ്യചരിത്രത്തിലുള്ള ഈ വിമോചനാത്മകമായ ഇടപെടൽ എപ്പോഴും ഒന്നുപോലെയായിരുന്നില്ല മനസ്സിലാക്കിയിരുന്നത്. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളെക്കുറിച്ചുള്ള പ്രതീക്ഷയും പ്രത്യാശയും ചരിത്രഗതിയിൽ ഭിന്നരൂപങ്ങളിലാണ് പ്രകടിപ്പിക്കപ്പെട്ടത്. ദാവീദിന്റെ മഹാസാമ്രാജ്യം പുനഃസ്ഥാപിക്കുന്ന ഒരു രാഷ്ട്രീയ മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷ പഴയ നിയമത്തിൽ കാണാം (cf 2 സാമു 7.1-17). വ്യത്യസ്തങ്ങളായ മിശിഹാ പ്രതീക്ഷകൾ രൂപമെടുക്കുന്നത് ഇതിൽ നിന്നാണ്. സായുധവിപ്ലവം വഴി റോമൻ ഭരണത്തെ അട്ടിമറിക്കാനുള്ള തങ്ങളുടെ പരിശ്രമങ്ങളുമായി ചില തീവ്രവാദികൾ ദൈവരാജ്യത്തെ ബന്ധപ്പെടുത്തി. സകല തിന്മകളെയും അസാധാരണ ദുരന്തങ്ങൾ വഴി ഉന്മൂലനം ചെയ്തശേഷം ദൈവം തന്റെ രാജ്യം ആരംഭിക്കുമെന്ന് മറ്റു ചിലർ വിശ്വസിച്ചു. പാരമ്പര്യങ്ങളും നിയമങ്ങളും കർശനമായി പാലിക്കുമ്പോഴാണ് ദൈവരാജ്യം സ്ഥാപിതമാകുന്നതെന്ന് ഫരിസേയർ കരുതി.

പ്രതീക്ഷാനിർഭരമായ ഈ സന്ദർഭത്തിലാണ് യേശു രംഗത്തുവരുന്നതും ദൈവരാജ്യം പ്രഖ്യാപിക്കുന്നതും. ദൈവരാജ്യം എന്നതുകൊണ്ട് അവിടന്ന് അർഥമാക്കിയതെന്താണ്? അടിസ്ഥാനപരമായി നവീനവും തികച്ചും വ്യത്യസ്തവുമായ ഒന്ന്; ദൈവത്തിന്റെ രക്ഷാകരവും വിമോചനാത്മകവുമായ പ്രവർത്തനം, സകല തിന്മകളിലും എല്ലാവിധ ബന്ധങ്ങളിലും നിന്ന് മനുഷ്യരാശിയെ മോചിക്കുന്ന പിതാവിന്റെ നിരുപാധികവും അനന്തവുമായ സ്നേഹം - അതാണ് യേശുവിന്റെ ദൈവരാജ്യം.

പ്രഥമവും പ്രധാനവുമായി ദൈവരാജ്യമെന്നത് ലോകത്തിലേക്കും മനുഷ്യജീവനിലേക്കും ജീവിതാനുഭവങ്ങളിലേക്കും യേശു സംവഹിക്കുന്ന, പിതാവിന്റെ ശക്തവും സമൃദ്ധവുമായ സ്നേഹത്തിന്റെ എത്തിച്ചേരലാണ്; വെല്ലുവിളികൾ ഉയർത്തുന്നതാണ് ആ സ്നേഹം. അതു ദാന മാണ്; ഭാരിച്ച കർത്തവ്യമാണ്. അതായത് സൗജന്യമായി നൽകപ്പെടുന്ന ആ സ്നേഹസമ്മാനം സമുചിതമായി പ്രതികരിക്കപ്പെടണം. ഈ പ്രതികരണത്തെ ''അനുതാപ''മെന്നാണ് യേശു വിളി ക്കുന്നത്. നിർദേശകവും അനുജ്ഞായകവുമായ ഈ രണ്ട് ക്രിയാരൂപങ്ങളിലൂടെ ദൈവരാജ്യത്തെ പ്പറ്റിയുള്ള ദ്വിമുഖ വശങ്ങൾ - ദാനം, കർത്തവ്യം - മർക്കോ 1.15 ൽ വിശദീകരിക്കപ്പെടുന്നു.

'അനുതപിക്കുക' എന്ന വാക്കിന്റെ ഹീബ്രുമൂലാർത്ഥം: ''ഒരുവൻ മുമ്പ് ഏതു മാർഗത്തിലായി രുന്നുവോ ആ മാർഗം കണ്ടുപിടിക്കുക, അതായത് ഒരുവന്റെ അസ്തിത്വം മുഴുവനും ദൈവത്തി ലേക്ക് തിരിക്കുക എന്നതാണ്. പാപങ്ങളെക്കുറിച്ച് ദുഃഖിക്കുക എന്നല്ല, ദൈവത്താൽ സ്നേഹിക്ക പ്പെടാൻ അടിയന്തിരവും സമൂലവുമായ തീരുമാനമെടുക്കുക എന്നതാണ്. യേശുവിലൂടെ ദൈവം തരുന്ന നിരുപാധിക സ്നേഹമെന്ന ദാനമാണ് ദൈവരാജ്യമെങ്കിൽ, സൗജന്യമായി നല്കപ്പെടുന്ന ആ സ്നേഹത്തിനുള്ള ആത്മസമർപ്പണമാണ്; ശക്തിയേറിയ ആ ദൈവസ്നേഹത്തിൽ മുഴുവ നായി വീണുപോകുന്നതാണ് അനുതാപം. 'സുവിശേഷത്തിൽ വിശ്വസിക്കുവിൻ' എന്ന ആഹ്വാനം അനുതാപത്തിന്റെ വിളിയുടെ അർഥം സുവ്യക്തമാക്കുന്നു. യേശുതന്നെ ആയിരിക്കുന്നതും അവി ടന്ന് പ്രഖ്യാപിക്കുന്നതുമായ 'സുവിശേഷം' ഇതാണ്; ദൈവം എല്ലാവരെയും നിരുപാധികം സ്നേഹിക്കുന്നു. യേശു എന്ന വ്യക്തിയിൽ രാജ്യം സമീപസ്ഥമായിരിക്കുന്നു. ദൈവസ്നേഹ ത്തിന്റെ മനുഷ്യാവതാരമാണ്, നവ്യമായ ആ സാന്നിധ്യമാണ് ജനങ്ങൾ ഇവിടെ അഭിമുഖീകരിക്കു ന്നത്. ചരിത്രത്തിലൂടെയുള്ള ദൈവത്തിന്റെ നിർണായകവും ആത്യന്തികവുമായ ഇടപെടലാണ് യേശുവിലുള്ള രാജ്യം. അത് എല്ലാവർക്കും അഭിമുഖീഭവിക്കുന്നു. ദൈവരാജ്യം സമീപിച്ചിരിക്കു ന്നുവെന്ന് യേശു പറയുമ്പോൾ രക്ഷയുടെ യുഗാന്തസാഫല്യം, ദൈവത്തിന്റെ പരമമായ വിജയം, സമസ്ത പ്രതീക്ഷകളുടെയും സഫലീകരണം പടിവാതിൽക്കൽ വന്നിരിക്കുന്നുവെന്നാണു വിവ ക്ഷ. ഇതിന്റെ അർത്ഥം യേശുവിലൂടെ ദൈവം സമീപസ്ഥനായിരിക്കുന്നുവെന്നാണ്. ദൈവരാജ്യ ത്തെക്കുറിച്ച് വാക്കുകളിൽ മാത്രമല്ല പ്രവൃത്തികൾ വഴിയും യേശു പ്രഖ്യാപനം നടത്തി. ദൈവരാ ജ്യത്തിന് മറ്റൊരു അടിസ്ഥാനവശം കൂടിയുണ്ട്. ഭാവ്യോന്മുഖവും അന്തിമമായി പൂർണത പ്രാപി ക്കുന്നതുമായ ഒരു വർത്തമാനകാല യാഥാർത്ഥ്യമാണ് അത്. 'വന്നിരിക്കുന്നതും' 'വരാനിരിക്കുന്ന തു'മായ ഒരു യാഥാർഥ്യത്തെ സൂചിപ്പിക്കുന്ന ഒരു വൈരുദ്ധ്യാത്മക ശൈലി തന്നെ ഇത്. ദൈവ രാജ്യം വളരുകയും കാലത്തിന്റെ തികവിൽ അന്തിമഫലം പുറപ്പെടുവിക്കുകയും ചെയ്യും.

## മർക്കോസ് 1.16-20 ആദ്യശിഷ്യന്മാരെ വിളിക്കുന്നു

സുവിശേഷത്തിന്റെ ആദ്യഭാഗത്ത് ശിഷ്യന്മാരെ സംബന്ധിച്ചുള്ള മൂന്നു സുപ്രധാന വിവരണ ങ്ങളുണ്ട്: വിളി (1.16-20), സംഘമായി രൂപവത്കരണം (3.13-19), പ്രേഷിതദൗത്യം (6.7-13).

ദൈവരാജ്യം സംബന്ധിച്ചുള്ള പ്രഖ്യാപനം, അനുതാപത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ആഹ്വാനം എന്നിവ കഴിഞ്ഞയുടനെയാണ് ശിഷ്യരെ വിളിക്കുന്ന ഭാഗം വിവരിക്കുന്നത്. ദൈവരാ ജ്യമെന്ന ദാനത്തിന് പ്രത്യുത്തരം നല്കുന്നതിന്റെ അർഥം എന്തെന്ന് ഇതിലൂടെ മർക്കോസ് നമുക്കു കാണിച്ചുതരുന്നു.

### വിളി

വിളിയെ സംബന്ധിച്ച അർഥസമ്പുഷ്ടമായ ചില കാര്യങ്ങൾ ഈ വിവരണത്തിൽ കാണാം.

1. യേശുവാണ് വിളിക്കുന്നത്, അധികാരപൂർവംതന്നെ. നേരിട്ടും അധികാരത്തോടെയുമുള്ള ഈ വിളി, ദൈവം മോശയെയും മറ്റു പ്രവാചകരെയും വിളിച്ചതിന് തുല്യമാണ് (cf. പുറ 3.1 -10; ജറെ 1.4-10, എസെ 2.1-7 etc). യേശു നടത്തിയ വിളി അവിടത്തെ അനുഗമിക്കാനുള്ള തായിരുന്നു. യേശുവിന്റെ ഈ പ്രവൃത്തിയുടെ മൂന്നു വശങ്ങൾ - കടന്നുപോകുക, കാണു ക, വിളിക്കുക - മർക്കോസ് പ്രത്യേകം സൂചിപ്പിക്കുന്നത് ശ്രദ്ധാർഹമാണ്.
2. ഓരോരോ ജോലികളിൽ ഏർപ്പെട്ടിരുന്നവരുടെ ഇടയിലേക്കിറങ്ങിച്ചെന്ന് അവരുടെ ജീവിത സാഹചര്യങ്ങൾ കണ്ടറിഞ്ഞശേഷം ആ ജോലിക്കിടയിൽ നിന്നാണ് യേശു അവരെ വിളിച്ച ത്.
3. അനുഗമിക്കാനുള്ള വിളി പെട്ടെന്നുള്ളതും അടിയന്തിരവുമായിരുന്നു; അവരുടെ ജീവിതത്തി ന്റെമേൽ തനിക്കാണവകാശം എന്നു സ്ഥാപിക്കുന്നവിധമായിരുന്നു.

4. വിളിയുടെ ഉദ്ദേശ്യം ഇവിടെ വ്യക്തമാകുന്നില്ല. യേശുവിനോടുകൂടെ ആയിരിക്കുവാനും അവിടത്തെ ദൗത്യത്തിൽ പങ്കാളികളാകാനുമുള്ള ലക്ഷ്യങ്ങൾ പിന്നീട് മാത്രമാണ് അവരെ അറിയിച്ചത് (മർക്കോ 3.13-15; 6.7-13).

**പ്രത്യുത്തരം**

1. മുക്കുവരായ അവരുടെ പ്രത്യുത്തരം യേശുവിന്റെ വിളിപോലെതന്നെ പെട്ടെന്നുള്ളതും നിരുപാധികവുമായിരുന്നു.
2. പരിപൂർണ സമ്മതത്തോടെയും അനുസരണത്തോടെയുമാണ് അടിയന്തിരസ്വഭാവമുള്ള ആ വിളി അവർ കേട്ടത്.
3. ശിഷ്യത്വം പുതിയൊരു ജീവിതശൈലി ഉണ്ടാക്കുമെന്നതിനാൽ അതിനു തടസ്സം സൃഷ്ടിക്കുന്ന കാര്യങ്ങൾ മുഴുവൻ ഉപേക്ഷിക്കേണ്ടിവരും. ശിമയോനും അന്ത്രയോസും തങ്ങൾക്കാലംബമായിരുന്ന വലയും വള്ളവും മാത്രമല്ല, സമ്പത്തു മുഴുവനും ഉപേക്ഷിക്കുന്നു (cf. മർക്കോ 10.21,29). യാക്കോബും യോഹന്നാനും കുടുംബ ബന്ധങ്ങളാണ് വിഛേദിച്ചത്.
4. ദൈവരാജ്യത്തിലേക്കുള്ള വിളിക്കു നല്കിയ മറുപടിയുടെ അടയാളം അവരുടെ അനുസരണമായിരുന്നു. യേശുവിന്റെ വിളിയും, വിളികേട്ടവർ അതിനു നല്കുന്ന മറുപടിയുടെ ക്രിയാത്മകതയും, സുവിശേഷകൻ ഭംഗിയായി അവതരിപ്പിക്കുകയാണിവിടെ. ശിഷ്യത്വത്തിന്റെ മാർഗരേഖയായി ഇതു ഭവിക്കുന്നു.

**മർക്കോസ് 1.21–28**

## പഠിപ്പിക്കുകയും പിശാചു ബാധിതനെ സുഖപ്പെടുത്തുകയും ചെയ്യുന്ന യേശു

യേശു തന്റെ വചനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവരാജ്യം എന്ന ദാനം വെളിപ്പെടുത്തുകയും ലഭ്യമാക്കുകയും ചെയ്തു. അധികാരത്തോടെ പഠിപ്പിക്കുകയും ശക്തിയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന യേശുവിനെയാണ് മർക്കോസ് അവതരിപ്പിക്കുന്നത്. യേശുദൗത്യത്തിന്റെ ഈ രണ്ടു വശങ്ങളും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് 1.21-27 വ്യക്തമാക്കുന്നു. പിശാചുബാധിതനെ സുഖപ്പെടുത്തിയ സംഭവത്തിന്റെ അവസാനം ആ ബാധയൊഴിപ്പിക്കലിനെ ത്തന്നെ ജനങ്ങൾ ഒരു 'പുതിയ പ്രബോധനമായി' അംഗീകരിക്കുകയാണ് (1.27).

ദൈവികശക്തിയുള്ളവരെ തിരിച്ചറിയാൻ പിശാചുക്കൾക്ക് കഴിവുണ്ടെന്നു കരുതപ്പെട്ടിരുന്നു. യേശു ആരാണെന്ന് അവർക്കറിയാം. യേശുവിനെ കീഴ്പ്പെടുത്താനായിരിക്കണം ദുഷ്ടാരൂപി യേശുവിനെ പേരുപറഞ്ഞു വിളിക്കുന്നത് (1.24). പക്ഷെ പിശാചിന്റെമേൽ സർവാധികാരവും ഉണ്ടായിരുന്നതുകൊണ്ട് തന്റെ ആജ്ഞാവചനത്താൽ യേശു  അവനെ ബഹിഷ്കരിക്കുന്നു (1.25-26). ജനങ്ങളുടെ പ്രതികരണത്തിലൂടെയാണ് ഈ ബാധോച്ചാടനത്തിന്റെയും ഉപദേശങ്ങളുടെയും പരിണതഫലം സുവിശേഷകൻ വ്യക്തമാക്കുന്നത്. അവിടത്തെ ആധികാരികത (1.22) അവരെ വിസ്മയിപ്പിച്ചു; പിശാചിന്റെ മേലുള്ള ശക്തിപ്രകടനം (1.27) അവരെ അദ്ഭുതസ്തബ്ധരാക്കി.

**മർക്കോസ് 1.29–31**

## ശിമയോന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നു.

പിശാചുക്കളുടെ ശക്തിയിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കുവാൻ യേശുവിന്  കഴിയുമെന്ന് മുൻപറഞ്ഞ സംഭവം വ്യക്തമാക്കുന്നു. ഇവിടെയാകട്ടെ, രോഗത്തിന്റെ ശക്തിയിൽ നിന്നു മനുഷ്യനെ മോചിപ്പിക്കുന്നവനാണ് യേശു എന്ന് മർക്കോസ് പറയുന്നു (1.29-31). യേശു പ്രഖ്യാപിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളങ്ങളാണ് ആരോഗ്യപ്രാപ്തിയും സൗഖ്യവും. യേശുവിന്റെ സജീവമായ ദൈവികശക്തി മൂർത്തമായ മനുഷ്യജീവിതസാഹചര്യങ്ങളിൽ പ്രകടിപ്പിക്കപ്പെട്ടിരുന്നുവെന്ന് ഈ രണ്ടു സംഭവങ്ങളും വ്യക്തമാക്കുന്നു. ആദ്യത്തെ സംഭവത്തിൽ വചനത്തിന്റെ ശക്തിയാണ് പിശാചിനെ ബഹിഷ്കരിക്കുന്നതെങ്കിൽ (1.25-26) ഇവിടെ പ്രവൃത്തിയാണ് രോഗശാന്തിക്കു കാരണമാകുന്നത് (1.31).

## കർമ്മനിരതനും പ്രാർത്ഥിക്കുന്നവനുമായ യേശു  (മർക്കോസ് 1.32–39)

യേശുവിന്റെ കഫർണാമിലെ ഒരു ദിവസത്തെ പ്രവർത്തനങ്ങളാണ് - പഠിപ്പിച്ചതും ബാധയൊഴിപ്പിച്ചതും രോഗം ഭേദമാക്കിയതും - മർക്കോസ് 1.21-31 ൽ വിവരിക്കുന്നത്. അതുമാത്രമല്ല, വൈകുന്നേരവും യേശുവിന് തിരക്കാണ്. അപ്പോൾ അവിടന്ന് ചെയ്ത സവിശേഷ പ്രവൃത്തിക

ളുടെ സംക്ഷിപ്താഖ്യാനമാണ് 1.32–34. രോഗശാന്തിയിലൂടെയും ബാധോച്ചാടനത്തിലൂടെയും യേശു ജനത്തെ രോഗത്തിൽനിന്നും സാത്താന്റെ ശക്തിയിൽ നിന്നും മോചിപ്പിക്കുന്നു. കുറച്ചു പേരെ മാത്രമല്ല, എല്ലാവരെയും സുഖപ്പെടുത്തുകയായിരുന്നു യേശുവിന്റെ ശുശ്രൂഷയുടെ ലക്ഷ്യം. ''വളരെപ്പേരെ അവൻ സുഖപ്പെടുത്തി'' എന്ന് മർക്കോസ് എടുത്തു പറയുന്നു.

### നിഗൂഢ മിശിഹാത്വം

നിശബ്ദത പാലിക്കണമെന്നുള്ള യേശുവിന്റെ കൽപന മർക്കോസിന്റെ സുവിശേഷത്തിൽ കൂടെക്കൂടെ കാണാം. യേശുവിന്റെ മിശിഹാത്വവുമായി ബന്ധപ്പെട്ടുകിടക്കുന്ന നിഗൂഢതയുടെ ഒരു വിഷയമാണിത്; നിഗൂഢമിശിഹാത്വം (Messianic Secret) എന്ന് ഇതറിയപ്പെടുന്നു. തന്നെ തിരിച്ചറിഞ്ഞ അശുദ്ധാരൂപികളെ മാത്രമല്ല അവിടന്ന് നിശബ്ദരാക്കുന്നത് (1.25, 34; 3.12). തന്റെ വ്യക്തിത്വത്തെക്കുറിച്ച് മൗനം പാലിക്കണമെന്ന് ശിഷ്യന്മാരോടും അവിടന്ന് പറയുന്നു (8.30; 9.9). യേശുവിന്റെ ചില അദ്ഭുതങ്ങൾക്കും നല്കിയിട്ടുണ്ട് ഈ നിഗൂഢാത്മകത (1.44; 5.43; 7.36; 8.26).

### മർക്കോസ് 1.35–39

തിരക്കേറിയ തന്റെ ദൗത്യനിർവഹണത്തിനിടയിലും ജനങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി, ജ്ഞാനസ്നാനാവസരത്തിൽ ''നീ എന്റെ പ്രിയപുത്രനാകുന്നു'' എന്നു പറഞ്ഞ പിതാവുമൊത്ത് കഴിയാൻ അവിടന്ന് സമയം കണ്ടെത്തിയിരുന്നു. പിതാവിനോടും അവിടത്തെ തിരുവിഷ്ടത്തോടുമുള്ള അഭിമുഖദർശനത്തിന്റെ നിമിഷമായിരുന്നു യേശുവിനെ സംബന്ധിച്ചിടത്തോളം പ്രാർഥന - ദൈവഹിതം അറിയുവാനും അതിന് സ്വയം സമർപ്പിക്കാനുമുള്ള നിമിഷം. പിതൃസന്നിധിയിൽനിന്ന് സംഭരിക്കുന്ന ധൈര്യവും ശക്തിയും വഴി അവിടന്ന് ദൈവഹിതത്തിന് ആത്മസമർപ്പണം ചെയ്യുന്നു.

### മർക്കോസ് 1.40–45 കുഷ്ഠരോഗിയെ ശുദ്ധീകരിക്കുന്നു

ഒരു കുഷ്ഠരോഗിയെ ശുദ്ധനാക്കുന്ന സംഭവം വിവരിച്ചുകൊണ്ടാണ് മർക്കോസ് സുവിശേഷത്തിന്റെ ആദ്യ അധ്യായം അവസാനിപ്പിക്കുന്നത്. രോഗബാധിതൻ മാത്രമല്ല സമുദായഭ്രഷ്ടൻകൂടിയാണ് കുഷ്ഠരോഗി. യഹൂദനിയമപ്രകാരം, സാമൂഹികമായും ആചാരപരമായും അവൻ അശുദ്ധനാണ്, ബഹിഷ്കൃതനാണ് (cf ലേവ്യ 13–14). കുഷ്ഠരോഗിയുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവരും അശുദ്ധരായിരിക്കും. ഈ പശ്ചാത്തലത്തിൽവേണം പുതിയനിയമം കുഷ്ഠരോഗിയുടെ സുഖപ്രാപ്തിയെ ''ശുദ്ധീകരണം'' എന്നു വിളിക്കുന്നതിന്റെ അർഥം മനസ്സിലാക്കുവാൻ.

കുഷ്ഠരോഗികൾക്കെതിരേ യഹൂദമതവും സമൂഹവും വേലിക്കെട്ടുകൾ ഏർപ്പെടുത്തിയിരുന്നു. അവരെ സാമൂഹ്യവും മതപരവുമായ ചടങ്ങുകളിൽ നിന്ന് അകറ്റിനിർത്തുക മാത്രമല്ല, ആരാധനയ്ക്കുപോലും അനുവദിച്ചിരുന്നുമില്ല. അതുകൊണ്ടാണ് പുരോഹിതന് തന്നെത്തന്നെ കാണിച്ചുകൊടുക്കാനും കാഴ്ച സമർപ്പിക്കാനും യേശു അവനോട് നിർദേശിച്ചത്. അപ്പോൾ മാത്രമേ അവന് സമൂഹത്തിൽ പുന:പ്രവേശനം കിട്ടൂ. എന്നാൽ കുഷ്ഠരോഗി ഉൾപ്പെടെ എല്ലാവരെയും, പ്രത്യേകിച്ച് സമൂഹഭ്രഷ്ടരെയും ആശ്ലേഷിക്കുന്നതാണ് ദൈവരാജ്യം. അത് എല്ലാവിധ വേലിക്കെട്ടുകളെയും തകർക്കുകയും സകലർക്കും സൗഖ്യം നല്കുകയും ചെയ്യുന്നു. കുഷ്ഠരോഗിയെ സുഖപ്പെടുത്തിയ ഈ സംഭവം അങ്ങനെ ദൈവരാജ്യത്തിന്റെ ഒരു വലിയ അടയാളമായിത്തീരുന്നു.

## മർക്കോസ് 2.1 – 3.6 വിവാദവിവരണങ്ങൾ

### ആദ്യത്തെ വിവാദം: മർക്കോസ് 2.1–12 പാപങ്ങൾ ക്ഷമിക്കുന്ന യേശു

''മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു'' എന്ന് യേശു തളർവാതരോഗിയോട് പറയുന്നതാണ് ആദ്യത്തെ വിവാദത്തിന് കാരണം (2.5). ഇതുകേട്ട നിയമജ്ഞർക്ക് സഹിക്കാനായില്ല. പാപമോചനാധികാരം ദൈവത്തിനുമാത്രമായിരിക്കെ, ഇതു ദൈവദൂഷണമല്ലേ എന്നായി അവരുടെ വിചാരം. അവർ ചോദ്യം ചെയ്തപ്പോൾ, തളർവാതരോഗിയെ സുഖപ്പെടുത്തിക്കൊണ്ട് തന്റെ പാപമോചനാധികാരം പ്രഖ്യാപിക്കുകയാണ് യേശു (2.10–12).

തളർവാതരോഗിയുടെ ശാരീരികാവശത നീക്കുന്നതിനുമുമ്പ്, പാപം മോചിച്ചത് വിസ്മയകരമായി തോന്നാം. പാപവും രോഗവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? മാനസികവും ശാരീരിക

വുമായ രോഗങ്ങളും വൈകല്യങ്ങളും മരണവും മനുഷ്യരാശിയുടെ പാപാവസ്ഥയുടെ ഫലമാണെന്ന് അന്ന് വിശ്വസിച്ചിരുന്നു (cf. റോമാ 5.12-14; യോഹ 5.14; 9.2). ഏതു സൗഖ്യവും പാപത്തിന്റെയും മരണത്തിന്റെയും അധികാരത്തെ ഇല്ലാതാക്കുകയാണ്. പാപം ക്ഷമിച്ച് നീക്കം ചെയ്യപ്പെടുമ്പോഴേ മനുഷ്യൻ സ്വാസ്ഥ്യത്തിലേക്കു പൂർണമായി തിരിച്ച് വരികയുള്ളൂ. ഇത് സമൂലവും സമ്പൂർണ്ണവുമായ ഒരു സുഖപ്രാപ്തിയാണ്. പാപമോചനം രോഗവിമുക്തി എന്നീ ദ്വിവിധ പ്രവൃത്തികൾ വഴി യേശു നിരുപാധികവും അമൂല്യവുമായ ദൈവസ്നേഹം ലഭ്യമാക്കുകയാണ്. യേശുവിലുള്ള ദൈവരാജ്യത്തിന്റെ സ്പഷ്ടമായ ആവിഷ്കരണമാണിത്.

## രണ്ടാമത്തെ വിവാദം: മർക്കോസ് 2.13-17 യേശു പാപികളുമൊത്ത് ഭക്ഷിക്കുന്നു.

യേശുവിന്റെ അധ്യാപനത്തെ സംബന്ധിച്ച ഒരു ഹ്രസ്വപ്രസ്താവനയും (2.13) ലേവിയെ വിളിച്ചതിനെക്കുറിച്ചുള്ള ഒരു ലഘുവിവരണവും (2.14), തുടർന്ന് യേശുവും ഫരിസേയരുമായുള്ള ഒരു തർക്കവും (2.15-17) അടങ്ങുന്ന ഒരു സമ്മിശ്രഭാഗമാണ് ഇത്. 14-ാം വാക്യം 1.16-20 ന് സമാന്തരമായ ഒരു വിവരണമാണ്.

ലേവി എന്ന ചുങ്കക്കാരനെ വിളിച്ച സംഭവത്തെക്കുറിച്ചുള്ള വിവരണം (2.14) തുടർന്നുവരുന്ന വിവാദത്തിന് ആമുഖമാണ്. ചുങ്കക്കാരും പാപികളുമൊത്ത് യേശു ഭക്ഷണത്തിനിരുന്നതിനെ കേന്ദ്രീകരിച്ചാണ് വിവാദം. യേശുവിന്റെ കാലത്തെ ഫരിസേയരും, യഹൂദമതം മുഴുവനും തന്നെ, ചില വിഭാഗം ആളുകളെ പാപികളെന്ന് മുദ്രയടിക്കുകയും അവരുമായുള്ള സമ്പർക്കങ്ങൾ പാടെ ഒഴിവാക്കുകയും ചെയ്തിരുന്നു. ദൈവപ്രമാണങ്ങൾ പാലിക്കാത്തവർ മാത്രമല്ല, 'നികൃഷ്ടമായ' ജോലികൾ ചെയ്തിരുന്നവരും ഇവരുടെ ദൃഷ്ടിയിൽ പാപികളായിരുന്നു. ചുങ്കം പിരിവുകാർ, സത്രം വിചാരിപ്പുകാർ, നാണയമാറ്റക്കാർ, മൃഗസംരക്ഷകർ എന്നിങ്ങനെയുള്ളവരെല്ലാം ഇക്കൂട്ടത്തിൽപ്പെടും.

മതവും സമൂഹവും നിർമ്മിച്ച വേലിക്കെട്ടുകൾ അവിടന്ന് തകർക്കും എന്നതിന്റെ സൂചനയായിട്ടാണ് യേശു പാപികളുമൊത്ത് ഭക്ഷണം കഴിക്കുന്നത്. ദൈവം പാപികളെ നിരുപാധികം സ്വീകരിക്കുന്നു; അവരോട് ക്ഷമിക്കുന്നു. യേശുവിലൂടെ പാപികളിലേക്കു ദൈവത്തിന്റെ അനന്തവും അപരിമേയവുമായ സ്നേഹം പ്രവഹിക്കുന്നു. ചുരുക്കത്തിൽ, ദൈവത്തിന്റെ സ്നേഹസാമ്രാജ്യം യേശു സ്വപ്രവൃത്തികളിലൂടെ മനുഷ്യരിലേക്കു സംക്രമിപ്പിക്കുകയും അവരെ സമൂലം രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

## മൂന്നാമത്തെ വിവാദം

### മർക്കോസ് 2.18-22 ഉപവാസത്തെ സംബന്ധിച്ചു തർക്കം

വിവാദവിവരണങ്ങളുടെ (2.1-3.6) കേന്ദ്രമായി ഈ ഭാഗത്തെ കാണാവുന്നതാണ്. മിശിഹായുഗത്തിന്റെ സമാഗമം മൂല്യങ്ങളുടെ വിപര്യയത്തെ സൂചിപ്പിക്കുന്നു. താൻ ആരംഭമിട്ട ദൈവരാജ്യത്തിന്റെ മൗലികമായ പുതുമ എടുത്തുകാട്ടുന്ന മറുപടിയാണ് യേശു ഫരിസേയർക്ക് നല്കിയത്. യേശു ഉദ്ഘാടനം ചെയ്യുന്ന മിശിഹായുഗത്തിന്റെ ആഹ്ളാദം വ്യക്തമാക്കാനാണ് വിവാഹവിരുന്നിന്റെ ഉപമ അവിടന്ന് അരുളിച്ചെയ്തത്. ഉപവാസം ദുഃഖത്തെയും വിലാപത്തെയും സൂചിപ്പിക്കുന്നു. യേശുവിന്റെ സാന്നിധ്യത്തോടുകൂടിയ നൂതനയുഗത്തിന്റെ ആഹ്ളാദത്തിമിർപ്പുമായി അത് യോജിച്ചു പോകില്ല. പഴയ ഫരിസേയ മതത്തിന്റെയും അതിന്റെ ഭക്തിയുടെയും ഭാഗമായ ഒരു മതമല്ല, അപൂർവ്വവും വ്യത്യസ്തവും ഉത്കൃഷ്ടവും നവീനവുമായ ഒരു കൂട്ടായ്മയാണ് യേശു ഉദ്ഘാടനം ചെയ്തത്. ഈ യാഥാർഥ്യത്തിന്റെ നവീനത മണവാളനായ യേശുവിൽ സമൂർത്തമാകുന്നു. അവിടത്തോടുകൂടി മിശിഹായുഗത്തിന്റെ ദിവ്യാഹ്ളാദം ആരംഭിക്കുകയായി.

## നാലാമത്തെ വിവാദം: മർക്കോസ് 2.23-28 സാബത്തിൽ കതിരുകൾ പറിക്കുന്നത്

സാബത്താചരണത്തെക്കുറിച്ചുള്ള ഒരു വിവാദമാണിത്. വയലിൽക്കൂടെ നടന്നുപോകുമ്പോൾ ശിഷ്യന്മാർ ഗോതമ്പുമണികൾ ഉതിർത്തെടുക്കുന്നതു കണ്ട് ഫരിസേയർ അതിനെ ചോദ്യം ചെയ്തു. അതോടെ വിവാദമായി.

മതപരമായി ഏറെ പ്രാധാന്യമുള്ള സാബത്ത് ഫരിസേയരുടെ ദൃഷ്ടിയിൽ പരിപൂർണ്ണ വിശ്രമത്തിനുള്ള ദിവസമാണ്. മിക്കവാറും എല്ലാ പ്രവൃത്തിയും അന്ന് നിഷിദ്ധമാണ്. ധാന്യക്കതിർ പറിച്ച് മണികൾ കൈകൊണ്ട് ഉതിർത്തെടുക്കുന്നത് കൊയ്യുന്നതിനു സമമാണെന്ന് മതം അനുശാസിക്കുന്നു. അതുകൊണ്ട് സാബത്തിൽ അതു ചെയ്യാൻ പാടില്ല. നിയമങ്ങൾ അണുവിട മാറാതെ

കർശനമായി പാലിച്ചിരുന്ന യഹൂദന് ഇത് ഒരിക്കലും സഹിക്കുന്ന കാര്യമായിരുന്നില്ല. സാബത്താചരണത്തെക്കുറിച്ചല്ല, മനുഷ്യന്റെ ആവശ്യങ്ങളെപ്പറ്റിയാണ് യേശു മറുപടി പറഞ്ഞത്. യേശു സാബത്തിന്റെയും അധീശനാണ്; കാരണം, അവിടന്ന് ''സാബത്തിന്റെയും കർത്താവാകുന്നു.''

### അഞ്ചാമത്തെ വിവാദം: മർക്കോസ് 3.1-6 സാബത്തിൽ രോഗശാന്തി

വിവാദവിവരണങ്ങളിൽ അഞ്ചാമത്തേതും അവസാനത്തേതുമായ ഈ ഉപാഖ്യാനത്തോടെ തർക്കം അതിന്റെ പരമകാഷ്ഠയിലെത്തുന്നു. മുൻ സംഭവങ്ങളിൽ യേശുവിന്റെ നടപടികളെയോ ശിഷ്യന്മാരുടെ പെരുമാറ്റങ്ങളെയോ ശത്രുക്കളാണ് ചോദ്യം ചെയ്യുന്നത് (cf 2.7, 16, 18, 24). എന്നാൽ ഇവിടെ എതിരാളികളുമായി ഏറ്റുമുട്ടാൻ മുൻകൈയെടുക്കുന്നത് യേശുതന്നെയാണ് (മത്താ 12.10 വ്യത്യസ്തമാണ്). സാബത്തിൽ നിയമം എന്തനുവദിക്കുന്നു, എന്തൊക്കെ വിലക്കുന്നു എന്ന് ഫരിസേയർ കണക്കിലെടുത്തപ്പോൾ, യേശുവിന്റെ താല്പര്യമാകട്ടെ നന്മചെയ്യുന്നതിനും ആവശ്യക്കാരനെ സഹായിക്കുന്നതിനുമായിരുന്നു. എന്നാൽ രോഗശാന്തി ഉൾപ്പെടെ എല്ലാ പ്രവൃത്തികളും വിലക്കുന്നതായിരുന്നു സാബത്തിനെക്കുറിച്ചുള്ള ഫരിസേയപാരമ്പര്യം (cf. മത്താ 12.10; ലൂക്കാ 13.14). രോഗി ആസന്നമരണനാണെങ്കിലേ ഫരിസേയർ വിട്ടുവീഴ്ച ചെയ്യുകയുള്ളൂ. എന്നാൽ നന്മചെയ്യുന്ന കാര്യത്തിൽ യേശുവിനെ സംബന്ധിച്ചിടത്തോളം സാബത്താചരണ നിയമം രണ്ടാം സ്ഥാനത്താണ്. സാബത്തിന്റെ നാഥനായ യേശു രോഗിക്ക് ആശ്വാസം നല്കുകയും, തലനാരിഴ കീറിയുള്ള ഫരിസേയരുടെ നിയമാനുഷ്ഠാന വ്യഗ്രതയിൽനിന്ന് സാബത്തിനെ മോചിപ്പിക്കുകയും ചെയ്തു.

ഈ സംഭവത്തോടെ വിവാദ വിവരണഭാഗം മൂർധന്യാവസ്ഥയിലെത്തുകയും എതിരാളികൾ, ഫരിസേയരും ഹേറോദേസ് പക്ഷക്കാരും, യേശുവിനെ വധിക്കാൻ ഗൂഢാലോചനയാരംഭിക്കുകയും ചെയ്തു (3.6). മതരാഷ്ട്രീയാധികാരങ്ങൾ യേശുവിനെതിരേ ഒന്നിക്കുന്നതാണ് നാമിവിടെ കാണുന്നത്. ഫരിസേയരെയോ നിയമജ്ഞരെയോപോലെ ഒരു പ്രത്യേക മതവിഭാഗമായിരുന്നില്ല ഹേറോദേസ് പക്ഷക്കാർ. ഹേറോദേസ് അന്തിപ്പാസ് രാജാവിന് കൂറുപ്രഖ്യാപിച്ചവരും സമൂഹത്തിൽ സ്വാധീനവും പിടിപാടുമുള്ളവരുമായിരുന്നു അവർ. അവരോടാണ് ഫരിസേയർ കൂട്ടുകൂടിയത്. സ്നാപകയോഹന്നാനെ വധിച്ചത് ഹേറോദേസ് ആയിരുന്നുവെന്നോർക്കുമ്പോൾ (6.14-29) ഈ കൂട്ടുകെട്ടിന്റെ അർഥം നമുക്കു മനസ്സിലാകും. യേശുവിന്റെ കുരിശ് വളരെ നേരത്തെതന്നെ മർക്കോസിന്റെ വിവരണങ്ങളിൽ നിഴൽവീശി തുടങ്ങിയിരുന്നുവെന്നു സാരം.

# മർക്കോസ് 3.7 – 6.6ª യേശു ശിഷ്യന്മാരോടുകൂടെ

യേശുവിനെ വധിക്കാൻ ശത്രുക്കൾ നടത്തുന്ന ഗൂഢാലോചനയുടെ കാര്യം വിവരിച്ചുകൊണ്ടാണ് അവിടത്തെ ഗലീലിയൻ പ്രേഷിതശുശ്രൂഷയുടെ പ്രാരംഭഘട്ടത്തെക്കുറിച്ചുള്ള വിവരണം മർക്കോസ് അവസാനിപ്പിക്കുന്നത് (1.14-3:6). ഗലീലിയിലെയും പ്രാന്തപ്രദേശങ്ങളിലെയും പ്രേഷിതവൃത്തിയുടെ രണ്ടാം ഘട്ടമാണിവിടെ വിവരിക്കുക. ഒരു സംക്ഷിപ്താഖ്യാനത്തോടെ (3.7-12) ആരംഭിച്ച് 6.1-6aയിൽ അത് അവസാനിക്കുകയും ചെയ്യുന്നു.

ഈ രണ്ടുഘട്ടങ്ങളും തമ്മിലുള്ള ഘടനാപരവും പ്രമേയപരവുമായ സാമ്യം ശ്രദ്ധേയമാണ്. ഒന്നാം ഭാഗത്തേതുപോലെതന്നെ (1.14-3.6) വാക്കു വഴിയും പ്രവൃത്തി വഴിയുമുള്ള ശുശ്രൂഷയാണ് (പ്രബോധനം, ബാധോച്ചാടനം, രോഗവിമുക്തി, വിവാദങ്ങൾ തുടങ്ങിയവ) രണ്ടാംഭാഗമായ 3.7-6.6a യിലും കാണുക. യേശുവിന്റെ ശുശ്രൂഷയുടെ രണ്ടാം ഘട്ടത്തിലും അവിടത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത പ്രസ്താവന കാണാം (3.7-12; cf 1.14-15). തുടർന്ന് ശിഷ്യന്മാരെക്കുറിച്ച് പറയുന്നു (3.13-19; cf 1.16-20). ജനത്തിന്റെ ഹൃദയാന്ധതയെക്കുറിച്ചും യേശുവിന്റെ വ്യക്തിത്വത്തെ അവർ ഗ്രഹിക്കാതിരുന്നതിനെക്കുറിച്ചും വിവരിച്ചുകൊണ്ടാണ് ഈ ഭാഗവും അവസാനിക്കുന്നത് (6.1-6a; cf 3.1-6).

3.7-6.6a യിൽ തന്റെ ശിഷ്യന്മാരുടെ രൂപവത്കരണത്തിൽ യേശു ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. യേശു ശിഷ്യന്മാരെയും കൂട്ടി ഗലീലി കടലോരത്തേക്ക് പോകുന്നതായി ആദ്യം പറയുന്നു (3.7). വചനപ്രഘോഷണത്തിന് അയയ്ക്കത്തക്കവിധം പന്ത്രണ്ടു ശിഷ്യന്മാരുടെ ഒരു സംഘത്തെ അവിടന്ന് നിയോഗിക്കുന്നു (3.13-19). യേശുവിനോടൊത്തു നില്ക്കുന്ന ശിഷ്യന്മാർ, ദൈവേഷ്ടം

നിറവേറ്റുന്നവരായ അവരാണ്, അവിടത്തെ പുതിയ കുടുംബത്തിലെ അംഗങ്ങൾ (3.31-35). രക്തബ സ്ഥമല്ല ദൈവഹിതം നിറവേറ്റലാണ് ആ പുതിയ കുടുംബത്തിന്റെ നിർണായക സ്വഭാവവിശേഷം. യേശുവിന്റെ വിളിയോട് പ്രത്യുത്തരിക്കുകയും ദൈവേഷ്ടത്തിന് തങ്ങളെത്തന്നെ സമർപ്പിക്കു കയും ചെയ്ത ശിഷ്യന്മാർ യേശുവിന്റെ പുതിയ കുടുംബത്തിലെ അംഗങ്ങളായി മാറി.

യേശു സ്വശിഷ്യന്മാർക്കു മാത്രമായി പ്രത്യേക നിർദ്ദേശം നല്കുകയും ഉപമകൾ വ്യാഖ്യാനി ച്ചുകൊടുക്കുകയും ചെയ്യുന്നത് ഈ ഭാഗത്തുകാണാം (3.10-25, 34). കൂടാതെ ശിഷ്യരുടെ സാന്നി ധ്യത്തിൽ അവിടന്നു ചില മഹാദ്ഭുതങ്ങളും ചെയ്യുന്നു (4.36-5.43). അവസാനമായി അവർ ഗുരു വിനെ നസ്രത്തിലേക്ക് അനുഗമിക്കുന്നു; ജനങ്ങളുടെ ആക്ഷേപവും സന്ദേഹവും യേശു വിനെക്കുറിച്ചുള്ള തെറ്റിദ്ധാരണയും അവർ കണ്ടറിയുന്നു (6.1-6ᵇ).

3.7-6.6a യിലെ യേശുവിന്റെ വാക്കുകളും പ്രവൃത്തികളും ശിഷ്യന്മാരെ സജ്ജരാക്കുന്നതിന് വളരെയേറെ സഹായകമായിട്ടുണ്ട്. രണ്ടാം ഭാഗത്തു തുടങ്ങിയ അവരുടെ പരിശീലനം അടുത്ത ഭാ ഗത്തും തുടരുന്നു (6.6b-8.26). താൻ മിശിഹായാണെന്നു മനസ്സിലാക്കാൻ കഴിവുണ്ടാകുന്നതുവരെ, സാവകാശമാണ് അവിടന്ന് തന്റെ വ്യക്തിത്വം ശിഷ്യന്മാർക്ക് അനാവരണം ചെയ്യുന്നത് (8.27-30).

### മർക്കോസ് 3.7-12 സംക്ഷിപ്താഖ്യാനം

യേശുവും ശിഷ്യന്മാരും കടൽത്തീരത്തേക്ക് പോയതിനെയും ജനങ്ങൾ കൂട്ടംകൂട്ടമായി വന്ന തിനെയും അവിടന്നു നല്കിയ രോഗശാന്തികളെയുംകുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണമാണ് 3.7-12. യേശു കടൽത്തീരത്തേക്കു പിൻവലിയുന്നത് ആപത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ല (cf. 3.6), മറിച്ച് തന്റെ പ്രേഷിത ദൗത്യത്തിന്റെ പൂർത്തീകരണത്തിനുള്ള ഒരു യാത്രയാണ്. യേശുവും ശിഷ്യ ന്മാരും തനിച്ചല്ല പോകുന്നത്. നാനാദേശങ്ങളിൽനിന്ന് വിജാതീയർ ഉൾപ്പെടെയുള്ള ആളുകൾ അവിടത്തെ അനുഗമിച്ചിരുന്നു

യേശുവിന്റെ പ്രവർത്തനങ്ങൾ രോഗശാന്തി നല്കലായിട്ടാണ് പൊതുവെ വിവരിക്കപ്പെടുക (3.10). രോഗികൾക്കും പിശാചുബാധിതർക്കും അവിടന്ന് ആരോഗ്യവും സുഖവും നല്കി. മുമ്പു ചെയ്തതുപോലെ (cf. 1.25, 34) തന്റെ ദൈവപുത്രസ്ഥാനം മനസ്സിലാക്കിയ ദുഷ്ടാരൂപികളെ നിശ്ശ ബ്ദരാക്കുകയും ചെയ്തു (3.11-12). ഇനി പറയാൻ പോകുന്ന സംഭവങ്ങളുടെ ആമുഖമായി ഈ സംക്ഷിപ്ത പ്രസ്താവനയെ (3.7-12) കണക്കാക്കാം.

### മർക്കോസ് 3.13-19 പന്ത്രണ്ടു പേരെ നിയോഗിക്കുന്നു

മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യത്വം എന്ന വിഷയത്തെ സംബന്ധിച്ച് പ്രതിപാദി ക്കുന്ന ഒരു സുപ്രധാന ഭാഗമാണിത്. യേശു പന്ത്രണ്ടു പേരെ നിയോഗിക്കുന്നതും (3.13-15), അവ രുടെ പേരുകൾ പ്രഖ്യാപിക്കുന്നതും (3.16-19) ഇവിടെ വിവരിക്കുന്നു.

മലമുകളിലെ ഒരു രംഗം പശ്ചാത്തലമായി അവതരിപ്പിച്ചുകൊണ്ട് പന്ത്രണ്ടുപേരുടെ നിയമനം ആഘോഷപൂർവമാക്കിയിരിക്കുന്നു. ബൈബിൾ പാരമ്പര്യത്തിൽ മാത്രമല്ല, ഇന്ത്യൻ പാരമ്പര്യ ത്തിലും മല ദൈവസാന്നിധ്യത്തെ സൂചിപ്പിക്കുന്നു. മലമുകളിലേക്ക് പോകുകയെന്നാൽ ഭൗതിക-മാനുഷിക ബന്ധങ്ങൾ വേർപെടുത്തി ദൈവികതയിലേക്ക് ഉയരുകയെന്നാണർഥം. മലമുകളിൽ കയറിനിന്ന യേശു ''തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപ ത്തേക്കു ചെന്നു'' (3.13). അവരെ ആദ്യം വിളിച്ച സന്ദർഭത്തിലേതു പോലെ (1.16-20; 2.14) ഇവി ടെയും മുൻകൈയെടുക്കുന്നത് യേശുതന്നെയാണ്. തനിക്കിഷ്ടമുള്ളവരെ മാത്രമാണ് അവിടന്ന് വിളിച്ചത്. ''അവർ അവന്റെ സമീപത്തേക്കു ചെന്നു'' എന്ന പ്രസ്താവനകൊണ്ടുതന്നെ ശിഷ്യന്മാ രുടെ പ്രത്യുത്തരം മർക്കോസ് വ്യക്തമാക്കുകയായിരുന്നുവെന്ന് സ്പഷ്ടം.

തുടർന്ന് യേശു പന്ത്രണ്ടുപേരെ ഒരു സംഘമായി നിയോഗിക്കുന്നു. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ ആയിരിക്കണം ഈ സംഖ്യ സൂചിപ്പിക്കുന്നത് (cf. മത്താ 19.28; ലൂക്കാ 22.30). അങ്ങനെയെങ്കിൽ ആഘോഷമായ നിയമനത്തിലൂടെ പുതിയ ഇസ്രായേലായ സഭയ്ക്ക് അടിത്തറയിടുകയായിരുന്നു യേശു. പന്ത്രണ്ടുപേരെ നിയോഗിച്ചതിന് രണ്ടു ലക്ഷ്യങ്ങളുണ്ടായിരു ന്നു - തന്നോടുകൂടെയായിരിക്കുക, പ്രസംഗിക്കാൻ അയയ്ക്കുക (3.14). യേശുവിനോടു കൂടെ യായിരിക്കുകയാണ് പ്രധാന ഉദ്ദേശ്യം. അവിടത്തോട് ഗാഢമായ ഐക്യത്തിൽ കഴിയുക, അവി ടത്തെ ശ്രവിക്കുക, അനുഗമിക്കുക എന്നെല്ലാം ഇതർത്ഥമാക്കുന്നു. യേശുവിനോടുകൂടെ ആയിരി

ക്കുകയെന്നത് മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യത്വത്തെ സൂചിപ്പിക്കുന്ന ഒരു സാങ്കേതിക പ്രയോഗമാണ് (cf 5.18; 14.67). ക്രിസ്തുകേന്ദ്രീകൃതമാണു ശിഷ്യത്വത്തിന്റെ ആത്യന്തിക ലക്ഷ്യം. സംഘത്തലവൻ യേശുവാണ്, സംഘത്തിന് രൂപഭാവങ്ങൾ നല്കുന്നതും അവിടുന്നുതന്നെ.

പ്രസംഗിക്കാനും അശുദ്ധാരൂപികളുടെമേൽ ആധിപത്യം ഉറപ്പിക്കാനും അവരെ അയയ്ക്കുക എന്നതായിരുന്നു രണ്ടാമത്തെ ലക്ഷ്യം (3.14-15). പ്രസംഗത്തിന് അയയ്ക്കുന്നതും അവർക്ക് പിശാചുകളുടെമേൽ അധികാരം നല്കുന്നതും യേശുവാണ് (6.7-13). അങ്ങനെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ദൈവരാജ്യം പ്രഖ്യാപിക്കുകയെന്ന തന്റെ ശുശ്രൂഷയിൽ പങ്കാളികളാകാൻ അവിടന്ന് പന്ത്രണ്ടുപേരെ നിയോഗിക്കുകയും അധികാരപ്പെടുത്തുകയും ചെയ്യുന്നു. യേശു അയച്ച ദൂതന്മാർ എന്ന നിലയിൽ യേശുവിന്റെ പ്രതിനിധികളാണ് ശിഷ്യന്മാർ. അവരുടെ പ്രവർത്തനങ്ങളിൽ ക്രിസ്തുസാന്നിധ്യം ഉണ്ടായിരിക്കുകയും ചെയ്യും. അങ്ങനെ ശിഷ്യത്വത്തിന്റെ ക്രിസ്തുകേന്ദ്രീകൃത സ്വഭാവം അപ്പസ്തോല നിയോഗത്തിലെ ദ്വിവിധ ലക്ഷ്യങ്ങളിലൂടെ ഊന്നിപ്പറയുന്നു.

പന്ത്രണ്ടു ശിഷ്യന്മാരുടെ നാലു പട്ടിക പുതിയ നിയമത്തിലുണ്ട് (മർക്കോ 3.16-19; മത്താ 10.2-4; ലൂക്കാ 6.14-16; അപ്പ 1.13). നാലിലും ശിമയോൻ പത്രോസിന്റെ പേരാണ് ആദ്യം ചേർത്തിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രാധാന്യവും പ്രത്യേക സ്ഥാനവുമാണിതു സൂചിപ്പിക്കുന്നത്. പന്ത്രണ്ടുപേരുടെ സംഘത്തെ നിയമിച്ച കാര്യം പാരമ്പര്യത്തിൽ ഉറച്ച അവസരത്തിൽ അവരുടെ പേരുകളും അവയുടെ ക്രമവും പല സഭകളും സ്വതന്ത്രമായി എഴുതി ഉപയോഗിക്കാൻ തുടങ്ങിയതുമൂലം ഉണ്ടായതായിരിക്കണം പട്ടികയിലെ പേരുകളിൽ കാണുന്ന വ്യത്യാസങ്ങൾ.

### മർക്കോസ് 3.19b-35 യേശുവിന്റെ യഥാർഥ കുടുംബം

യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്കുള്ള ഭിന്നപ്രതികരണങ്ങൾ മർക്കോസ് ഇവിടെ വിവരിക്കുന്നു. ജനങ്ങൾക്ക് യേശു കൂടുതൽ സ്വീകാര്യനായി (3.20). പക്ഷേ സ്വന്തം കുടുംബാംഗങ്ങൾ അവിടത്തെ തെറ്റിദ്ധരിക്കുകയാണ് ചെയ്തത് (3.21,31). യേശു പിശാചുബാധിതനാണെന്നും പിശാചുകളുടെ നേതാവുമായി അവനു ബന്ധമുണ്ടെന്നും ജറുസലെമിൽനിന്നു വന്ന നിയമജ്ഞർ ആരോപിച്ചു (3.22). യേശു അവരുടെ ആരോപണങ്ങളെ ഖണ്ഡിക്കുകയും തന്റെ യഥാർഥകുടുംബാംഗങ്ങൾ ആരെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു (3.23-35).

മിശ്രസ്വഭാവം ഉൾക്കൊള്ളുന്നതാണെങ്കിലും, മർക്കോസ് 3.19b-35 യേശുവിന്റെ കുടുംബത്തെക്കുറിച്ചുമാത്രം വിവരിക്കുന്ന ഒറ്റ സംഭവംതന്നെയാണ്. യേശുവിന്റെ കുടുംബത്തെപ്പറ്റിയുള്ള ഈ വിവരണത്തിനിടയ്ക്ക് (3.21, 31-35) നിയമജ്ഞരെപ്പറ്റിയുള്ള ഭാഗം (3.22-30) മർക്കോസ് കൂട്ടിച്ചേർത്തിരിക്കുകയാണ്. മർക്കോസ് മറ്റു പല സന്ദർഭങ്ങളിലും ഈ രചനാകൗശലം പ്രയോഗിക്കുന്നുണ്ട് (cf. 5.21-43; 6.7-30; 11.12-25; 14.53-15.1). ജിജ്ഞാസ ഉണർത്താനും പ്രാധാന്യമുള്ളതോ സമാന്തരമോ വ്യത്യസ്തമോ ആയ ഒരു സംഭവം വിവരിക്കാനും ഉതകുന്നതാണ് ഈ രചനാരീതി. യേശുവിന്റെ ചാർച്ചക്കാരുടെയും നിയമജ്ഞരുടെയും ആരോപണങ്ങളുടെ സമാനസ്വഭാവം ഈ സംഭവം വ്യക്തമാക്കുന്നുണ്ട്. ''കാരണം അവനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് അവർ (യേശുവിന്റെ കുടുംബം) പറഞ്ഞിരുന്നു'' (3.21). ''നിയമജ്ഞർ പറഞ്ഞു: അവനെ ബേൽസെബൂൽ ആവേശിച്ചിരിക്കുന്നു. പിശാചുകളുടെ തലവനെക്കൊണ്ടാണ് അവൻ പിശാചുകളെ പുറത്താക്കുന്നത് (3.22).

ദൗത്യനിർവഹണത്തിൽ നിന്ന് യേശുവിനെ വ്യതിചലിപ്പിക്കുകയാണ് ഈ രണ്ട് ആരോപണങ്ങളുടെയും ലക്ഷ്യം (യോഹ 10.20). യേശു ആദ്യം നിമജ്ഞരെയാണ് നേരിട്ടത്. അവരുടെ ആരോപണങ്ങളെ അന്യാപദേശശൈലിയിൽ അവിടന്ന് നിരാകരിക്കുന്നു (3.23-27). 3.28-29 ലെ യേശുവിന്റെ വചനങ്ങളിൽ ഗൗരവമാർന്ന ഒരു മുന്നറിയിപ്പുൾക്കൊള്ളുന്നുണ്ട്. ദൈവരാജ്യസമാഗമത്തിന്റെ വ്യക്തമായ അടയാളങ്ങളായ ബാധോച്ചാടനങ്ങൾ പരിശുദ്ധാത്മാവിന്റെ ശക്തിയിലാണ് അവിടന്ന് നിർവഹിച്ചത്. രക്ഷാകരമായ ഈ പ്രവൃത്തികൾ പിശാചിന്റെ ശക്തിമൂലമാണ് ചെയ്തതെന്നു പറയുന്നതു ദൈവനിഷേധമാണ്; പരിശുദ്ധാത്മാവിനെ ദുഷിക്കുന്നതാണ്. പരിശുദ്ധാത്മാവിനെ പരിഹസിക്കുന്ന നിയമജ്ഞർ മോചനമില്ലാത്ത പാപം ചെയ്യുന്നു.

3.21 ൽ യേശുവിന്റെ കുടുംബത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നല്ലോ. അതെപ്പറ്റിയാണ് സുവിശേഷകൻ ഇനി സംസാരിക്കുന്നത് (3.31-35). യേശുവിനെ പിടിച്ചുകൊണ്ടുപോകാൻ വന്നവരെ ഉദ്ദേശിച്ചുപയോഗിച്ചിരുന്ന വാക്കിന് കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സ്നേഹിതർ എന്നീ അർത്ഥങ്ങൾ ഉണ്ട്. എന്നാൽ അവർ അമ്മയും സഹോദരന്മാരുമായിരുന്നു എന്നാണ് 3.31 ൽ വ്യക്തമാക്കുന്നത്.

3.31–35 ൽ രണ്ടു വിഭാഗം ആളുകളെക്കുറിച്ച് പറയുന്നുണ്ട്. യേശുവിന്റെ കുടുംബാംഗങ്ങൾ 'പുറത്ത്' നില്ക്കുകയായിരുന്നു (3.31). അനുയായികളുടെ ഒരു സംഘം അവിടത്തെ ചുറ്റുമായി (അകത്ത്) ഇരിപ്പുണ്ടായിരുന്നു. സമനിലതെറ്റി എന്നു വിശ്വസിച്ചാണ് കുടുംബാംഗങ്ങൾ യേശുവിനെ പിടിച്ചുകൊണ്ടുപോകാനെത്തിയത്. ഈ തെറ്റിദ്ധാരണ യേശുവിന്റെ യഥാർത്ഥകുടുംബം ഏതാണെന്ന ധീരമായ ഒരു പ്രഖ്യാപനത്തിന് സന്ദർഭമുണ്ടാക്കി. ''ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും'' (3.35).

രക്തബന്ധത്തിലല്ല, യേശുവിന്റെ യഥാർത്ഥ കുടുംബം ഉറപ്പിക്കപ്പെട്ടിരിക്കുന്നത്. ദൈവഹിതം നിറവേറ്റുന്നവരാണ് അതിലെ അംഗങ്ങൾ. 'പുറത്തു' നിന്നവർ തെറ്റിദ്ധരിച്ചപ്പോൾ 'അകത്ത്' ഇരുന്നവർ അവന്റെ വാക്കു ശ്രവിക്കുകയും ദൈവതിരുമനസ്സ് നിർവഹിക്കുകയും ചെയ്തു. ദൈവഹിതത്തെ അടിസ്ഥാനമാക്കിയുള്ള വ്യാപകവും അഗാധവുമായ ഒരു ബന്ധത്തിലാണ് യേശു തന്റെ പുതിയ കുടുംബം ഉറപ്പിച്ചത്.

### മർക്കോസ് 4.1–34 ദൈവരാജ്യത്തിന്റെ രഹസ്യം

യേശുവിന്റെ പ്രബോധനത്തെക്കുറിച്ചു മർക്കോസ് ആദ്യമായി വിശദമായ പ്രതിപാദനം നല്കുന്നത് ഈ അധ്യായത്തിലാണ്. ദൈവരാജ്യത്തെ പ്രത്യക്ഷമായി പരാമർശിക്കുന്ന ഈ പ്രബോധനങ്ങൾ ഏതാനും ഉപമകൾ വഴിയാണ് യേശു അരുൾചെയ്തിരിക്കുന്നത്.

യേശു തന്റെ ശുശ്രൂഷ സമാരംഭിച്ചത് ദൈവരാജ്യം പ്രഖ്യാപിച്ചുകൊണ്ടാണല്ലോ എന്നാൽ നിഷേധാത്മകമായിരുന്നു ജനങ്ങളുടെ പ്രതികരണം. യേശുവിനെ ശ്രവിക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനും വന്ന ജനം സമർപ്പണമനോഭാവമുള്ളവരായിരുന്നില്ല. അവിടത്തെ ശിഷ്യരായിത്തീർന്ന കുറച്ചു മുക്കുവന്മാർ മാത്രമേ ആദ്യഘട്ടത്തിൽ അവിടത്തോട് ക്രിയാത്മകമായി സഹകരിച്ചുള്ളൂ. സ്വന്തം കുടുംബാംഗങ്ങൾ പോലും തെറ്റിദ്ധരിച്ചു; മതമേധാവികൾ കടുത്ത എതിർപ്പാണ് പ്രദർശിപ്പിച്ചത്. യേശുവിനെ കൊല്ലാൻപോലും അവർ ഗൂഢാലോചന നടത്തി. രക്ഷാകരപ്രവൃത്തികളോട് ജനം പ്രതികരിച്ചത് ഇങ്ങനെയാണെങ്കിൽ ദൈവരാജ്യപ്രഖ്യാപനത്തിന്റെ ഗതി എന്തായിരിക്കും? യേശുവും അവിടന്നു പ്രഖ്യാപിക്കുന്ന രാജ്യവും വിജയിക്കുമെന്ന് ശിഷ്യന്മാർക്ക് പോലും ഉറപ്പില്ലായിരുന്നു. തന്റെ ദൗത്യത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾക്ക് യേശു കൊടുക്കുന്ന മറുപടിയാണ് നാലാം അദ്ധ്യായത്തിലെ അന്യാപദേശരൂപേണയുള്ള അധ്യാപനം.

മർക്കോസിന്റെ ഉപമാധ്യായം (4.1–34) സങ്കീർണ്ണമാണ്; അതേസമയം അർത്ഥനിർണയം ചെയ്ത പല ഭാഗങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. വിതക്കാരന്റെ ഉപമ (4.3–9), വിത്തിന്റെ ഉപമ (4.26–29), കടുകുമണിയുടെ ഉപമ (4.30–32) എന്നിങ്ങനെ മൂന്നുപമകളാണ് ഈ അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഒരു മുഴുനീള ആഖ്യാനമാണ് ആദ്യത്തെ ഉപമ. പിന്നീടുള്ളവ ദൃഷ്ടാന്തങ്ങളായും കണക്കാക്കാം. ഈ മൂന്ന് ഉപമകളും വിതക്കാരന്റെ ഉപമയുടെ വിശദീകരണവും (4.13–20) പാരമ്പര്യത്തിൽ നിന്നാണ് മർക്കോസിന് ലഭിച്ചത്. ഈ ഉപമകളുടെ ലക്ഷ്യമെന്തെന്ന് 4.10–12 വ്യക്തമാക്കുന്നു. ഇതിലുമുണ്ട് പാരമ്പര്യസ്വാധീനം. സുവിശേഷകൻ തന്നെയാണ് ഇത് ഉപമാധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 4.21–25ൽ ഏതാനും വിജ്ഞാനസൂക്തങ്ങളുണ്ട്. ഒറ്റപ്പെട്ടു നില്ക്കുന്ന ഈ ചൊല്ലുകൾ മർക്കോസ് പാരമ്പര്യത്തിൽനിന്ന് സംഭരിച്ച് പുനരവതരിപ്പിക്കുന്നു. പ്രൗഢമായ ഒരാമുഖത്തോടെ (4.1–2) അധ്യായം ആരംഭിക്കുകയും സമുചിതമായ ഒരു ഉപസംഹാരത്തോടെ അവസാനിപ്പിക്കുകയും ചെയ്യുന്നു (4.33–34). ശിഷ്യൻമാരെ യേശു സ്വകാര്യമായി പഠിപ്പിച്ച കാര്യം ആദ്യമായി മർക്കോസ് വിവരിക്കുന്നത് (4.10–25) ഈ അധ്യായത്തിലാണെന്നത് രസകരമായ മറ്റൊരു കാര്യമാണ്. തന്റെ ദൗത്യത്തിന്റെ രണ്ടാം ഘട്ടത്തിൽ (3.7–6.6a) ശിഷ്യരെ സജ്ജരാക്കുന്നതിലായിരുന്നു യേശുവിന്റെ ശ്രദ്ധ എന്നു നേരത്തേ സൂചിപ്പിച്ചല്ലോ. ഈ ലക്ഷ്യത്തിന്റെ ഭാഗമാണ് അവിടന്ന് ശിഷ്യന്മാർക്കു നല്കിയ സ്വകാര്യോപദേശം.

### 4.1–19 വിതക്കാരന്റെ ഉപമ

യേശുവിന്റെ ഉപമാഖ്യാനത്തിന് പശ്ചാത്തലമൊരുക്കുകയാണ് 4.1ലെ പ്രൗഢമായ ആമുഖം. ഇവിടെ യേശു ഗുരുവെന്ന നിലയിൽ ആസനസ്ഥനാകുന്നു. അവിടന്ന് ഒരു വഞ്ചിയിലിരിക്കുന്നു. ജനങ്ങൾ കടൽത്തീരത്തു നില്ക്കുന്നു. യേശു ഉപമകളിലൂടെ അവരെ പഠിപ്പിക്കാൻ തുടങ്ങി. യേശുവിന്റെ പ്രബോധനത്തിൽ ഒരു ഭാഗം മാത്രമേ മർക്കോസ് അവതരിപ്പിക്കുന്നുള്ളൂവെന്ന് രണ്ടാം വാക്യം വ്യക്തമാക്കുന്നു. അവ വിതക്കാരന്റെ ഉപമയും (4.3–9) തനിയെ മുളച്ചുവരുന്ന വിത്തിന്റെ ഉപമയും (4.26–29) കടുകുമണിയുടെ ഉപമയും (4.30–32) ആണ്.

ശ്രദ്ധാപൂർവ്വം ശ്രവിക്കണമെന്ന ആഹ്വാനത്തോടെയാണ് വിതക്കാരന്റെ ഉപമ ആരംഭിക്കുന്നതും അവസാനിക്കുന്നതും (4.3–9). ഉപമകളുടെ ചിന്തോദ്ദീപക സ്വഭാവം ഇവിടെ വ്യക്തമാക്കപ്പെടുന്നു. ശ്രദ്ധിച്ചുകേട്ടാൽ മാത്രമേ ആഴമേറിയ അർത്ഥം ഗ്രഹിക്കാനാവൂ എന്ന മുന്നറിയിപ്പും അതിൽ അടങ്ങിയിട്ടുണ്ട്. നിലം ഉഴുന്നതിനുമുമ്പ് വിത്തു വിതയ്ക്കുന്ന പലസ്തീനായിലെ ഒരു

സാധാരണ സാഹചര്യമാണ് ഇവിടെ കാണുന്നത് (4.4-7). ദൈവരാജ്യത്തിന്റെ വിത്തുകൾ ഭൂമിയിൽ വിതയ്ക്കപ്പെടുന്നു. യേശുവിലൂടെ, അവിടത്തെ ശുശ്രൂഷയിലൂടെ, ദൈവരാജ്യം ഭൂമിയിൽ പൊട്ടിവിടരുന്നു. എതിർപ്പുകളുണ്ടായാലും പരാജയപ്പെടുമെന്നു തോന്നിയാലും ഈ രാജ്യം സമ്പൂർണമായ പക്വതയിലേക്കു വളരുകയും അവസാനം സമൃദ്ധമായ ഫലം പുറപ്പെടുവിക്കുകയും ചെയ്യുമെന്നത് സംശയാതീതമായ കാര്യമാണ്. ഈ പ്രബോധനമാണ് വിതക്കാരന്റെ ഉപമയിൽ അന്തഃസ്ഥിതമായിരിക്കുന്നത്.

### 4.10–12 ഉപമകളുടെ ഉദ്ദേശ്യം

പത്താം വാക്യത്തിൽ പുതിയൊരു സന്ദർഭവും പുതിയ ശ്രോതാക്കളെയുമാണ് മർക്കോസ് പൊടുന്നനവേ അവതരിപ്പിക്കുന്നത്. യേശു ആൾക്കൂട്ടത്തിലല്ല; 'ഉപമ' കളെക്കുറിച്ചു ചോദിക്കുന്ന സ്വശിഷ്യരുടെകൂടെയാണ്. അവർക്കു രണ്ടുത്തരമാണ് യേശു നല്കുന്നത്. ഒരു പൊതുവായ മറുപടിയാണ് ആദ്യത്തേത് (4.11 -12). കൃത്യമായ ഉത്തരം പിന്നീടേ നല്കുന്നുള്ളൂ (4.13 ff). യേശുവിനെയും അവിടത്തെ പ്രബോധനങ്ങളെയും അഭിമുഖീകരിക്കുമ്പോൾ എന്തു സംഭവിക്കുന്നുവെന്ന് 4.11-12 വ്യക്തമാക്കുന്നു. ചിലരുടെ പ്രതികരണം ക്രിയാത്മകമായിരിക്കുമ്പോൾ മറ്റു ചിലർ മനഃപൂർവ്വം രക്ഷയുടെ മേഖലയ്ക്കു പുറത്തുകടക്കുന്നു. ചുരുക്കത്തിൽ, യേശുവിനോടും അവിടത്തെ പ്രബോധനങ്ങളോടും ഗൗരവപൂർവ്വം പ്രതികരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഇവിടെ നമുക്കെല്ലാവർക്കും വേണ്ടി മർക്കോസ് മുന്നറിയിപ്പു നല്കുന്നത്.

### 4.13–20 വിതക്കാരന്റെ ഉപമയുടെ വിശദീകരണം

4.10 ൽ ശിഷ്യന്മാരുടെ ചോദ്യത്തിന് യേശു നല്കുന്ന രണ്ടാമത്തെ ഉത്തരമായിട്ടാണ് മർക്കോസ് വിതക്കാരന്റെ ഉപമയുടെ വിശദീകരണം അവതരിപ്പിക്കുന്നത്. താൻ പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കാത്തതിന് ശിഷ്യന്മാരെ കുറ്റപ്പെടുത്തിക്കൊണ്ട് (4.13) യേശു ആ ഉപമ വ്യാഖ്യാനിക്കുന്നു (4.14-20).

വിതക്കാരന്റെ അന്യാപദേശത്തിന് ദൃഷ്ടാന്തരൂപത്തിൽ നല്കുന്ന വിശദീകരണമാണിത് (4.14-20). വിതക്കാരനൊഴികെ ഉപമയിലെ മറ്റ് അംഗങ്ങൾക്കെല്ലാം സാമ്യത കാണാൻ കഴിയും. വിത്ത് ദൈവവചനമാണ്. വിത്തു വീണ നാലിനം മണ്ണ് നാലുതരം മനുഷ്യരെ പ്രതിനിധാനം ചെയ്യുന്നു. 4.14-20 ഊന്നം വയ്ക്കുന്നത് 'വചനത്തിന്റെ അന്തിമഫലത്തിലാണ്; അതായത് സുവിശേഷത്തിന്റെ പ്രഘോഷണത്തിലാണ്. വിതയ്ക്കുമ്പോൾ കുറെ വിത്തു നഷ്ടപ്പെടുന്നതുപോലെ, സുവിശേഷപ്രഘോഷണവും എല്ലായ്പോഴും ഫലവത്താകണമെന്നില്ല. എതിർപ്പുകളും അപര്യാപ്തമായ പ്രതികരണവും ഉണ്ടായെന്നുവരും. ക്രൈസ്തവസന്ദേശം സ്വീകരിക്കുന്നതിലും അതിനോട് പ്രതികരിക്കുന്നതിലും ജനങ്ങളെ തടയുന്നത് സാത്താനും, പരീക്ഷണങ്ങളും പീഡനങ്ങളും നേരിടാനുള്ള അധൈര്യവും, സങ്കുചിത മനഃസ്ഥിതിയും ലൗകിക താത്പര്യങ്ങളും ധനമോഹവും മറ്റു പല തിന്മകളുമാണ്.

### 4.21–25 ദൈവിക വെളിപാടിന്റെ ചൊല്ലുകൾ

യേശു പറഞ്ഞ ഒറ്റപ്പെട്ട ചില ചൊല്ലുകൾ മർക്കോസ് ഈ വാക്യങ്ങളിൽ സമാഹരിച്ചതാകാം. 23-ാം വാക്യംകൊണ്ട് രണ്ടു ജോടി ചൊല്ലുകൾ യോജിപ്പിച്ചിരിക്കുകയാണ്. യേശു നല്കിയ വെളിപാടിനെക്കുറിച്ചാണ് 4.21-22 പരാമർശിക്കുക. 4.11-12 ന് അനുപൂരകമായി വേണം ഈ വാക്യങ്ങളെ പരിഗണിക്കാൻ. ''മറഞ്ഞിരിക്കുക.'', ''രഹസ്യമായിരിക്കുക'' എന്നീ വാക്കുകൾ 4.1 ലെ ''രഹസ്യം'' എന്ന പദത്തെ അനുസ്മരിപ്പിക്കുന്നു.

ശിഷ്യന്മാർക്കു നല്കപ്പെട്ട ദൈവരാജ്യരഹസ്യം (4.11) എല്ലാവരെയും അറിയിക്കേണ്ടതാണ് (4.21-22). നിഗൂഢസ്വഭാവം തൽക്കാലത്തേക്കു മാത്രമാണ്. മറ്റുള്ളവർക്ക് കാലാന്തരത്തിൽ വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ് ക്രിസ്തുരഹസ്യം ശിഷ്യന്മാർക്കു നല്കപ്പെട്ടിരിക്കുന്നത്. വചനം 'കേൾക്കുന്ന' തിനെയാണ് ''അളവ്'' എന്ന പദം സൂചിപ്പിക്കുന്നത്. കേൾക്കാൻ മനസ്സില്ലെങ്കിൽ, വചനസന്ദേശത്തോട് നിസ്സംഗത മാത്രമാണു കാട്ടുന്നതെങ്കിൽ, എല്ലാം നഷ്ടപ്പെടുമെന്നു വിവക്ഷ. ശിഷ്യന്മാരെപ്പോലെ സജീവമായ പ്രത്യുത്തരം നല്കുന്നവർക്ക് കൂടുതലായി നല്കപ്പെടും.

### 4. 26–29 തനിയെ മുളച്ചുവരുന്ന വിത്ത്

ഒരു ദൃഷ്ടാന്തത്തിന്റെ രൂപത്തിലുള്ള ഈ ഉപമയിൽ ആരും അറിയാതെ തനിയെ മുളച്ചുവരുന്ന വിത്തിനെക്കുറിച്ചാണു പറയുന്നത്. കൃഷിക്കാരൻ വിതയ്ക്കുക മാത്രം ചെയ്യുന്നു. കൊയ്ത്താറാ

കുമ്പോൾ കൊയ്യുകയും ചെയ്യുന്നു. താനേ വളരുകയും സമൃദ്ധമായ വിളവു നല്കുകയും ചെയ്യുന്ന ഈ വിത്തിനോടാണ് ദൈവരാജ്യത്തെ തുലനം ചെയ്തിരിക്കുന്നത്.

യേശുവിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. ദൈവം പുതിയ രീതിയിൽ ഭരണമാരംഭിച്ചുകഴിഞ്ഞിരുന്നു. വിത്തു വിതയ്ക്കപ്പെട്ടു കഴിഞ്ഞു. അതായത് ദൈവം സത്യമായും വാഴാൻ തുടങ്ങി. കാണാനും വിശ്വസിക്കാനും പ്രയാസമാണെങ്കിലും മനുഷ്യരുടെ മധ്യേ പുതിയൊരുരീതിയിൽ അവിടന്ന് പ്രവർത്തിക്കുന്നു. ദൈവപ്രവൃത്തിയുടെ വിജയം അവിടത്തെ കൈകളിലാണ്. ദൈവരാജ്യത്തിന്റെ വളർച്ച ദൈവത്തിന്റെ പ്രവർത്തനം തന്നെയാണെന്ന് ശിഷ്യന്മാർ മനസ്സിലാക്കണം. ദൈവരാജ്യത്തിന്റെ വിത്തുകൾ പൂർണവളർച്ചയിലെത്തുകയും സമൃദ്ധഫലം നല്കുകയും ചെയ്യും എന്ന് യേശു ശിഷ്യന്മാർക്ക് ഉറപ്പുകൊടുക്കുന്നു.

### 4.30–32 കടുകുമണി

വ്യതിരേകഭംഗി നല്കുന്ന ഒരു ഉപമയാണിത്. തുടക്കം അപ്രധാനമാണെങ്കിലും അവസാനം ഫലസമൃദ്ധമാണെന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. വലിയൊരു വൃക്ഷമായി വളരുന്ന കടുകുമണിപോലെയാണ് ദൈവരാജ്യം. കടുകുമണിയുടെ ചെറുപ്പം പ്രസിദ്ധമാണല്ലോ (cf. മത്താ 17.20; ലൂക്കാ 17.6). ദൈവരാജ്യത്തിന്റെ എളിയ ആരംഭത്തെ യേശു കടുകുമണിയോടു സാദൃശ്യപ്പെടുത്തുന്നു. വളർച്ചയ്ക്കും ആത്യന്തിക ഫലപ്രാപ്തിക്കുമാണ് യേശു പ്രാധാന്യം കൊടുത്തിരിക്കുന്നത്. മർക്കോസ് 4.1-34 ലെ മൂന്നു ഉപമകളുടെയും സന്ദേശം ഇതുതന്നെ. യേശു എന്ന വ്യക്തിയിലൂടെ ദൈവരാജ്യം പ്രവർത്തനക്ഷമമാകുന്നതു കാണുമ്പോൾ മാത്രമേ ഇവയുടെ ആഴത്തിലുള്ള അർഥം ഗ്രഹിക്കാൻ കഴിയൂ.

### 4.33–34 സമാപനം

ഉപമകൾ വഴിയുള്ള യേശുവിന്റെ പ്രബോധനത്തിന് സമാപനമായാണ് ഈ വാക്യങ്ങൾ ചേർത്തിരിക്കുന്നത്. യേശുവിന്റെ അധ്യാപനത്തിന് ആമുഖമായി ചേർത്ത 4.2 നെ പരാമർശിക്കുന്നതാണ് 4.33. ഉപമകൾക്ക് യേശു നല്കുന്ന സ്വകാര്യഭാഷ്യം (4.10–25) 34–ാം വാക്യത്തിൽ അനുസ്മരിക്കുന്നു. ഉപമകൾക്ക് വിഭിന്നങ്ങളായ അർഥതലങ്ങളുണ്ടെന്നും ഈ വാക്യം സൂചിപ്പിക്കുന്നു. എന്നാൽ പിന്നീടുണ്ടാകുന്ന വിശദീകരണങ്ങൾകൊണ്ടു മാത്രമേ പൂർണമായി അർഥം ഗ്രഹിക്കാൻ കഴിയൂ (cf. 4.10–12, 13–20).

### മർക്കോസ് 4.35–41 കൊടുങ്കാറ്റിനെ ശമിപ്പിക്കുന്നു.

കൊടുങ്കാറ്റിനെ ശമിപ്പിക്കുന്ന അദ്ഭുതത്തെപ്പറ്റിയുള്ള മർക്കോസിന്റെ വിവരണത്തിൽ ചില വൈരുദ്ധ്യങ്ങൾ കാണാൻ കഴിയും. ഒന്ന്, കാറ്റിൽ ഉലഞ്ഞാടുന്ന വഞ്ചിയും വഞ്ചിയിൽ യാതൊന്നുമറിയാതെ സ്വസ്ഥമായും ശാന്തമായും ഉറങ്ങുന്ന യേശുവും (4.37–38a). രണ്ട്, കടലിൽ പരിചയമുള്ള മുക്കുവരായിരുന്നിട്ടും ശിഷ്യന്മാർ പ്രകടിപ്പിക്കുന്ന ഭീതിയും സംഭ്രമവും, യേശുവിന്റെ പ്രശാന്തതയും ഗൗരവമാർന്ന സ്വസ്ഥതയും (4.38b–39). മൂന്ന്, യേശു ഇടപെടുന്നതിനുമുമ്പും പിമ്പുമുള്ള കടലിന്റെ അവസ്ഥ (4.37, 39). പ്രകൃതിശക്തികളെ കീഴ്പ്പെടുത്തുന്ന യേശുവിന്റെ ശക്തിയിലേക്കാണ് ഈ വൈരുദ്ധ്യങ്ങളിലൂടെ സുവിശേഷകൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

കാറ്റിനെയും അലറുന്ന കടലിനെയും ശാന്തമാക്കാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളൂവെന്ന പഴയനിയമവീക്ഷണത്തിന്റെ (cf. ജോബ് 7.12 സങ്കീ 65.7; 89.8–9; 107.28–30) വെളിച്ചത്തിൽ വേണം ഈ അദ്ഭുതത്തെ മനസ്സിലാക്കാൻ. യാഹ്‌വെ കൊടുങ്കാറ്റിനെയും കടലിനെയും നിയന്ത്രിക്കുമ്പോൾ പ്രകടമാവുന്നത് അവിടത്തെ രക്ഷാകര ശക്തിയാണ് (cf സങ്കീ 74.12–14; 89.9–10; 107.28–30).

''ഇവൻ ആരാണ്? കാറ്റും കടലുംപോലും ഇവനെ അനുസരിക്കുന്നല്ലോ'' (4.41) എന്ന ശിഷ്യന്മാരുടെ ഭീതി നിറഞ്ഞ ചോദ്യത്തിലും ഇക്കാര്യം പ്രകടമായിട്ടുണ്ട്. തന്നിലുള്ള ദൈവികശക്തിയാണ് ശിഷ്യരുടെ മുന്നിൽ അവിടന്ന് വെളിപ്പെടുത്തുന്നത്. പക്ഷെ അവർക്ക് അതിന്റെ പൊരുൾ മനസ്സിലാക്കാനോ അവിടത്തെ വ്യക്തിത്വം ഗ്രഹിക്കാനോ കഴിഞ്ഞില്ല. വിശ്വാസരാഹിത്യത്തിന് അവിടന്ന് അവരെ ശാസിക്കുക മാത്രമല്ല (4.40), ആ ശാസന വഴി തന്റെ ദൈവികശക്തിയിൽ ശരണപ്പെടാൻ ക്ഷണിക്കുകകൂടിയാണു ചെയ്യുന്നത്. ശിഷ്യത്വത്തിന്റെ ഒരു സാധനപാഠമായിട്ടാണ് മർക്കോസ് ഈ സംഭവം വിവരിക്കുന്നത്.

## മർക്കോസ് 5.1–20 ഗെരസേനയിലെ പിശാചുബാധിതൻ

വിജാതീയരുടെ നാട്ടിൽ ചെയ്യുന്ന ആദ്യത്തെ ഈ അദ്ഭുതത്തിലൂടെ യഹൂദരല്ലാത്തവർക്ക് ദൈവരാജ്യസന്ദേശം നല്കുന്ന പ്രവൃത്തിയിൽ യേശുവിനോടു സഹകരിക്കാൻ നാം ക്ഷണിക്കപ്പെടുന്നു. പ്രകൃതിശക്തികളുടെമേലുള്ള അധികാരം പ്രകടമാക്കിയതിനുശേഷം (4.35–41) യേശു

ശിഷ്യരുമൊത്ത് വിജാതീയരായ ഗെരസേനരുടെ നാട്ടിൽ വരുന്നു. യേശു അവിടെ എത്തിച്ചേരുന്ന സമയത്ത് ഒരു പിശാചുബാധിതനെ കാണുന്നു. (5.1-2).

മർക്കോസ് 5.1-20 അടിസ്ഥാനപരമായി ഒരു ബാധോച്ചാടനസംഭവവിവരണമാണ്. ഇതിനെ മറ്റു ഘടകങ്ങൾ ചേർത്ത് വികസിപ്പിച്ചിരിക്കുകയാണ്. പന്നിക്കൂട്ടത്തെക്കുറിച്ചുള്ള വിവരണവും (5.11-13) പട്ടണത്തിൽനിന്നു വരുന്ന ആളുകളെക്കുറിച്ചുള്ള വിവരണവും (5.14-17) ഇതാണു കാണിക്കുന്നത്. ലക്ഷ്യമില്ലാതല്ല മർക്കോസ് ഇക്കാര്യങ്ങൾ ചേർത്തിരിക്കുന്നത്.

പിശാചുബാധിതൻ ഒരു വിജാതീയനാണ്. അവന്റെ സ്ഥിതിയാകട്ടെ ഗുരുതരവും (5.2-5). അവനെ കീഴ്പ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. കാരണം ഒട്ടേറെ പിശാചുകളാണ്, ഒരു ലെഗിയോനാണ്, അവനെ ആവേശിച്ചിരിക്കുന്നത്. എന്നാൽ യേശു തന്റെ ആജ്ഞാവചനത്താൽ അവയെ ബഹിഷ്കരിക്കുന്നു. ആ മനുഷ്യനിൽനിന്നു മാത്രമല്ല, ആ നാട്ടിൽ നിന്നുതന്നെ യേശു പിശാചുകളെ ആട്ടിപ്പായിക്കുന്നുവെന്ന് കാണിക്കാനാണ് പന്നിക്കൂട്ടത്തിന്റെ കഥ (5.11-13) എടുത്തുപറഞ്ഞിരിക്കുന്നത്.

### മർക്കോസ് 5.21-43 ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്നു

ഈ ഭാഗത്ത് രണ്ട് അദ്ഭുതങ്ങളുടെ വിവരണമുണ്ട്. രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്നതും (5.25-34) ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്നതും (5.21-24, 35-43). രണ്ടു കഥകളുടെയും പ്രമേയം സ്ത്രീകൾക്കു ലഭിക്കുന്ന രോഗശാന്തിയാണ്. രോഗി അല്ലെങ്കിൽ രോഗിയുടെ ബന്ധു യേശുവിനെ സമീപിക്കുന്നതാണ് സംഭവത്തിന്റെ തുടക്കം. രണ്ടുപേരുടെയും രോഗം ഗുരുതരമാണ്; ആശയറ്റതും. രോഗശമനത്തിനും പുതുജീവിതത്തിനും ശരീരസ്പർശം രണ്ടു സ്ഥലത്തും വേണ്ടിവരുന്നു. രണ്ടു സംഭവങ്ങളും പ്രഖ്യാപിക്കുന്നത് ഒരേ സന്ദേശമാണ്- യേശു സൗഖ്യവും ആരോഗ്യവും രക്ഷയും ജീവനും പ്രദാനം ചെയ്യുന്നുവെന്ന സന്ദേശം.

ഉറച്ച വിശ്വാസമുണ്ടായിരുന്നതുകൊണ്ടാണ് രക്തസ്രാവക്കാരി യേശുവിന്റെ വസ്ത്രാഞ്ചലത്തിൽ സ്പർശിച്ചത്. ലേവ്യർ 15.25 അനുസരിച്ച് അവളുടെ രോഗം അനുഷ്ഠാനപരമായി അശുദ്ധിയായിരുന്നു. അതുകൊണ്ടാണ് അവൾ നടത്തിയ ഈ സാഹസികകൃത്യം അവളുടെ വിശ്വാസത്തിന്റെയും ശരണത്തിന്റെയും അടയാളമാണെന്നു പറയുന്നത്.

മരണാസന്നയായ മകളെ സുഖപ്പെടുത്തണമെന്നപേക്ഷിച്ച് യേശുവിന്റെ സമീപത്തേക്കു വന്നതുകൊണ്ടുതന്നെ (5.23) ജായ്റോസിന്റെ വിശ്വാസം സ്പഷ്ടമായി. ജായ്റോസിന്റെ മൃതയായ മകളെ ഉയിർപ്പിച്ച അദ്ഭുതം യേശുവിന്റെ തന്നെ മരണശേഷമുള്ള ഉത്ഥാനത്തിന്റെ പ്രതീകമാണ്. ''എഴുന്നേല്ക്കുക'' എന്ന വാക്കുതന്നെ (5.41-42) യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി പറയുമ്പോഴും മർക്കോസ് ഉപയോഗിക്കുന്നുണ്ട് (cf 8.31; 9.31; 10.34; 14.28; 16.6). ശിഷ്യരുടെ സാന്നിധ്യത്തിൽ ചെയ്ത ഈ അദ്ഭുതങ്ങൾ വഴി താൻ മിശിഹായാണെന്ന് അവിടന്ന് അവർക്ക് സ്വയം വെളിപ്പെടുത്തിക്കൊടുക്കുകയായിരുന്നു.

### മർക്കോസ് 6.1-6a നസ്രത്തിലെ തിരസ്കാരം

3-ാം അധ്യായം 7 മുതൽ 12 വരെയുള്ള വാക്യങ്ങളിലാരംഭിച്ച ഗലീലിയൻ ശുശ്രൂഷയുടെ രണ്ടാം ഘട്ടം 6.1-6a യിൽ അവസാനിപ്പിക്കുകയാണ്. യേശുവിനോടും അവിടത്തെ രക്ഷാകരശുശ്രൂഷയോടും ജനങ്ങളിൽ ഉണ്ടായ വ്യത്യസ്ത പ്രതികരണങ്ങൾ മർക്കോസ് സൂക്ഷ്മമായി രേഖപ്പെടുത്തുന്നു. 6.1-6a യിൽ നസ്രത്തുകാരുടെ വിശ്വാസരാഹിത്യത്തെയും ദുരാരോപണത്തെയും കുറിച്ച് സുവിശേഷകൻ നമ്മെ അറിയിക്കുന്നു. ഒന്നാം ഘട്ടത്തിലെ വിവരണങ്ങളെ യേശുവിനെ വധിക്കാൻ ശത്രുക്കൾ നടത്തുന്ന ഗൂഢാലോചനയുടെ പാരമ്യത്തിലെത്തുന്നതുപോലെ (3.6) ഗലീലിയൻ ശുശ്രൂഷയുടെ രണ്ടാം ഘട്ടത്തിനു മൂർദ്ധന്യമാകുന്നു ഈ സംഭവം.

യേശുവിന്റെ നസ്രത്തുദൗത്യം വിജയപ്രദമായില്ല. യേശുവിന്റെ കുടുംബപശ്ചാത്തലവും തൊഴിലും അറിയാവുന്നവരെന്നനിലയിൽ നസ്രത്തുകാർക്ക് അവിടത്തെ ജ്ഞാനത്തിന്റെയും അധികാരത്തിന്റെയും ഉറവിടം മനസ്സിലാക്കാൻ ബുദ്ധിമുട്ടായി. യേശുവിനെ വിശ്വസിക്കാൻ അവർ കൂട്ടാക്കിയില്ല.

നസ്രത്തുസംഭവത്തോടെ യേശുവിന്റെ ആദ്യകാല ഗലീലിയൻ ശുശ്രൂഷയെ അതിന്റെ മൂർധന്യത്തിൽ മർക്കോസ് എത്തിക്കുന്നു. അവിടന്ന് പിന്നീടൊരിക്കലും ഒരു സിനഗോഗിൽ പ്രവേശിക്കുന്നില്ല എന്നതുകൊണ്ട് യേശു ഔദ്യോഗിക യഹൂദമതത്തിൽ നിന്നു പൂർണമായി വേർപിരി

ഞ്ഞിരിക്കുന്നുവെന്ന് ഈ സംഭവം സൂചിപ്പിക്കുന്നുണ്ട്. സ്വന്തം നാട്ടുകാർ തള്ളിപ്പറഞ്ഞതും അവിശ്വസിച്ചതുമായ സംഭവം യഹൂദമതവും മതാധികാരികളും യേശുവിനെ തിരസ്കരിക്കാൻ പോകുന്നതിന്റെ മുൻസൂചനയുമാണ്. അങ്ങനെ കുരിശിലേക്കുള്ള യാത്രയിലെ മറ്റൊരു നാഴികക്കല്ലായി മാറി നസ്രത്തു സംഭവം. ജീവദാതാവായ യേശുവിന്റെമേൽ മരണത്തിന്റെ കരിനിഴൽ വീണു തുടങ്ങിയെന്നു സുവിശേഷകൻ നമ്മെ അനുസ്മരിപ്പിക്കുന്നു.

## മർക്കോസ് 6:6$^b$ – 10:52

## യേശു ശിഷ്യർക്കു സ്വയം വെളിപ്പെടുത്തുന്നു

### മർക്കോസ് 6:6$_b$ സംഗ്രഹപ്രസ്താവന

സുവിശേഷത്തിന്റെ ഘടനയനുസരിച്ച് ഒന്നാം ഭാഗത്തിന്റെ (1:14-8:26) മൂന്നാം ഉപവിഭാഗമാണ് 6:6$_b$-8:21. ഒരു സംഗ്രഹപ്രസ്താവനയോടെയാണ് (6:6$_b$) ഈ ഭാഗം തുടങ്ങുന്നത്. ഒന്നാം ഭാഗത്തിന്റെ എല്ലാ ഉപവിഭാഗങ്ങളും ആരംഭിക്കുന്നത് ഇങ്ങനെയൊരു സംഗ്രഹ പ്രസ്താവനയോടെയാണ്. തുടർന്നു ശിഷ്യന്മാരെ സംബന്ധിച്ച ഒരു വിവരണവും ജനങ്ങളുടെ അന്ധതയെയും അജ്ഞതയെയും സംബന്ധിച്ച ഒരു സമാപനവും കാണാം. സുവിശേഷത്തിന്റെ ഒന്നാം ഭാഗത്ത് മർക്കോസ് ഉപയോഗിക്കുന്ന ത്രിവിധഘടനാരീതി താഴെ കൊടുക്കുന്നു:

| | | 1:14–3:6 | 3:7–6:6$_a$ | 6:6$_b$–8:21 |
|---|---|---|---|---|
| 1. | സംഗ്രഹപ്രസ്താവന | 1:14 –15 | 3:7–12 | 6:6$_b$ |
| 2. | ശിഷ്യന്മാർ | 1:16–20 | 3:13–19 | 6:7–13 |
| 3. | അന്ധത | 3:6 | 6:1–6$_a$ | 8:17–21 |

''യേശു ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ചു പഠിപ്പിച്ചുകൊണ്ടിരുന്നു'' എന്ന് 6:6$_b$ യിൽ പറയുന്നു. സുവിശേഷകനെ സംബന്ധിച്ചിടത്തോളം യേശുവിന്റെ പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ സവിശേഷതയാണ് പ്രബോധനം (cf 1:21-27; 2:13; 4:1-34; 6:1-2). എന്നാൽ സുവിശേഷത്തിന്റെ ആദ്യഭാഗത്തു യേശുവിന്റെ അധ്യാപനത്തിന്റെ ഉള്ളടക്കം വ്യക്തമാക്കിയിട്ടില്ല. നാലാമധ്യായത്തിലെ പ്രതീകാത്മകവും രഹസ്യാത്മകവുമായ പ്രബോധനങ്ങളിൽ അത് അന്തർലീനമാണ്. ഉള്ളടക്കം വ്യക്തമാക്കുന്നതിനെക്കാൾ മർക്കോസിനു താത്പര്യം യേശുവിന്റെ പ്രബോധനങ്ങൾ നിരന്തരമായ ഒരു പ്രവൃത്തിയായി അവതരിപ്പിക്കാനാണ്. നസ്രത്തുകാർ അവിടത്തെ പ്രബോധനം തള്ളിപ്പറഞ്ഞെങ്കിലും (6:1-6$_a$) മറ്റു സ്ഥലങ്ങളിൽ യേശുവിന്റെ അധ്യാപനം ഊർജിതപ്പെടുത്തിയെന്ന് 6:6$_b$ ഊന്നിപ്പറയുന്നു. സിനഗോഗുകളിലും ഗലീലിയിലെ മതകേന്ദ്രങ്ങളിലുമുള്ള തന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് അവിടന്ന് ഗ്രാമപ്രദേശങ്ങളിലേക്കു തന്റെ ശുശ്രൂഷ വ്യാപിപ്പിക്കുകയാണ്.

### മർക്കോസ് 6:7–13 പന്ത്രണ്ടുപേരുടെ ദൗത്യം

ശിഷ്യന്മാരെ വിളിച്ചതിനെയും (1:16-20) സംഘമായി നിയോഗിച്ചതിനെയും (3:13-19) കുറിച്ചാണല്ലോ ആദ്യത്തെ രണ്ട് ഉപവിഭാഗങ്ങളിൽ പ്രതിപാദിച്ചത്. ശിഷ്യത്വത്തിന്റെ അപ്പസ്തോലിക ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതാണ് ദൗത്യത്തെ സംബന്ധിച്ച വിവരണം (6:7-13). ഇതോടെ പ്രസംഗിക്കാനും രോഗശാന്തി നല്കാനും പിശാചുക്കളെ ഒഴിപ്പിക്കാനുമായി ശിഷ്യന്മാർ അയയ്ക്കപ്പെടുകയാണ് (cf. 6:12-13).

ശിഷ്യത്വത്തിന്റെ ലക്ഷ്യം ക്രമാനുഗതമായി സുവിശേഷത്തിൽ വിശദീകരിക്കുന്നതും യാഥാർത്ഥ്യമാകുന്നതും താഴെപ്പറയുന്നവിധം ക്രമീകരിച്ചെഴുതാം.

| മർക്കോ 1:16–20<br>വിളി | 3:13–19<br>അധ്യാപനം | 6:7–13<br>ദൗത്യം |
|---|---|---|
| 1. യേശുവിനെ അനുഗമിക്കുക | 1. യേശുവിനോടുകൂടെ ആയിരിക്കുക | 1. അവർ പുറപ്പെട്ട്, പ്രസംഗിച്ചു |
| 2. സമ്പാദ്യങ്ങളും സുരക്ഷിതത്വവും കുടുംബബന്ധങ്ങളും പരിത്യജിച്ചുകൊണ്ട് | 2. പ്രസംഗിക്കാനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം പ്രാപിക്കാനും അയയ്ക്കപ്പെടുന്നതിനും | 2. അവർ അനേകം പിശാചുക്കളെ പുറത്താക്കി. |
| | | 3. അനേകം രോഗികളെ സുഖപ്പെടുത്തി |

പ്രസംഗം, ബാധോച്ചാടനം, രോഗശാന്തി എന്നിങ്ങനെ അപ്പസ്തോലന്മാർ നടത്തിയ പ്രേഷിതപ്രവർത്തനങ്ങൾ (6:7–13) യേശു ചെയ്ത പ്രവർത്തനങ്ങൾക്കു സമാനമാണ്. യഥാർഥത്തിൽ യേശുവിന്റെതന്നെ ദൗത്യത്തിന്റെ തുടർച്ചയും വിപുലീകരണവുമാണ് അവരുടെ പ്രവർത്തനങ്ങൾ. യേശുവിന്റെ ദൗത്യവാഹകരെന്ന നിലയിൽ അവിടുത്തെ നാമത്തിലും അധികാരത്തിലും അവർ പ്രവർത്തിക്കുന്നു.

## മർക്കോസ് 6:14–16 യേശു ആരാണ്? – ഭിന്നാഭിപ്രായങ്ങൾ

പന്ത്രണ്ടുപേരുടെ പ്രേഷിത ദൗത്യത്തെയും (6:7–13) അവരുടെ തിരിച്ചുവരവിനെയും കുറിച്ചുള്ള (6:30) വിവരണങ്ങൾക്കിടയിൽ യേശുവിന്റെ വ്യക്തിത്വത്തെപ്പറ്റി ഹ്രസ്വമായൊരു പ്രതിപാദനവും (6:14–16) സ്നാപകയോഹന്നാന്റെ ശിരച്ഛേദത്തെക്കുറിച്ചു ദീർഘമായൊരു വിവരണവും (6:17–29) മർക്കോസ് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

യേശുവിന്റെയും പന്ത്രണ്ടു ശിഷ്യന്മാരുടെയും പ്രവർത്തനങ്ങൾവഴി യേശുവിന്റെ കീർത്തി ഗലീലിയിലെങ്ങും വ്യാപിച്ചു (cf 1:28). അവിടത്തെക്കുറിച്ചു നാട്ടിൽപരന്ന വാർത്തകൾ ഹേറോദേസ് അന്തിപ്പാസിന്റെ ചെവികളിലുമെത്തി. ഭിന്നാഭിപ്രായങ്ങളാണു യേശുവിനെപ്പറ്റി പ്രചരിച്ചിരുന്നത്. സ്നാപകയോഹന്നാൻ മരിച്ചവരിൽനിന്ന് ഉയിർത്തു വന്നതാണെന്നു ചിലർ കരുതി. മിശിഹായ്ക്കു മുന്നോടിയായി വരുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന ഏലിയായാണ് അവിടുന്ന് എന്നു മറ്റു ചിലർ കരുത). പഴയ പ്രവാചകന്മാരിൽ ഒരാളാണ് അവിടുന്ന് എന്നു കരുതിയവരുമുണ്ടായിരുന്നു. ആരും അവിടുത്തെ മിശിഹായായി മനസ്സിലാക്കിയില്ല.

## മർക്കോസ് 6:17–29 സ്നാപകയോഹന്നാന്റെ ശിരച്ഛേദം

ബി.സി. 4 മുതൽ എ.ഡി.39 വരെ ഗലീലിയുടെയും പെരായായുടെയും ഭരണാധിപനായിരുന്നു (cf ലൂക്കാ 3:1) ഹേറോദേസ് അന്തിപ്പാസ്. സ്വസഹോദരനായ ഫിലിപ്പിന്റെ ഭാര്യ ഹേറോദിയായെ അയാൾ നിയമവിരുദ്ധമായി സ്വന്തമാക്കിയതിനെ സ്നാപകയോഹന്നാൻ പ്രവാചകഭാഷയിൽ അപലപിച്ചു. ഇതാണ് അദ്ദേഹത്തിന്റെ വധത്തിനു കാരണമായത്. സ്നാപകന്റെ ശിരച്ഛേദത്തിന് ഇടയാക്കിയ സാഹചര്യങ്ങൾ സുവിശേഷകൻ വിശദമായി വിവരിക്കുന്നുണ്ട് (6:19–29). കഥ നേരിട്ടു സ്നാപകയോഹന്നാനെ സംബന്ധിച്ചുള്ളതാണെങ്കിലും സുവിശേഷകന്റെ ദൃഷ്ടിയിൽ ഇതിനു ക്രിസ്തുശാസ്ത്രപരമായ പ്രാധാന്യമുണ്ട്. സ്നാപകയോഹന്നാന്റെ മരണത്തിൽ യേശുവിന്റെതന്നെ മരണം മുൻകൂട്ടി നിഴലിക്കുകയും സൂചിതമാകുകയും ചെയ്യുന്നു.

| 6:14–29 | 14:1–16:8 |
|---|---|
| a) യോഹന്നാൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു (6:14,16). | a) യേശു ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു (16:6) |
| b) യോഹന്നാനെ പിടിപ്പിക്കുകയും (6:17) | b) യേശുവിനെ പിടിച്ചു (14:46) |
| c) ബന്ധിക്കുകയും (6:17) | c) ബന്ധിച്ചു (14:46; 15:1) |

| | |
|---|---|
| d) യോഹന്നാനെ വധിക്കാൻ ഹേറോദിയ ആഗ്രഹിച്ചു (6:19) | d) യേശുവിനെ വധിക്കേണ്ടതിന് പ്രധാന പുരോഹിതന്മാർ ആലോചിച്ചു (14:1) |
| e) ഹേറോദേസ് യോഹന്നാനെ ഭയപ്പെട്ടു (6:20) | e) പ്രധാന പുരോഹിതന്മാർ യേശുവിനെ ഭയപ്പെട്ടു (11:18) |
| f) യോഹന്നാൻ നീതിമാനും വിശുദ്ധനുമായിരുന്നു (6:20) | f) യേശു പരിശുദ്ധനും നീതിമാനും (അപ്പ. 3:14) |
| g) ഹേറോദേസ് മനസ്സില്ലാതെ യോഹന്നാനെ വധിക്കുവാൻ കൽപിക്കുന്നു (6:20, 26–27) | g) യേശുവിന്റെ കുറ്റത്തെക്കുറിച്ച് ബോധ്യമില്ലാതെ പീലാത്തോസ് അവിടുത്തെ മരണത്തിനു വിധിക്കുന്നു (15:14–15) |
| h) യോഹന്നാന്റെ ശിഷ്യന്മാർ അവന്റെ മൃതദേഹം എറ്റുവാങ്ങുന്നു (6:1) | h) അരിമത്തിയാക്കാരൻ ജോസഫ് യേശുവിന്റെ മൃതദേഹം താഴെയിറക്കുന്നു (15:46). |
| i) കല്ലറയിൽ സംസ്കരിക്കുന്നു (6:29) | f) കല്ലറയിൽ സംസ്കരിക്കുന്നു (15:46) |

യോഹന്നാന്റെ പീഡാനുഭവവും മരണവും യേശുവിന്റെ ആസന്നമായ പീഡാനുഭവത്തെയും മരണത്തെയും മുൻകൂട്ടി സൂചിപ്പിക്കുകയും പ്രതീകവത്കരിക്കുകയും ചെയ്യുന്നു. യേശുവിന്റെ ആഗമനത്തിന് ഒരുക്കമായിട്ടാണ് സുവിശേഷത്തിൽ യോഹന്നാന്റെ ആദ്യത്തെ രംഗപ്രവേശം (1:4–8). രണ്ടാമത്തെ രംഗപ്രവേശമാകട്ടെ (6:14–29) യേശുവിന്റെ മരണത്തെ മുൻകൂട്ടി സൂചിപ്പിക്കുന്നതിനാണ്. ഇപ്രകാരം ജീവിതത്തിൽ മാത്രമല്ല മരണത്തിലും യേശുവിനു വഴിയൊരുക്കുന്നവനായിട്ടാണ് സ്നാപകയോഹന്നാനെ സുവിശേഷകൻ ചിത്രീകരിച്ചിരിക്കുന്നത് (പാഠം 1, പേജ് 15–16 കാണുക).

# 6:30 – 8:26 അപ്പത്തിന്റെ പ്രതിപാദനം

'അപ്പത്തിന്റെ പ്രതിപാദനം' എന്നാണ് ഈ ഭാഗത്തിന് നല്കപ്പെടുന്ന അർഥസമ്പുഷ്ടമായ ശീർഷകം. യേശു അപ്പം വർധിപ്പിച്ചു കൊടുക്കുന്ന രണ്ടു കഥകൾ (6:35–44; 8:1–10) ഉൾക്കൊള്ളുന്നതുകൊണ്ടു മാത്രമല്ല, അപ്പത്തെക്കുറിച്ച് ആവർത്തിച്ചു പരാമർശിക്കുന്നതുകൊണ്ടും സാർഥകമാണ് ഈ സംജ്ഞ. മർക്കോസിന്റെ സുവിശേഷത്തിൽ 21 തവണ 'അപ്പം' എന്ന പദം ഉപയോഗിക്കുന്നതിൽ 17-ഉം ഈ ഭാഗത്താണ്. 'അപ്പം' എന്ന പ്രമേയം ഈ ഭാഗത്തെ മുഴുവൻ ഒന്നിപ്പിക്കുന്നു. പ്രബോധനങ്ങളും അടയാളങ്ങളുംവഴി യേശു ക്രമാനുഗതമായി ശിഷ്യർക്കു സ്വയം വെളിപ്പെടുത്തുന്നതാണ് ഈ ഭാഗത്തു സുവിശേഷകൻ മുഖ്യമായും പ്രതിപാദിക്കുന്നത്.

## മർക്കോസ് 6:30–34 അപ്പം വർധിപ്പിക്കലിന് ആമുഖം

അപ്പസ്തോലന്മാർ മടങ്ങിവരുന്ന കാര്യം അവതരിപ്പിച്ചുകൊണ്ട് (6:30) പന്ത്രണ്ടുപേരുടെ ദൗത്യത്തെക്കുറിച്ചുള്ള വിവരണം മർക്കോസ് ഉപസംഹരിക്കുന്നു. എങ്കിലും, അപ്പം വർധിപ്പിക്കൽ സംഭവത്തിന്റെ (6:30–34) ആമുഖഭാഗംതന്നെയാണ് 6:30. ഒരു സംഗ്രഹപ്രസ്താവനയുടെ രൂപത്തിൽ 6:30–34 അപ്പം വർധിപ്പിക്കൽ സംഭവത്തിനു മൂന്നു വിധത്തിൽ വേദിയൊരുക്കുന്നു.

i. ഒരു വിജനസ്ഥലത്തു വിശ്രമിക്കാൻ യേശു ശിഷ്യന്മാരെ ക്ഷണിക്കുന്നു (6:30–31)

ii. യേശുവും ശിഷ്യന്മാരും വിജനസ്ഥലത്തേക്കു പോകുന്നു; ജനം അനുഗമിക്കുന്നു (6:32–33)

iii. യേശുവിനു ജനത്തോട് അനുകമ്പ തോന്നുന്നു; അവരെ പഠിപ്പിക്കുന്നു (6:34).

''ഭക്ഷണം കഴിക്കാൻപോലും അവർക്ക് ഒഴിവുകിട്ടിയിരുന്നില്ല'' (6:31) എന്ന പരാമർശവും വിജനസ്ഥലത്തെക്കുറിച്ചുള്ള രണ്ടു സൂചനകളും (6:31–32) അപ്പം വർധിപ്പിക്കുന്ന അദ്ഭുതത്തിലേക്ക് വിരൽ ചൂണ്ടുന്നു. 6:33ലെ വിശദാംശങ്ങൾ അവ്യക്തമാണ്. അവർ പോകുന്നതെങ്ങോട്ടാ

ണെന്നും കൃത്യമായി പറയുന്നില്ല. ശിഷ്യന്മാർ തനിയെ വിജനസ്ഥലത്താണ് എന്നു പറയാനാണ് മർക്കോസിനു താത്പര്യം. കാരണം, അവിടെയാണ് അപ്പം വർധിപ്പിക്കൽ സംഭവിക്കുക; ശിഷ്യ ന്മാർക്ക് അതിൽ സുപ്രധാനമയ ഒരു പങ്കുവഹിക്കാനുണ്ട്. 6:31,32 ലെ ''നിങ്ങൾ തനിയെ''/''അവർ തനിയെ'' എന്ന പ്രയോഗവും ശ്രദ്ധേയമാണ്. വേർപിരിഞ്ഞ്, ഏകാന്തമായി, രഹസ്യമായി എന്നൊ ക്കെയാണ് അതു സൂചിപ്പിക്കുന്നത്. ഈ അർഥം വരുന്ന ഗ്രീക്കു പ്രയോഗം (katidian) യേശു ശിഷ്യന്മാർക്കു പ്രത്യേകം ഉപദേശം നല്കുന്ന സന്ദർഭത്തിലാണ് മർക്കോസ് സാധാരണ ഉപയോ ഗിക്കുന്നത് (cf 4:10, 34; 9:2,28;13:3). 6:31-32ൽ ഈ പദം ഉപയോഗിക്കുന്നതുവഴി വ്യക്തമാകുന്നത് അപ്പം വർധിപ്പിച്ച സംഭവത്തിനു ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളമുള്ള അർഥവ്യാപ്തിയാണ്.

6:34ൽ മർക്കോസ് യേശുവിനെ ചിത്രീകരിക്കുന്നത് കരുണാമയനായ ഇടയനും ഗുരുവുമായ മിശിഹാ ആയിട്ടാണ്. ജനം ഇടയനില്ലാത്ത ആടുകളെപ്പോലെയായതാണു യേശു അനുകമ്പാർദ്ര നാകാൻ കാരണം. ''ഇടയനില്ലാത്ത ആടുകൾ'' എന്ന പ്രയോഗം ജനത്തിന്റെ പൊതുവായ അവ സ്ഥയെ സൂചിപ്പിക്കുന്നു. (cf. സംഖ്യ 27:17; 1 രാജാ 22:17; 2 ദിന 18:16; യൂദി 11:19; എസെ 34:5-8) 6:34 ലെ 'ഇടയൻ' എന്ന വാക്ക് തുടർന്നുവരുന്ന അപ്പം വർധിപ്പിക്കൽ സംഭവത്തെ സംബന്ധിച്ചിട ത്തോളം പ്രാധാന്യമുള്ളതാണ്. പഴയനിയമത്തിൽ യാഹ്‌വെയ്ക്കു ജനത്തിന്മേലുണ്ടായിരുന്ന ഇടയസ്ഥാനം (cf. സങ്കീ 23:1; 80:1) ഇവിടെ യേശു ഏറ്റെടുക്കുന്നുവെന്നാണ് സുവിശേഷകന്റെ വിവക്ഷ. വാഗ്ദാനം ചെയ്യപ്പെട്ട, മിശിഹാത്വമുള്ള ഇടയനാണു യേശു (എസെ 34:23; ജറെ 23:4-6). അവിടന്നു ജനത്തെ തന്റെ അധ്യാപനത്താലും (മർക്കോ 6:34) സമൃദ്ധമായ ഭക്ഷണത്താലും (മർക്കോ 6:35-44) പരിപോഷിപ്പിക്കുന്നു. ഇടയനില്ലാത്ത ആടുകളോടു യേശുവിനുതോന്നിയ കാരുണ്യം ഈ കാഴ്ചപ്പാടിൽ വേണം മനസ്സിലാക്കാൻ. മർക്കോസിന്റെ ഈ പ്രസ്താവന യേശു വിന്റെ മാനുഷിക വികാരപ്രകടനമെന്നതിലുപരി, അവിടുത്തെ മിശിഹാത്വ സ്വഭാവം വെളിവാക്കു വാൻ ഉദ്ദേശിച്ചുള്ളതാണ്. അങ്ങനെ 6:30-34ലെ വിവരണം മർക്കോസ് എഴുതിയത് അപ്പം വർധിപ്പി ക്കൽ സംഭവം മുന്നിൽ കണ്ടുകൊണ്ടാണെന്ന് അനുമാനിക്കാം.

## മർക്കോസ് 6:35-44 യേശു അപ്പം വർധിപ്പിക്കുന്നു

യേശു അപ്പം വർധിപ്പിച്ച സംഭവം നാലു സുവിശേഷകന്മാരും വിവരിച്ചിട്ടുണ്ട്. മത്തായിയും മർക്കോസും ഈ രണ്ടു വിവരണങ്ങൾ നല്കുന്നു (മത്താ 14:13-21; 15:32-39; മർക്കോ 6:30-44; 8:1-9; ലൂക്കാ 9:10-17; യോഹ 6:5-13). പഴയനിയമത്തിലെ മന്നാ അദ്ഭുതവുമായി (പുറ 16:1-36) ഈ പുതിയനിയമസംഭവത്തിനു ചില സാമ്യങ്ങളുണ്ട്. യോഹന്നാനാകട്ടെ, അപ്പം വർധിപ്പിച്ച സംഭവം വിവരിക്കുമ്പോൾ മന്നാഅദ്ഭുതത്തെ നേരിട്ടു പരാമർശിക്കുകയും ചെയ്യുന്നു (cf. യോഹ 6:31-32, 49-50). മർക്കോസ് ശിഷ്യന്മാരെ പ്രത്യേകമായി ഉദ്ദേശിച്ച് പ്രതീകാത്മകവും ആവിഷ്കാരാത്മകവു മായ ഒരു സംഭവമായി 6:35-44 അവതരിപ്പിച്ചിരിക്കുന്നു.

ഇടയസ്വഭാവത്തിനു മർക്കോസ് കൊടുക്കുന്ന പ്രാധാന്യത്തെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. ജനക്കൂട്ടത്തിന് അപ്പം നല്കുന്ന സംഭവം ഈ സ്വഭാവത്തെ എടുത്തു കാട്ടുന്നതാണ്. ഇവിടെ 23-ാം സങ്കീർത്തനമാണു സൂചിതം.

| | | | |
|---|---|---|---|
| 6:31 | അല്പം വിശ്രമിക്കാം | സങ്കീ 23:2 | വിശ്രമമരുളുന്നു |
| 6:39 | പുല്ത്തകിടിയിൽ | 23:2 | പച്ചയായ പുല്ത്തകിടിയിൽ |
| 6:39-40 | കൂട്ടംകൂട്ടമായി ഇരുത്തുന്നു | 23:5 | വിരുന്നിന് ഇരുത്തുന്നു |

യാഹ്‌വെയെ ഇസ്രായേലിന്റെ ഇടയനായി ചിത്രീകരിക്കുന്ന 23-ാം സങ്കീർത്തനത്തിന്റെ വെളി ച്ചത്തിലാണ് അപ്പം വർധിപ്പിച്ച കഥ മർക്കോസ് വിവരിക്കുക. ജനത്തിനു സമൃദ്ധമായ ഭക്ഷണവും വിശ്രമവും നല്കുന്ന മിശിഹാത്വമുള്ള ഇടയനാണ് യേശു, സുവിശേഷകന്റെ ദൃഷ്ടിയിൽ. ഇപ്ര കാരം ശിഷ്യരെ സംബന്ധിച്ചിടത്തോളം, ഈ ഭക്ഷണം നൽകൽ യേശുവിന്റെ മിശിഹാത്വത്തിനുള്ള അടയാളമാണ്.

യേശുവിന്റെ പ്രവൃത്തികളും ആംഗ്യങ്ങളും വിവരിക്കുന്ന 6:41 അദ്ഭുതം നടന്നതെങ്ങനെയെ ന്നതിന്റെ സൂചന ഉൾക്കൊള്ളുന്നുണ്ട്. 'നല്കി' എന്ന പദത്തിന്റെ ഗ്രീക്കു ക്രിയാരൂപം നിഷ്കൃഷ്ട

മായി പഠിക്കുന്നപക്ഷം, ആ 'നല്കൽ' തുടർച്ചയായ ഒരു കൃത്യമായിരുന്നുവെന്നും ശിഷ്യർക്കു കൊടുത്തുകൊണ്ടിരിക്കെ അപ്പം വർധിപ്പിച്ചുകൊണ്ടിരുന്നുവെന്നും മനസ്സിലാകും. ആദ്യത്തെ അപ്പം വർധിപ്പിക്കൽ സംഭവം നടന്നത് ഗലീലിയിലായിരുന്നു എന്നനുമാനിക്കാൻ ന്യായമുണ്ട്. കാരണം, അതു കഴിഞ്ഞുടനെ ഗലീലിക്കടലിന്റെ കിഴക്കേക്കരയിലുള്ള ബേത്സയ്ദായിലേക്കാണ് യേശു ശിഷ്യന്മാരെ പറഞ്ഞയയ്ക്കുന്നത് (cf 6:45). കൂടാതെ അപ്പം മുറിക്കുന്നതിനുമുമ്പ് കൃതജ്ഞതാസ്തോത്രം ചെയ്തതായി (6:41) പറയുന്നു. ആശീർവദിച്ചു എന്നല്ല, ''സ്വർഗത്തിലേക്കു നോക്കി, കൃതജ്ഞതാസ്തോത്രം ചെയ്തു'' എന്നാണ് സുവിശേഷകൻ പറയുന്നത്. ഇവിടെ യേശു സ്വർഗത്തിലേക്കു തന്റെ കണ്ണുകളുയർത്തി ദൈവത്തെ സ്തുതിച്ചു എന്നാണർഥം. ഭക്ഷണത്തിനുമുമ്പ് ദൈവത്തെ സ്തുതിക്കുന്ന യഹൂദരുടെ ആചാരത്തിന് അനുയോജ്യമാണ് യേശുവിന്റെ ഈ പ്രാർഥന. ''ഭൂമിയിൽ നിന്ന് അപ്പം പുറപ്പെടുത്തുന്ന ഞങ്ങളുടെ ദൈവവും ലോകത്തിന്റെ രാജാവുമായ കർത്താവേ, അങ്ങയുടെ നാമം പൂജിതമാകട്ടെ'' ഇതാണ് ഭക്ഷണത്തിനുമുമ്പുള്ള യഹൂദരുടെ സാധാരണ പ്രാർത്ഥന. 'ആശീർവദിച്ചു' എന്ന യഹൂദശൈലിക്കുപകരം ''കൃതജ്ഞതാസ്തോത്രം ചെയ്തു'' എന്നു മർക്കോസ് 8:6-ൽ പ്രയോഗിച്ചിട്ടുണ്ട്. ഈ വാക്യത്തെ 6:41മായി താരതമ്യം ചെയ്യുന്നത് ഈയവസരത്തിൽ ഉപകാരപ്രദമായിരിക്കും.

അപ്പം വർധിപ്പിച്ച ഒന്നാമത്തെ സംഭവത്തിൽ (6:43) പ്രതീകാത്മകമായ 'പന്ത്രണ്ട്' എന്ന സംഖ്യയും 'കുട്ട' എന്ന ഗ്രീക്കു പദവും യഹൂദ പശ്ചാത്തലത്തെ അനുസ്മരിപ്പിക്കുന്നു. പന്ത്രണ്ട് എന്ന സംഖ്യ ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്നു. പന്ത്രണ്ടു കുട്ട നിറയെ ബാക്കിവന്ന അപ്പക്കഷണങ്ങൾ അവർ ശേഖരിച്ചു (6:43). 'കുട്ട'യുടെ ഗ്രീക്കുപദം (6:43ൽ നിന്നും വ്യത്യസ്തം 8:8ൽ) ഭക്ഷ്യവസ്തുക്കൾ കൊണ്ടുപോകാൻ യഹൂദർ ഉപയോഗിക്കുന്ന പ്രത്യേകയിനം പാത്രങ്ങളെയാണ് സൂചിപ്പിക്കുന്നത്. ഇപ്രകാരം 6:35-44 വരെയുള്ള ഭാഗത്തെ വിവിധ ഘടകങ്ങൾ പരിശോധിച്ചാൽ ആദ്യത്തെ സംഭവം യഹൂദ പശ്ചാത്തലത്തിലായിരുന്നു എന്നു കാണാം. ഈ സംഭവത്തിൽ യേശുവിനെ മിശിഹാത്വമുള്ള ഇടയനായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഈ സുവിശേഷഭാഗത്തിൽ അവിടന്ന് യഹൂദർക്കു ഭക്ഷണം നല്കുന്നവനാണ്. രണ്ടാമത്തെ അപ്പം വർധിപ്പിക്കൽ സംഭവത്തിലാകട്ടെ (8:1-9) അവിടന്നു വിജാതീയർക്കു ഭക്ഷണം നല്കുന്നു (അപ്പം വർധിപ്പിച്ച സംഭവങ്ങളും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ മർക്കോ 8:1-9 വാക്യങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനം കാണുക).

## മർക്കോസ് 6:45-52 യേശു വെള്ളത്തിനുമീതെ നടക്കുന്നു

അപ്പം വർധിപ്പിച്ച സംഭവത്തിനുശേഷം യേശു മലയിലേക്കു പോയെന്നു മർക്കോസും പറയുന്നു. യോഹന്നാന്റെ സുവിശേഷത്തിലെപ്പോലെ മർക്കോസിന്റെ സുവിശേഷത്തിലും അപ്പം വർധിപ്പിക്കൽ ജനങ്ങൾക്കിടയിൽ മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷകൾ ആവേശമുണർത്തി എന്നതിനു തെളിവുകളാണ് ധൃതിയിൽ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതും തിടുക്കത്തിൽ വഞ്ചിയിൽ കയറുവാൻ ശിഷ്യന്മാരോടു കല്പിക്കുന്നതും പ്രാർഥിക്കാനായി അവിടുന്ന് മലയിലേക്കു പോകുന്നതും (6:45-46). യേശു കടലിനുമീതെ നടക്കുന്ന വിവരണം ഒരു ദൈവാവിഷ്കാരമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അതായത്, ശിഷ്യന്മാർക്കുവേണ്ടിയുള്ള യേശുവിന്റെ ഒരു സ്വയം പ്രത്യക്ഷീകരണം.

ശിഷ്യന്മാർക്കുള്ള യേശുവിന്റെ സ്വയം വെളിപ്പെടുത്തലാണ് മർക്കോ. 6:45-52 ലെ വിവരണം എന്നതിന് അതിൽത്തന്നെ പല സൂചനകളുമുണ്ട്. വെള്ളത്തിനു മീതെ നടക്കുക, കടലിനെ നിയന്ത്രിക്കുക തുടങ്ങിയ പ്രവൃത്തികൾ ദൈവത്തിനു മാത്രം സാധ്യമായ കാര്യങ്ങളായിട്ടാണ് പഴയനിയമത്തിൽ കാണുന്നത് (cf. ജോബ് 9:8; 38:16; പ്രഭാ. 24:5-6; സങ്കീ. 77:19; ഏശ. 43:16). വെള്ളത്തിനു മീതെ നടന്ന സംഭവത്തിലൂടെ (6:48-49) യേശു തനിക്ക് പ്രകൃതി ശക്തികളുടെമേലുള്ള ദൈവികാധികാരം പ്രസ്പഷ്ടമാക്കുന്നു. ''അവൻ അവരെ കടന്നു പോകുവാൻ ഭാവിച്ചു'' (6:48) എന്ന പ്രസ്താവന പഴയനിയമത്തിൽ ദൈവത്തിന്റെ പ്രത്യക്ഷീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതുപോലുള്ള പദപ്രയോഗങ്ങൾ പഴയ നിയമത്തിലെ ദൈവാവിഷ്കാര രംഗങ്ങളിൽ പലപ്പോഴും കാണുന്നുണ്ട്, (cf പുറ 33:19, 22;1 രാജാ 19:11; ജോബ് 9:11; കൂടാതെ ലൂക്കാ 24:28). ശിഷ്യന്മാരുടെ മധ്യേയുള്ള യേശുവിന്റെ ദൈവിക സാന്നിധ്യം പ്രകടമാക്കാനാണ് 'കടന്നുപോവുക' എന്ന പഴയ

നിയമ പ്രയോഗം 6:48ൽ മർക്കോസ് ഉപയോഗിച്ചിരിക്കുന്നത്. അവരെ 'കടന്നുപോയിക്കൊണ്ട്' തന്റെ സാന്നിധ്യം അവർക്കു വെളിപ്പെടുത്തുവാനാണ് യേശു ഉദ്ദേശിച്ചത്. ''ഞാനാണ്'' എന്ന പ്രഖ്യാപനം യേശുവിന്റെ വ്യക്തിത്വത്തെ ശിഷ്യന്മാർക്കു സുനിശ്ചിതമാക്കുന്ന ആശ്വാസപ്രദമായ വാക്കുകൾ മാത്രമല്ല, ദൈവശാസ്ത്രപരമായി ആഴമേറിയ അർഥം ഉൾക്കൊള്ളുന്നതുമാണ്. രക്ഷാകരപ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനെക്കുറിക്കുന്ന ഒരു ഫോർമുലയാണ് പഴയനിയമത്തിൽ ''ഞാനാകുന്നു'' എന്ന പ്രയോഗം (cf. പുറ 3:14). 6:45-52 ൽ ഉപയോഗിച്ചിരിക്കുന്ന ഈ അംഗീകൃത ഫോർമുല ഈ സംഭവത്തിന്റെ ആവിഷ്കാരാത്മകവും രക്ഷാകരവുമായ സ്വഭാവത്തെ സൂചിപ്പിക്കുന്നു.

ശിഷ്യന്മാർ ഭയപ്പെട്ടതിനെക്കുറിച്ചു 6:50-ൽ രണ്ടു പരാമർശങ്ങളുണ്ട്. അവരുടെ വിശ്വാസരാഹിത്യം വ്യക്തമാക്കാനും പ്രസ്തുത സംഭവത്തിന്റെ വെളിപ്പെടുത്തൽ ധർമ്മം വ്യഞ്ജിപ്പിക്കാനും വേണ്ടിയാണ് ഇക്കാര്യം പരാമർശിക്കുന്നത്. ഈ സന്ദർഭത്തിൽ ശിഷ്യന്മാർക്കുണ്ടായ ഭയവും സംഭ്രമവും സുവിശേഷകൻ ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുന്നുണ്ട്. ദിവ്യസന്നിധിയിലായിരിക്കുന്ന, അല്ലെങ്കിൽ ദൈവിക വെളിപാടു ലഭിച്ച ഒരു വ്യക്തിയുടെ പ്രതികരണത്തിനു തുല്യമായിട്ടാണ് മർക്കോസ് ഇതിനെ കാണുക (cf ഉത്പ 15:1; 26:24; ന്യായാ 6:23; ദാനി 10:12,19; കൂടാതെ ലൂക്കാ 1:13, 29-30, 2:9).

അപ്പം വർദ്ധിപ്പിച്ച കഥ (6:35-44) പരാമർശിച്ചുകൊണ്ടാണ് വെള്ളത്തിനു മീതേ നടന്ന സംഭവം മർക്കോസ് ഉപസംഹരിക്കുന്നത്. അപ്പം വർധിപ്പിക്കൽ സംഭവത്തിന്റെ അർത്ഥം (6:52) ശിഷ്യന്മാർ മനസ്സിലാക്കിയില്ല എന്ന് സുവിശേഷകൻ വ്യക്തമായി പ്രസ്താവിക്കുന്നു. പ്രസ്തുത സംഭവത്തിന്റെ മിശിഹാത്മക പ്രാധാന്യം ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞില്ലെങ്കിൽ യേശുവിന്റെ യഥാർഥ സ്വഭാവം മനസ്സിലാക്കുന്നതിലും അവർ പരാജയപ്പെട്ടു എന്ന് സ്ഥിരീകരിക്കുന്നതാണ് യേശു കടലിനുമീതേ നടന്നപ്പോഴുള്ള അവരുടെ പ്രതികരണം.

## മർക്കോസ് 6:53-56 ഒരു സംക്ഷിപ്താഖ്യാനം

യേശുവിന്റെ രോഗശാന്തിശുശ്രൂഷയെക്കുറിച്ചുള്ള മറ്റൊരു സംക്ഷിപ്ത പ്രസ്താവനയാണ് നാമിവിടെ കാണുന്നത് (cf. മർക്കോ 1:32-34; 3:7-12). ഗലീലിക്കടലിന്റെ പടിഞ്ഞാറെക്കരയിൽ കഫർണാമിന് സമീപമുള്ള ഗെനേസറത്തു പട്ടണമാണ് രംഗം. ലക്ഷ്യം കിഴക്കേക്കരയിലുള്ള ബേത്സയ്ദാ ആയിരുന്നിട്ടും ശിഷ്യർ എന്തിന് പടിഞ്ഞാറെക്കരയിലുള്ള ഗെനേസറത്തിൽ പോയി എന്ന് അന്വേഷിക്കുന്നതിൽ കാര്യമില്ല. എന്തായാലും യേശു വെള്ളത്തിനുമീതെ നടന്ന മുൻ സംഭവവുമായി ഈ സുവിശേഷഭാഗത്തെ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ് 6:53. 6:54-56ൽ കാണുന്ന പൊതുപ്രസ്താവനയ്ക്ക് മർക്കോസിന്റെ സുവിശേഷത്തിലെ മറ്റു പല ഭാഗങ്ങളോടും സംക്ഷിപ്ത പ്രസ്താവനകളോടും വളരെയേറെ സാമ്യമുണ്ട് (cf. മർക്കോ 1:32-34; 5:27-28; 6:33).

## മർക്കോസ് 7:1-23 ശുദ്ധിയും അശുദ്ധിയും

1. 7:1-8 അശുദ്ധിയെ സംബന്ധിച്ച തർക്കം
2. 9-13 വഴിപാട് (കൊർബാൻ)
3. 14-23 അശുദ്ധിയെ സംബന്ധിച്ച് യേശുവിന്റെ പ്രബോധനം.

### മർക്കോസ് 7:1-8 അശുദ്ധിയെ സംബന്ധിച്ച വിവാദം

രൂപത്തിലും ഉള്ളടക്കത്തിലും 7:1-8 ഒരു തർക്കം ആയിട്ടാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഭക്ഷണത്തിനുമുമ്പ് കൈകഴുകുന്നതിനെ സംബന്ധിച്ചാണ് ഈ തർക്കം. ശുചിത്വത്തെക്കരുതിയുള്ള ഒന്നായിരുന്നില്ല അത്; ആചാരാനുഷ്ഠാനപരമായ ശുദ്ധീകരണത്തെക്കുറിച്ചുള്ളതായിരുന്നു. കൈകാലുകൾ കഴുകി ശുദ്ധിവരുത്തുക എന്ന നിയമം ആരംഭത്തിൽ ദൈവാലയത്തിൽ കർമ്മം അനുഷ്ഠിക്കുന്ന പുരോഹിതർക്കും ശുശ്രൂഷികൾക്കും മാത്രമേ ബാധകമായിരുന്നുള്ളൂ (പുറ. 30:19; 40:13). പിന്നീട് ഈ നിയമം സാധാരണ ജനങ്ങൾക്കും ബാധകമാക്കി. പില്ക്കാലത്ത് അനുഷ്ഠാനപരമായ അശുദ്ധിയെ ഭയന്ന്, ഭക്ഷണം കഴിക്കുന്നതിനുമുമ്പുപോലും ദേഹശുദ്ധീകരണം നിർബന്ധിത നിയമമാക്കി. ഈ നിബന്ധനകളിൽ പലതും മോശയുടെ ലിഖിതനിയമങ്ങളിൽ ഉള്ളവയല്ല.

യേശുവിന്റെ കാലത്തെ ഫരിസേയമതം കർശനമായി അനുഷ്ഠിച്ചിരിക്കുന്ന ''പൂർവികരുടെ പാരമ്പര്യങ്ങളിൽ'' നിന്നുള്ളവയാണ് ഇവയെല്ലാം. ലിഖിതനിയമങ്ങളുടെ (തോറാ) വ്യാഖ്യാനങ്ങളടങ്ങുന്ന വാമൊഴി നിയമങ്ങളായിരുന്നു (ഹലാക്കാ) 'പൂർവികരുടെ പാരമ്പര്യം'. നിയമജ്ഞരും ഫരിസേയരുമായിരുന്നു ഈ പാരമ്പര്യങ്ങളുടെ സൂക്ഷിപ്പുകാർ. മോശയുടെ നിയമം ലംഘിക്കുന്നതുപോലെ തന്നെ കുറ്റകരമായിരുന്നു അവയുടെ ലംഘനവും. ഫരിസേയമതത്തിന്റെയും അതിലെ അനുഷ്ഠാനങ്ങളുടെയും പശ്ചാത്തലത്തിൽ വേണം 7:1-8ലെ തർക്കം മനസ്സിലാക്കുവാൻ.

ദൈവഹിതം അനുസരിക്കുക എന്നുള്ള വിപുലവും സുപ്രധാനവുമായ മനുഷ്യധർമം എടുത്തുകാണിച്ചുകൊണ്ടു തന്റെ ശിഷ്യർക്കെതിരായി ഫരിസേയർ ഉന്നയിച്ച ആരോപണങ്ങളെ യേശു നേരിടുന്നു. ദൈവഹിതം നിറവേറ്റാതെ, മനുഷ്യനിർമിതമായ പാരമ്പര്യങ്ങളെ അന്ധമായി അനുഷ്ഠിക്കുന്ന പ്രവണതയെ അവിടന്ന് നിശിതമായി വിമർശിക്കുകയാണവിടെ.

## മർക്കോസ് 7:9-13 വഴിപാട് (കൊർബാൻ)

ദൈവത്തിനുള്ള വഴിപാട്/നേർച്ച/കാഴ്ച എന്നാണ് 'കൊർബാൻ' എന്ന സെമിറ്റിക് വാക്കിന്റെ അർഥം. ഒരു വസ്തു മറ്റാരും ഉപയോഗിക്കാതിരിക്കത്തക്കവിധം ദൈവത്തിനു സമർപ്പിക്കുന്ന പ്രതിഷ്ഠാരീതിയാണ് ഫരിസേയരുടെ കൊർബാൻ. ആ വസ്തു ദൈവാലയത്തിൽ കൊടുക്കാതെ ഉടമസ്ഥനു സൂക്ഷിക്കാമെന്നുള്ളതാണ് ഇതിന്റെ സവിശേഷത. ഒരാൾ തന്റെ വസ്തുവകകൾ കൊർബാനായി പ്രഖ്യാപിച്ചാൽ തന്റെ മാതാപിതാക്കളോടുള്ള പുത്രസഹജമായ കടമകളിൽനിന്ന് ഒഴിഞ്ഞുമാറാം. പൂർവികരുടെ പാരമ്പര്യത്തിനുവേണ്ടി ദൈവകല്പനകളെ അസാധുവാക്കി തള്ളിക്കളയുന്ന കൗശലപൂർവ്വമായ സമ്പ്രദായമാണ് കൊർബാൻ. ദൈവികനിയമങ്ങളുടെ ഉദ്ദേശ്യത്തെത്തന്നെ പരാജയപ്പെടുത്തുന്ന മനുഷ്യപാരമ്പര്യങ്ങളുടെ ഒറ്റപ്പെട്ട ഉദാഹരണമല്ല കൊർബാൻ, പല ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണ് (cf 7:13) എന്ന് യേശു വ്യക്തമാക്കുന്നു. അതിനാൽ യേശുവിന്റെ പ്രത്യാക്രമണം ഫരിസേയരുടെ പാരമ്പര്യങ്ങൾക്കെതിരേയുള്ള നിർദ്ദാക്ഷിണ്യമായ വിധിപ്രസ്താവമത്രേ.

## മർക്കോസ് 7:14-23 അശുദ്ധിയുടെ ഉറവിടം

7:5 ൽ നിയമജ്ഞരും ഫരിസേയരും ഉന്നയിച്ച ചോദ്യത്തെത്തുടർന്നാണ് അശുദ്ധിയുടെ ഉറവിടത്തെക്കുറിച്ചു യേശു പഠിപ്പിക്കുന്നത് (7:14-23). ഇവിടെ യേശു അഭിസംബോധനചെയ്യുന്നതു ജനങ്ങളെയാണ്. തന്റെ വചനങ്ങൾ കേട്ടാൽ മാത്രം പോരാ, മനസ്സിലാക്കുകകൂടി (7:14) വേണമെന്നും യേശു അവരെ ഉദ്ബോധിപ്പിക്കുന്നു. നിഗൂഢവും ചിന്തോദ്ദീപകവും വെല്ലുവിളി ഉയർത്തുന്നതുമാണ് 7:15ലെ പ്രബോധനം. എല്ലാ അശുദ്ധിയുടെയും ഉറവിടം മനുഷ്യഹൃദയമാണ്. കൈ കഴുകുന്നതിനെയും കഴുകാതിരിക്കുന്നതിനെയുംകാൾ വിശാലവും ആഴമേറിയതുമായ പ്രശ്നമാണ് അതിൽ അന്തർഭവിച്ചിരിക്കുന്നതെന്ന് യേശു ഇവിടെ (7:15) പഠിപ്പിക്കുന്നു.

തുടർന്ന് 7:17-23ൽ യേശു നല്കുന്നത് ശിഷ്യന്മാർക്കുള്ള ഒരു സ്വകാര്യോപദേശമാണ്. ഭക്ഷണത്തിന് ഒരാളെ അശുദ്ധനാക്കുവാൻ കഴിയുകയില്ലെന്ന യേശുവിന്റെ പ്രഖ്യാപനവും (7:18 -19a) എല്ലാ ഭക്ഷണപദാർഥങ്ങളും ശുദ്ധമാണെന്നുള്ള സുവിശേഷകന്റെ ഭാഷ്യവും ക്രിസ്തുമതം സ്വീകരിച്ച ആദ്യകാലവിജാതീയരെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. ഭക്ഷണത്തെ സംബന്ധിച്ച യഹൂദനിയമങ്ങൾ വിജാതീയ ക്രൈസ്തവർക്ക് അക്കാലത്തു പ്രശ്നങ്ങൾ സൃഷ്ടിച്ചതുകൊണ്ടായിരിക്കാം മർക്കോസ് 7:18-19 എഴുതിയത്.

7:15ലെ ചൊല്ലിന്റെ രണ്ടാം ഭാഗം വിശദീകരിക്കുന്നതാണ് 7:20-23. ഉള്ളിൽ രൂപം കൊണ്ട് പുറമേ പ്രകടമാകുന്ന തിന്മപ്രവൃത്തികളുടെയും ആന്തരിക സാന്മാർഗിക വൈകല്യങ്ങളുടെയും ഒരു പട്ടികയാണ് 21,22 വാക്യങ്ങൾ. 7:21-22ൽ സൂചിപ്പിക്കുന്ന തിന്മകളെല്ലാം മനുഷ്യബന്ധങ്ങളെ ബാധിക്കുന്നവയാണ് എന്നതു ശ്രദ്ധേയമത്രേ. അതിനാൽ ഒരുവനെ ശുദ്ധനോ അശുദ്ധനോ ആക്കുന്നത് ഇതരവ്യക്തികളുമായുള്ള ബന്ധത്തിൽ അയാൾ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങളാണ്. കപടഭക്തിയോടെ ദൈവത്തെ ആരാധിക്കുകയും (7:6-7) നീതിയും സാഹോദര്യവുമില്ലാത്ത ജീവിതം നയിക്കുകയും ചെയ്യുന്നവർ ദൈവരാജ്യസന്ദേശത്തിന് ഒട്ടും യോജിച്ചവരല്ല.

## മർക്കോസ് 7:24–30 സീറോ–ഫിനേഷ്യൻ സ്ത്രീ

അശുദ്ധിയെക്കുറിച്ചുള്ള വിവാദവിവരണത്തിനുശേഷം (7:1-23) മർക്കോസ് സീറോ–ഫിനേഷ്യൻ സ്ത്രീയുടെ കഥ വിവരിക്കുന്നു. വിജാതീയപ്രദേശങ്ങളിലേക്കും തന്റെ രക്ഷാകരദൗത്യം വ്യാപിപ്പിച്ചുകൊണ്ട് (7:24-30), ശുദ്ധാശുദ്ധങ്ങളെക്കുറിച്ചുള്ള ഫരിസേയരുടെ വീക്ഷണം യേശു പൂർണ്ണമായും തിരസ്കരിക്കുകയാണ്. ഈ രണ്ടു സംഭവങ്ങൾ തമ്മിലുള്ള അന്തരം ശ്രദ്ധേയമത്രേ. ഫരിസേയരുടെ വിശ്വാസം, നിയമാനുഷ്ഠാനവ്യഗ്രത എന്നിവയുടെയും, ശിഷ്യന്മാരുടെ അജ്ഞതയുടെയും പശ്ചാത്തലത്തിൽ ഈ വിജാതീയ വനിതയുടെ വിശ്വാസം (7:24–30) വ്യതിരേകഭംഗികലർന്നു നില്ക്കുന്നു. നിയമങ്ങളോടും പാരമ്പര്യത്തോടുമുള്ള വിശ്വസ്തതയല്ല, യേശുവിലുള്ള വിശ്വാസമാണ് ഇവിടെ മർമപ്രധാനമായ പരാമർശവിഷയം.

യേശുവും സ്ത്രീയും തമ്മിൽ നടക്കുന്ന സംഭാഷണമാണ് ഈ സംഭവത്തിലെ മുഖ്യാംശം. ആ സ്ത്രീയുടെ വലിയ വിശ്വാസം ഈ സംഭാഷണത്തിൽ പ്രകടമാകുന്നു. പ്രത്യക്ഷത്തിൽ അവളുടെ അഭ്യർത്ഥന നിരസിക്കുന്നതായിരുന്നു യേശു നല്കിയ മറുപടി. ''ആദ്യം മക്കൾ ഭക്ഷിച്ചു തൃപ്തരാകട്ടെ, മക്കളുടെ അപ്പം എടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് നന്നല്ല'' (7:27). പഴയനിയമത്തിൽ ഇസ്രായേൽക്കാരെയാണ് ദൈവമക്കളായി പരിഗണിച്ചിരുന്നത്. അതുപോലെ തന്നെ യഹൂദപാരമ്പര്യത്തിൽ ചിലപ്പോഴെല്ലാം വിജാതീയരെ നായ്ക്കളെന്നു വിളിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനം എന്ന ഇസ്രായേലിന്റെ പദവി യേശു അംഗീകരിക്കുന്നതായി തോന്നുന്നു. അതുകൊണ്ടാണ് ''ആദ്യം മക്കൾ ഭക്ഷിച്ചു തൃപ്തരാകട്ടെ'' എന്ന് അവിടന്നു പറഞ്ഞത്. ''ആദ്യം യഹൂദർക്കും പിന്നീടു ഗ്രീക്കുകാർക്കും'' എന്ന് പൗലോസും എഴുതിയിട്ടുണ്ടല്ലോ (cf. റോമാ 1:16; 2:9–10; അപ്പ 3:26; 13:46).

ഗൃഹാന്തരീക്ഷത്തിലെ ഒരു സാധാരണ രംഗം പരാമർശിക്കുകയായിരുന്നു യേശു ഇവിടെ എന്നു കരുതുന്നതാകും ഉചിതം. സുവിശേഷത്തിലെ ഗ്രീക്കുപദം അർഥമാക്കുക 'നായ്ക്കുട്ടികൾ' എന്നത്രേ. ആ സ്ത്രീയുടെ വിശ്വാസം പരീക്ഷിക്കുവാൻ അവിടന്നു പ്രസിദ്ധമായ ഒരു പഴമൊഴി ഉപയോഗിച്ചതായിക്കൂടെന്നുമില്ല. 'മക്കൾക്കുള്ള അപ്പം വേണ്ട; മേശയ്ക്കു കീഴെ പൊഴിയുന്ന കഷണങ്ങൾ കിട്ടിയാൽ മതി' എന്നാണ് അവൾ പറയുന്നത്. യേശുവിന്റെ ശക്തിയിലുള്ള ഉറച്ച വിശ്വാസം ഒന്നുകൊണ്ടുമാത്രം അവൾ തന്റെ മകൾക്കു സൗഖ്യം നേടിക്കൊടുക്കുകയും ചെയ്തു. വിജാതീയരുടെയിടയിലേക്കു യേശുവിന്റെ രക്ഷാകരശുശ്രൂഷ വ്യാപിക്കുന്നതായി വ്യക്തമാക്കുന്നു സീറോ–ഫിനേഷ്യൻ സ്ത്രീയുടെ ഈ കഥ.

## മർക്കോസ് 7:31–37 ബധിരനും മൂകനുമായവനു സൗഖ്യം

അപ്പത്തിന്റെ പ്രതിപാദനത്തിലെ രണ്ടുഭാഗങ്ങളും (6:30–7:37; 8:1–26) മർക്കോസ് അവസാനിപ്പിക്കുന്നത് ഓരോ രോഗശാന്തിവിവരണത്തോടെയാണ്: 7:31–37ൽ ബധിരനും മൂകനുമായവനെ സുഖപ്പെടുത്തുന്നതും 8:22–26ൽ അന്ധന് കാഴ്ചനല്കുന്നതും.

ഈ ബധിര–മൂകന്റെ സുഖപ്രാപ്തി (7:31–37) സംഭവിക്കുന്നത് മറ്റൊരു വിജാതീയപ്രദേശമായ ദെക്കാപ്പോളിസിൽവച്ചാണ്. സീറോ–ഫിനേഷ്യൻ സ്ത്രീയുടെ കഥയിലെന്നതുപോലെ, യേശുവിനു വിജാതീയരോടുള്ള മനോഭാവം പ്രസ്പഷ്ടമാക്കുന്നതാണ് ഈ സംഭവവും. രോഗി ബധിരനാണെന്നതിനു പുറമേ, സംസാരത്തിനു തടസ്സമുണ്ടായിരുന്നവനുമാണ്. സംസാരക്ലേശം, ഉച്ചാരണവൈകല്യം എന്നിവയ്ക്കുള്ള -'Mogilalos' എന്ന ഗ്രീക്കുപദം പുതിയനിയമത്തിൽ ഇവിടെ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. പഴയനിയമത്തിൽ, മിശിഹായെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനങ്ങളിൽ പ്രസ്തുത പദം ഉപയോഗിച്ചിട്ടുണ്ട് (ഏശ. 35:6). ഇവിടെ കാണുന്ന യേശുവിന്റെ ചില പ്രവൃത്തികൾ - രോഗിയുടെമേൽ കൈകൾവച്ചതും അവന്റെ ചെവിയിൽ വിരലിട്ടതും തന്റെ തുപ്പൽതൊട്ട് അവന്റെ നാവിൽ സ്പർശിച്ചതും 'എഫ്ഫാത്താ' എന്നു കല്പിച്ചതും - ആദിമസഭയുടെ ജ്ഞാനസ്നാനകർമ്മാനുഷ്ഠാനങ്ങളിൽ കടന്നുകൂടി. ആദിമസഭ ഈ രോഗശാന്തി കഥകൾ (7:31–37; 8:22–26) അനുസ്മരിച്ചിരുന്നതും പിൻതലമുറകൾക്കു കൈമാറിയിരിക്കുന്നതും ജ്ഞാനസ്നാനകർമ്മാനുഷ്ഠാനങ്ങളുടെ പശ്ചാത്തലത്തിൽ ആയിരുന്നിരിക്കണം.

''അവന്റെ ചെവികൾ തുറന്നു, നാവിന്റെ കെട്ടഴിഞ്ഞു, അവൻ സ്ഫുടമായി സംസാരിച്ചു'' (7:35) എന്നു പറഞ്ഞിരിക്കുന്നതിൽനിന്ന് യേശു അവനു നല്കിയതു പരിപൂർണ സൗഖ്യമാണെന്നു വ്യക്തം. ദൈവികകാര്യങ്ങളിൽ മൂകരും ബധിരരുമായിരുന്ന വിജാതീയർ യേശുവിന്റെ സ്വരം ശ്രവിക്കുവാനും അതിനോടു പ്രതികരിക്കുവാനും പ്രാപ്തരായി എന്നതാണ് ഈ രോഗശാന്തിയുടെ പ്രതീകാത്മകമായ അർഥം. ആരോടും പറയരുതെന്ന് യേശു വിലക്കിയിട്ടും (7:36) ജനം അതിനു വിപരീതമായി ആ കഥ തീക്ഷ്ണതയോടെ പ്രഘോഷിക്കുന്നു. സുവിശേഷം അറിയിക്കുന്നതിന് ആദിമസഭയിൽ ഉപയോഗിച്ചിരുന്ന സാങ്കേതികപദമാണ് 'പ്രഘോഷിക്കുക' എന്നത്. വിജാതീയ ക്രൈസ്തവരെ അവരുടെ മിഷനറിദൗത്യത്തിൽ പ്രോത്സാഹിപ്പിക്കാനായിരിക്കണം മർക്കോസ് ഈ പദം ഉപയോഗിച്ചത്. ഇസ്രായേലിനു വാഗ്ദാനം ചെയ്ത മിശിഹായുടെ അനുഗ്രഹങ്ങൾ (ഏശ 35:5-6) ഇപ്പോൾ വിജാതീയർക്കും കൈവരുന്നുവെന്നും അവർ രക്ഷാകരസുവിശേഷത്തിന്റെ സന്ദേശവാഹകരായിത്തീരുന്നുവെന്നും ബധിര-മൂകന്റെ രോഗശാന്തി വിവരണത്തിൽ മർക്കോസ് വ്യക്തമാക്കുന്നു.

## മർക്കോസ് 8:1-10 യേശു രണ്ടാമതും അപ്പം വർധിപ്പിക്കുന്നു

യേശു അപ്പം വർധിപ്പിക്കുന്ന രണ്ടു സംഭവങ്ങൾ മർക്കോസ് വിവരിക്കുന്നുണ്ട് (6:34-44; 8:1-10). രണ്ടു സംഭവങ്ങൾക്കും തമ്മിൽ വളരെയേറെ സാദൃശ്യങ്ങൾ കാണാൻ കഴിയും. സുപ്രധാനമായവ താഴെ പറയുന്നവയാണ്: 1) മരുഭൂമിയുടെ പശ്ചാത്തലം; 2) വിവരണക്രമത്തിലുള്ള സാമ്യം: വലിയ ജനാവലി, യേശുവിന്റെ അനുകമ്പ, ശിഷ്യരുമായുള്ള സംഭാഷണം, അവരുടെ സംഭ്രമം, എത്ര അപ്പമുണ്ടെന്ന അന്വേഷണം, യേശു അപ്പം വർദ്ധിപ്പിക്കുന്നത്, ശിഷ്യർ വിളമ്പുന്നത്, ജനങ്ങൾ ഭക്ഷിച്ചു തൃപ്തരാകുന്നത്, ജനത്തെ പിരിച്ചുവിടുന്നത്, മിച്ചം വന്നത് ശേഖരിക്കുന്നത്, ജനത്തെ പിരിച്ചുവിട്ടു വഞ്ചിയിൽ കയറിപ്പോകുന്നത്; 3) ശൈലിയിലെ പ്രകടമായ സാമ്യം. എന്നാൽ, രണ്ടു വിവരണങ്ങളും തമ്മിൽ വ്യത്യാസങ്ങളും ഇല്ലാതില്ല. അപ്പത്തിന്റെയും മീനിന്റെയും ഭക്ഷണം കഴിച്ച ആളുകളുടെയും മിച്ചം വന്ന കഷണങ്ങളുടെയും എണ്ണത്തിലാണീ വ്യത്യാസം.

കഥകളുടെ പിന്നിലുള്ള പാരമ്പര്യങ്ങൾ എന്തുതന്നെയായാലും ദൈവശാസ്ത്രപ്രാധാന്യമുള്ള രണ്ടു വ്യത്യസ്ത സംഭവങ്ങളായിട്ടാണ് മർക്കോസ് സുവിശേഷകൻ ഇവയെ കാണുക. മിശിഹായെക്കുറിച്ച് യഹൂദന്മാരെ ലക്ഷ്യമാക്കി നല്കിയ ഒരടയാളമാണ് ആദ്യത്തെ വിവരണം (6:34-44). രണ്ടാമത്തേതാകട്ടെ (8:1-10) വിജാതീയരെ ലക്ഷ്യമാക്കി നല്കിയതും. രണ്ടിടത്തും അപ്പം ശേഖരിച്ച പാത്രത്തിനു വ്യത്യസ്ത പദങ്ങളാണ് മർക്കോസ് ഉപയോഗിക്കുന്നത്. 6:43ൽ 'Cophinos' എന്നും 8:8ൽ 'Spyris' എന്നും. യഹൂദർ ഭക്ഷണസാധനങ്ങൾ കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്ന കൂടയാണ് 'Cophinos'. ഈ ഉദ്ദേശ്യത്തിനായി വിജാതീയർ ഉപയോഗിച്ചിരുന്ന പാത്രമാണ് 'Spyris'. 6:43ലെ 'Cophinos' എന്ന സംജ്ഞയും 'പന്ത്രണ്ട്' എന്ന സംഖ്യയും യഹൂദ പശ്ചാത്തലത്തിലേക്കു വിരൽചൂണ്ടുന്നു. 8:8ലെ 'Spyris', 'ഏഴ്' എന്നീപദങ്ങളാകട്ടെ, അവയുടെ പ്രതീകാത്മകവും സാർവലൗകികവുമായ അർഥവ്യാപ്തിയാൽ വിജാതീയരെയാണു ലക്ഷ്യം വയ്ക്കുക. 6:41ലെ 'ആശീർവദിച്ചു' എന്ന പദത്തിന്റെ സ്ഥാനത്ത് 8:1-10ൽ 'കൃതജ്ഞതാസ്തോത്രം ചെയ്തു' എന്ന് ഉപയോഗിച്ചിരിക്കുന്നതും വിജാതീയ പശ്ചാത്തലമാണ് ദ്യോതിപ്പിക്കുന്നത്.

സീറോ-ഫിനേഷ്യൻ സ്ത്രീയുടെ കഥയും (7:24-30) ദെക്കാപ്പോളിസിലെ ബധിര-മൂകന്റെ രോഗശാന്തിയും (7:31-37) പോലെ, നാലായിരം പേർക്കു ഭക്ഷണം കൊടുത്ത ഈ സംഭവം വിജാതീയർക്കു നല്കപ്പെട്ട സമൃദ്ധമായ മിശിഹാനുഗ്രഹത്തിന്റെ പ്രതീകമത്രേ. യേശുവിന്റെ രക്ഷാകരമായ അനുഗ്രഹത്തിൽ, യഹൂദർക്കു മാത്രമല്ല, വിജാതീയർക്കും തുല്യമായ പങ്കുണ്ടെന്നു സുവിശേഷകൻ വിജാതീയ ക്രിസ്ത്യാനികൾക്ക് ഉറപ്പുകൊടുക്കുന്നു.

## മർക്കോസ് 8:11-13 ഫരിസേയർ അടയാളം ആവശ്യപ്പെടുന്നു

പ്രത്യേക സ്ഥലകാല പശ്ചാത്തലമോ സന്ദർഭമോ കൂടാതെ മർക്കോസ് ഈ ഭാഗം പെട്ടെന്ന് അവതരിപ്പിക്കുകയാണ്. ഒരു പക്ഷേ ഏതെങ്കിലും തർക്കത്തെത്തുടർന്ന് ഫരിസേയർ യേശുവിനോട് ''സ്വർഗത്തിൽനിന്ന് ഒരടയാളം'' ആവശ്യപ്പെട്ടിരിക്കാം. ഈ വിവാദത്തിന്റെ വിഷയം എന്തെന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നില്ല. ആന്തരികവും ബാഹ്യവുമായ വിശുദ്ധിയെക്കു

റിച്ച് നിയമജ്ഞരോടും ഫരിസേയരോടും നടത്തിയ വിവാദങ്ങൾക്കു (7:1-23) സമാന്തരമായി സുവിശേഷകൻ 8:11-13 അവതരിപ്പിക്കുന്നു എന്നു കരുതിയാൽ മതി. തന്റെ വിശ്വസനീയത തെളിയിക്കുവാൻ യേശു ഒരിക്കലും ശ്രമിച്ചിട്ടില്ല. അവിടുന്നു ശക്തവും വിട്ടുവീഴ്ചയില്ലാത്തതുമായ ഭാഷയിൽ അവരുടെ അഭ്യർഥന നിരസിച്ചു. ഫരിസേയർ അത്തരം ഒരാവശ്യം ഉന്നയിച്ചതിൽ തന്റെ നിരാശയും ദുഃഖവും ''അഗാധമായ നെടുവീർപ്പോടെ'' പ്രകടിപ്പിക്കുകയാണിവിടെ, യേശു (8:12).

## മർക്കോസ് 8:14-21 അപ്പത്തിന്റെ രഹസ്യം, ശിഷ്യന്മാരുടെ ദുർഗ്രഹത

8:14-21 ഒരർത്ഥത്തിൽ അപ്പത്തിന്റെ പ്രതിപാദനഭാഗത്തിന്റെ (6:30-8:26) പരിസമാപ്തിയാണ്. ഇവിടെ 'അപ്പം' എന്ന പദം നാലു പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട് (8:14,16,17,19). വീണ്ടും ഈ പദം 14:22ൽ മാത്രമാണു നാം കാണുന്നത്. അത് വിശുദ്ധകുർബാനയോടു ബന്ധപ്പെടുത്തിയത്രേ. യേശു ശിഷ്യന്മാർക്കു സ്വയം വെളിപ്പെടുത്തുന്ന ഭാഗമായിട്ടാണ് അപ്പത്തിന്റെ പ്രതിപാദനം മർക്കോസ് അവതരിപ്പിക്കുന്നത്. തന്റെ ആത്മാവിഷ്കാരത്തെ, പ്രത്യേകിച്ച് അപ്പം വർദ്ധിപ്പിച്ച സംഭവങ്ങളെ, വേണ്ടവിധം ഗ്രഹിക്കാത്തതിൽ അവിടന്നു ശിഷ്യരെ കഠിനമായി ശാസിക്കുന്നത് (8:14-21) വിവരിച്ചുകൊണ്ടാണ് ഈ ഭാഗം അവസാനിപ്പിക്കുന്നത്.

8:14-21നെ ഘടനാപരമായി രണ്ടായി തിരിക്കാം: 8:14-16 ഒന്നാംഭാഗം; 8:17-21 രണ്ടാംഭാഗം. ഓരോന്നിനുമുണ്ട് അതിന്റേതായ സവിശേഷത. 14:16 വാക്യങ്ങളിലെ പ്രതിപാദനം ആരംഭിക്കുന്നതും അവസാനിക്കുന്നതും അപ്പത്തെ പരാമർശിച്ചുകൊണ്ടാണ്. അതുപോലെ തന്നെ രണ്ടാം ഭാഗം ആരംഭിക്കുന്നതും അവസാനിക്കുന്നതും ''നിങ്ങൾ ഇനിയും മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നില്ലേ?'' (cf. 8:17-21) എന്ന ചോദ്യത്തോടുകൂടിയാണ്.

## മർക്കോസ് 8:14-16 ഒരപ്പം മാത്രം

മൂന്നു വ്യത്യസ്ത ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് 8:14-16 1. അപ്പമില്ലായ്മ ($8{:}14_a$-16) 2. 'ഒരപ്പ്'ത്തെക്കുറിച്ചുള്ള പരാമർശം ($8{:}14_b$) 3. ഫരിസേയരുടെയും ഹേറോദേസിന്റെയും പുളിമാവിനെക്കുറിച്ചുള്ള പ്രസ്താവം (8:15). 'പുളിമാവ്' എന്ന പദം രൂപകാർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. തിന്മയുടെ ഉറവിടം, ദുഷിപ്പിക്കൽ, ദുസ്വാധീനം എന്നൊക്കെയാണ് അതിന്റെ അർത്ഥം (cf. 1 കോറി 5:7).

മിശിഹായെക്കുറിച്ച് അവർക്കുണ്ടായിരുന്ന അബദ്ധധാരണയുടെ പശ്ചാത്തലത്തിലാണ് മർക്കോസ് ഇക്കാര്യം പരാമർശിക്കുന്നത്. യഹൂദരെ റോമിന്റെ ആധിപത്യത്തിൽനിന്ന് മോചിപ്പിക്കുകയും ദാവീദിന്റെ സാമ്രാജ്യം പുനഃസ്ഥാപിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ നേതാവിനെ ഫരിസേയരും ഹേറോദേസും പ്രതീക്ഷിച്ചിരുന്നു. ഫരിസേയരും ഹേറോദേസും യേശുവിനെ തെറ്റിദ്ധരിച്ചു (cf. 3:6; 6:14-16). തന്റെ മിശിഹാത്വം, അധികാരം എന്നിവ തെളിയിക്കുന്ന അടയാളം വരെ ഫരിസേയർ യേശുവിനോട് ആവശ്യപ്പെടുകയും ചെയ്തു. അതുകൊണ്ടാണ് ദുഷ്ടബുദ്ധികളായ ഫരിസേയരുടെയും ഹേറോദേസിന്റെയും മനോഭാവങ്ങൾക്കെതിരായി നിരന്തരം ജാഗ്രത പുലർത്തണമെന്ന് യേശു തന്റെ ശിഷ്യർക്ക് മുന്നറിയിപ്പ് കൊടുക്കുന്നത്.

യേശു നല്കിയ മുന്നറിയിപ്പിന്റെ പ്രാധാന്യം ശിഷ്യർക്കു മനസ്സിലായില്ലെന്നു തോന്നുന്നു. തങ്ങളുടെ പക്കൽ ഒരപ്പമേ ഉള്ളല്ലോ (8:14) എന്നതായിരുന്നു അവരുടെ ആകുലത (8:16). 'ഒരപ്പ്'ത്തിന് ഇത്ര പ്രാധാന്യം കൊടുക്കാൻ എന്തായിരിക്കും കാരണം? ''വഞ്ചിയിൽ അവരുടെ പക്കൽ ഒരപ്പം മാത്രമേ ഉണ്ടായിരുന്നുള്ളൂ'' (8:14). പുതിയനിയമത്തിൽ 'ഒരപ്പ്'ത്തെ പരാമർശിക്കുന്ന മറ്റൊരു സന്ദർഭം കൂടി ഉണ്ട്: 1 കോറി 10:17ൽ ദിവ്യകാരുണ്യ അപ്പത്തെക്കുറിച്ചു പറയുന്ന ഭാഗം. ഇതുമായി ബന്ധിപ്പിച്ചാൽ, മർക്കോസ് 8:14b യിലെ 'ഒരപ്പ്'വും പ്രതീകാത്മകമായ രീതിയിൽ യേശുവിനെയാണു സൂചിപ്പിക്കുന്നത്. വിശക്കുന്നവർക്ക് അപ്പം നല്കുന്നവനായ അവിടന്ന് അവരോടൊത്തു വഞ്ചിയിൽത്തന്നെ ഉണ്ടായിരുന്നു. വഞ്ചിയിൽ ഒരപ്പം (8:14-16) ഉണ്ടായിരുന്നിട്ടും തങ്ങളുടെ പക്കൽ അപ്പമില്ലായെന്നതിനെക്കുറിച്ചായിരുന്നു അവരുടെ പരിഭ്രമം. യേശുവിന്റെ വ്യക്തിത്വം ഗ്രഹിക്കുന്നതിൽ ശിഷ്യന്മാർക്കുണ്ടായ അവിശ്വസനീയമായ പരാജയം ഇവിടെ വ്യക്തമാക്കപ്പെട്ടിരി

ക്കുകയാണ്. വിഭജിക്കപ്പെട്ട അപ്പത്തിന്റെ അടയാളമോ തങ്ങൾതന്നെ സജീവപങ്കാളിത്തം വഹിച്ച അപ്പം വർധിപ്പിക്കൽ സംഭവങ്ങളുടെ (6:34-44; 8:1-10) അർത്ഥമോ ശിഷ്യന്മാർ ഗ്രഹിച്ചില്ല.

## മർക്കോസ് 8:17-21 ശിഷ്യന്മാരുടെ അജ്ഞത

താൻ പറയുന്ന കാര്യങ്ങൾ ഗ്രഹിക്കാത്തതിനും മനസ്സിലാക്കാത്തതിനും യേശു ശിഷ്യരെ ശാസിക്കുന്നു. ''ഇനിയും നിങ്ങൾക്കു മനസ്സിലായില്ലേ?'' എന്ന് ഏഴുപ്രാവശ്യം ആവർത്തിച്ചുള്ള ചോദ്യത്തിൽനിന്ന് അവരുടെ അജ്ഞതയാണ് യേശുവിനെ ആകുലപ്പെടുത്തുന്ന പ്രധാനകാര്യ മെന്നു വ്യക്തം. ശിഷ്യന്മാരുടെ അന്ധതയെയും ഹൃദയകാഠിന്യത്തെയും കുറിച്ചുള്ള യേശുവിന്റെ രോഷാകുലമായ ഈ ചോദ്യങ്ങൾ പഴയനിയമത്തിൽ ഇസ്രായേൽക്കാരുടെ ഹൃദയകാഠിന്യത്തെ വിവരിക്കുന്ന പ്രവാചകവാക്യങ്ങളെയാണ് അനുസ്മരിപ്പിക്കുക (cf. ജറെ 5:21; ഏസെ 12:2; ഏശ 6:9-10).

അന്ധതയുടെയും ഹൃദയകാഠിന്യത്തിന്റെയും പേരിൽ യേശു ശിഷ്യന്മാരെ ശകാരിക്കുന്നു എന്നത് നേരുതന്നെ (8:14-21). അപ്പം വർദ്ധിപ്പിച്ച സംഭവങ്ങളെക്കുറിച്ച് അവരിൽ ആഴമേറിയ ഒരു അവബോധം ഉണ്ടാക്കാൻവേണ്ടിക്കൂടിയായിരുന്നു ഇത്. പ്രസ്തുത സംഭവങ്ങളുടെ ആവിഷ്കാര സ്വഭാവത്തെക്കുറിച്ചു ഗൗരവപൂർവ്വം ചിന്തിക്കത്തക്കവിധം അവരുടെ മനസ്സിനെ ഇളക്കാനും പ്രചോദിപ്പിക്കാനും വേണ്ടിയുള്ളതായിരുന്നു ഈ ചോദ്യങ്ങളെന്നു സാരം. ''നിങ്ങൾ ഓർമ്മിക്കു ന്നില്ലേ?'' എന്നു ചോദിച്ചതിന്റെയും (8:18) അപ്പം വർദ്ധിപ്പിച്ച കഥ അനുസ്മരിപ്പിച്ചതിന്റെയും (8:19-20) ഉദ്ദേശ്യം ഇതുതന്നെയായിരുന്നു. കഴിഞ്ഞ കാലങ്ങളിലെ വെളിപാടുസംഭവങ്ങളെ അനുസ്മ രിക്കാനും അവയുടെ യഥാർഥ അർഥം ഗ്രഹിക്കാനും പഴയനിയമം ജനങ്ങളോടു പലപ്പോഴും ആവ ശ്യപ്പെട്ടിരുന്ന കാര്യവും ഇവിടെ സ്മരണീയമത്രേ (cf. നിയ 8:2-6; 9:17; 32:7-8; കൂടാതെ യോഹ 2:17-22; 12:16; 14:26; 15:20). മുറിക്കപ്പെട്ട അപ്പത്തിന്റെ സൂചന ശിഷ്യർ ഗ്രഹിക്കുകയും, യഹൂദർക്കും (6:34-44) വിജാതീയർക്കും (8:1-10) അപ്പം നല്കുന്നവനായ മിശിഹായാണു യേശു എന്ന് അവർ മനസ്സിലാക്കുകയും ചെയ്യണമായിരുന്നു.

## മർക്കോസ് 8:22-26 അന്ധനു കാഴ്ചകൊടുക്കുന്നു

ബേത്സയ്ദായിലെ അന്ധനു കാഴ്ചകൊടുക്കുന്ന സംഭവം (8:22-26) മറ്റുരോഗശാന്തി വിവര ണങ്ങളിൽ നിന്നു വ്യത്യസ്തവും, മർക്കോസിന്റെ സുവിശേഷത്തിൽ പ്രാധാന്യം അർഹിക്കുന്നതു മാണ്. ഈ സംഭവത്തിന് സുവിശേഷത്തിൽ നല്കിയിട്ടുള്ള സ്ഥാനം, പ്രതിപാദനരീതി എന്നിവയി ലാണ് ഈ പ്രാധാന്യം ശ്രദ്ധേയമാകുന്നത്.

യേശു കാഴ്ചനല്കുന്നതായി വിവരിക്കുന്ന ആദ്യത്തെ സംഭവമാണ് മർക്കോസ് 8:22-26. മറ്റു സുവിശേഷകന്മാർ വിവരിക്കാത്ത കഥയാണിത്. അപ്പത്തിന്റെ പ്രതിപാദനഭാഗത്തിന്റെ സമാപന മായും (6:30-8:26) പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിന് (8:27-30) മുമ്പായും ഇതു ചേർത്തിരി ക്കുന്നത് എന്തുകൊണ്ടും ശ്രദ്ധേയമാണ്. ആദ്യത്തെ രോഗശാന്തിയുടെ മിശിഹാത്വപരമായ പ്രാധാന്യം ശിഷ്യന്മാർ ഗ്രഹിച്ചില്ല (7:31-37). യേശുവിന്റെ വ്യക്തിത്വവും മനസ്സിലാക്കിയില്ല. അതു കൊണ്ടാണ് ''അന്ധരും ബധിരരു'' മെന്നു പിന്നീട് അവിടന്നു ശിഷ്യന്മാരെ കുറ്റപ്പെടുത്തിയത്. ശിഷ്യന്മാരുടെ ആത്മീയാന്ധത നീക്കം ചെയ്യാനും അവരെക്കൊണ്ട് യേശുവിന്റെ മിശിഹാത്വം ഏറ്റു പറയിക്കാനും (8:27-30) ഒരു അന്ധന്റെ കണ്ണുകൾതുറന്നു കാഴ്ചശക്തി കൊടുക്കുന്ന മറ്റൊരു സംഭവം വേണ്ടിവന്നു. ഇപ്രകാരം ശിഷ്യന്മാർക്കു ആധ്യാത്മികകാഴ്ച നല്കുവാൻ ഉദ്ദേശിച്ച് യേശു ചെയ്ത അദ്ഭുതമാണ് 8:22-26 ൽ നാം കാണുക.

ബേത്സയ്ദാക്കാരനായ ഈ അന്ധനെ സാവകാശം, ഘട്ടം ഘട്ടമായിട്ടാണ് യേശു സുഖപ്പെ ടുത്തിയത്. അവിടന്ന് അവന്റെമേൽ രണ്ടു തവണ കൈകൾവച്ചു; ആദ്യത്തേതിനു ഭാഗികമായ ഫലമേ ഉണ്ടായുള്ളൂ. അവർ കണ്ടു തുടങ്ങിയെങ്കിലും കാഴ്ച വ്യക്തമായിരുന്നില്ല. ''ഞാൻ മനു ഷ്യരെ കാണുന്നുണ്ട്. അവർ മരങ്ങളെപ്പോലെയിരിക്കുന്നു; നടക്കുന്നതായും കാണുന്നു'' (8:24) എന്നാണ് അവൻ പറഞ്ഞത്. യേശു വീണ്ടും അവന്റെ കണ്ണുകളിൽ കൈകൾ വച്ചു; അപ്പോൾ അവന് പൂർണ്ണമായ കാഴ്ച കൈവന്നു. ആ അന്ധന്റെ കണ്ണുകൾ യേശു രണ്ടുതവണയായി തുറന്ന ഈ സംഭവത്തിൽ അവിടന്നു ശിഷ്യന്മാരുടെ ആത്മീയാന്ധത ക്രമേണ നീക്കിയതിന്റെയും അവർ

അവിടത്തെ മിശിഹാ ആയി ഏറ്റുപറഞ്ഞതിന്റെയും (8:27-30) സൂചനയാണ് മർക്കോസ് കാണുന്നത്. ഈ അദ്ഭുതസംഭവം യേശു ക്രമാനുഗതമായി ശിഷ്യന്മാർക്കു സ്വയം വെളിപ്പെടുത്തുന്നതിന്റെ (6:30-8:26) ഏറ്റം സംക്ഷിപ്തമായ വിവരണവും പ്രതീകാത്മകമായ പ്രകാശനവുമാണ്. ഇതുവഴി യേശു ശിഷ്യന്മാരെ വിശ്വാസത്തിലേക്കു കൂട്ടിക്കൊണ്ടുവരുന്നു. അങ്ങനെ, അടുത്ത പ്രധാനസംഭവത്തിലേക്കുള്ള ഒരു വഴിത്തിരിവായി ഇതു പരിണമിക്കുന്നു; ശിഷ്യന്മാർ യേശുവിൽ വിശ്വസിച്ച് അവിടത്തെ മിശിഹാത്വം ഏറ്റുപറയുന്നു.

# മർക്കോസ് 8:27 – 10:52 വഴിയുടെ പ്രതിപാദനം

മർക്കോസിന്റെ സുവിശേഷത്തിലെ കേന്ദ്രവർത്തിയായ ഒരു ഭാഗമാണിത്. ഇതുവരെ പറഞ്ഞതും ഇനി പറയാൻ പോകുന്നതുമായ കാര്യങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു ഭാഗവുമാണ്. ഇവിടെ കടന്നുവരുന്ന ദൈവശാസ്ത്രപരവും ഭാഷാപരവുമായ സൂചനകളിൽ നിന്ന് ഇത് മനസ്സിലാക്കാം. യേശുവും ശിഷ്യന്മാരും നിരന്തരം യാത്ര ചെയ്തു കൊണ്ടിരിക്കുന്നതായിട്ടാണ് 8:27 –10:52ൽ കാണുക. യാത്രയാണ് ഈ ഭാഗത്തെ മുഖ്യപ്രമേയം (cf. 8:27; 9:30, 33,34; 10:1, 17, 32, 46, 52). ഈ ഭാഗത്തിന്റെ ആരംഭവും അവസാനവും ''വഴി'' യെക്കുറിച്ചുള്ള പരാമർശത്തോടെയാണ്.

സുവിശേഷകൻ ഈ ഭാഗത്തിനു നല്കിയിരിക്കുന്ന സ്ഥാനവും അതിന്റെ ഉള്ളടക്കവും ഇതിന്റെ പ്രത്യേക സവിശേഷതയാണ് വ്യക്തമാക്കുന്നത്. പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തോടെയാണ് (8:27-30) ഈ ഭാഗം ആരംഭിക്കുക. യേശുവിന്റെ ശുശ്രൂഷാദൗത്യത്തെക്കുറിച്ചുള്ള മർക്കോസിന്റെ വിവരണത്തിൽ പത്രോസിന്റെ വിശ്വാസപ്രഖ്യാപനം നിർണ്ണായകമായ ഒരു വഴിത്തിരിവാണ്. യേശു മിശിഹായാണെന്ന് പത്രോസ് ഏറ്റുപറയുന്നതോടെ സുവിശേഷത്തിന്റെ ഒന്നാം ഭാഗം അവസാനിക്കുകയും രണ്ടാം ഭാഗത്തിലേക്കു വഴിതുറക്കുകയും ചെയ്തിരിക്കുന്നു. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം കഴിഞ്ഞയുടനെ, അതിനനുബന്ധമായി, യേശു തന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെക്കുറിച്ചു പഠിപ്പിക്കാൻ തുടങ്ങുന്നു (8:31). പീഡാനുഭവത്തെക്കുറിച്ചുള്ള പ്രഖ്യാപനത്തിൽ യേശുവിന്റെ മിശിഹാത്വത്തിന്റെ യഥാർഥ അർഥമെന്തെന്ന് മർക്കോസ് ചൂണ്ടിക്കാട്ടുന്നു. മനുഷ്യപുത്രനു സംഭവിക്കാനിരിക്കുന്നവയെക്കുറിച്ചുള്ള അറിയിപ്പ് 9:31ലും 10:33 –34ലും കാണുന്നുണ്ട്. പീഡാസഹനത്തെയും ഉയിർപ്പിനെയും കുറിച്ചുള്ള യേശുവിന്റെ മൂന്നു പ്രഖ്യാപനങ്ങളെ കേന്ദ്രീകരിച്ചാണ്, വാസ്തവത്തിൽ, 8:27-10:52 വിരചിതമായിരിക്കുന്നത്. ഓരോ പ്രഖ്യാപനത്തിനുശേഷവും ശിഷ്യന്മാരുടെ വിവേചനാശക്തിയില്ലായ്മയെക്കുറിച്ചുള്ള പരാമർശവും (8:32-33; 9:32; 10:35-41) അതേ തുടർന്ന് യേശു അവർക്കു നല്കുന്ന പ്രബോധനങ്ങളും (8:34-9:1; 9:33-50; 10:42-45) കാണാവുന്നതാണ്. ഇവയെല്ലാം കൂടി ചേർന്നതാണ് മർക്കോസ് 8:27-10:52.

## മർക്കോസ് 8:27-30 പത്രോസിന്റെ വിശ്വാസപ്രഖ്യാപനം

മർക്കോസിന്റെ സുവിശേഷം ഒന്നാംഭാഗം (1:1-8:26) 8:27-30ൽ ഉച്ചാവസ്ഥയിലെത്തുന്നു. യേശു ആരാണെന്നുള്ളതായിരുന്നു സുവിശേഷത്തിന്റെ ആദ്യപകുതിയുടെ മുഖ്യപ്രമേയം (cf.1:27; 2:7; 4:41; 6:2-3, 14-16). മർക്കോ 1:1ൽ അവതരിപ്പിച്ചിരിക്കുന്ന സുവിശേഷത്തിന്റെ ഇതിവൃത്തം, യേശുവിന്റെ മിശിഹാത്വം, ആധികാരികമായ പ്രബോധനങ്ങളിലൂടെയും ശക്തിയുടെ പ്രവർത്തനങ്ങളിലൂടെയും പ്രകടിതമായി. യേശുവിന്റെ മിശിഹാത്വം വെളിപ്പെടുത്തുന്ന പ്രവൃത്തികൾ കണ്ടവർ വിസ്മയത്തോടും അദ്ഭുതത്തോടും ഭയത്തോടും കൂടെ പ്രതികരിക്കുകമാത്രം ചെയ്തു (cf.1:27; 2:12; 5:15, 20,42; 6:2-3; 7:37). എന്നാൽ യേശു ആരാണെന്ന് മനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞില്ല, ശിഷ്യരുടെ സ്ഥിതിയും ഭിന്നമല്ലായിരുന്നു. യേശുവിന്റെ വ്യക്തിത്വവും, അവിടത്തെ വാക്കുകളും പ്രവൃത്തികളും അവരും മനസ്സിലാക്കിയില്ല (cf. 4:10,13,41; 6:49-52; 7:17-18). അടയാളങ്ങളും പ്രബോധനങ്ങളും വഴി യേശു സ്വയം വെളിപ്പെടുത്തിയിട്ടും അന്ധതയിലും ഹൃദയകാഠിന്യത്തിലും കഴിയു

കയായിരുന്നു അവർ (6:30–8:21). ഒടുവിൽ ഒരന്ധന്റെ കണ്ണുതുറന്ന സംഭവത്തിൽ (8:22–26) യേശു തന്റെ ശിഷ്യരുടെ ആന്തരിക നയനങ്ങളും തുറക്കുകയായിരുന്നു. യേശുവിനെ തിരിച്ചറിയാനും അവിടത്തെ മിശിഹാത്വം ഏറ്റുപറയാനും ഇത് അവരെ സഹായിച്ചു. അങ്ങനെ യേശുവിനെ മിശിഹായായി ഒരു വ്യക്തി ആദ്യമായി ഏറ്റുപറയുന്ന ഈ സംഭവം (8:27–30) മർക്കോസിന്റെ സുവിശേഷത്തിന്റെ ആദ്യപകുതിയുടെ പരമകാഷ്ഠയായി നിലകൊള്ളുന്നു.

8:27–10:52 രൂപം കൊടുത്തിരിക്കുന്നത് ഒരു യാത്രയുടെ ചട്ടക്കൂടിലാണെന്ന് നാം മുമ്പു കണ്ടുവല്ലോ. ജറുസലേമിലേക്കുള്ള ഈ യാത്രാമദ്ധ്യേയാണ് യേശു സഹനപൂരിതമായ അന്ത്യം ശിഷ്യർക്കു വെളിപ്പെടുത്തുന്നത്. പത്രോസിന്റെ വിശ്വാസപ്രഖ്യാപനവും (8:27–30) ഈ യാത്രാരംഭത്തിൽതന്നെ. ബേത്സയ്ദായിൽനിന്നും 25 മൈൽ വടക്കുള്ള കേസറിയ ഫിലിപ്പിയിലേക്കു പോവുകയായിരുന്നു യേശുവും ശിഷ്യന്മാരും. യാത്രയ്ക്കിടയിൽ യേശുതന്നെ മുൻകൈയെടുത്തു ശിഷ്യന്മാരോടു രണ്ടുചോദ്യം ചോദിക്കുന്നു. അവിടത്തെ, പൊതുജനങ്ങൾ എങ്ങനെ വിലയിരുത്തുന്നു എന്നതിനെപ്പറ്റിയായിരുന്നു ആദ്യത്തെ ചോദ്യം: ''ഞാനാരെന്നാണ് ആളുകൾ പറയുന്നത്?'' (8:27). യേശുവിനെ മിശിഹായായിട്ടല്ല, സ്നാപകയോഹന്നാനെയോ ഏലിയായെയോ (cf. മലാ 3:1; 4:5; മർക്കോ 1:6; 9:11–13) പ്രവാചകരിലൊരുവനെയോപോലെ (cf. നിയ 18:15,18; കൂടാതെ യോഹ 1:21) മിശിഹായുടെ മുന്നോടിയായിട്ടാണ് ജനം കരുതുന്നതെന്നു ശിഷ്യർ മറുപടി പറഞ്ഞു. ഈ ഒന്നാം ചോദ്യം സുപ്രധാനവും നിർണ്ണായകവുമായ രണ്ടാം ചോദ്യത്തിനുള്ള ആമുഖം മാത്രമായിരുന്നു. ഇതായിരുന്നു യേശുവിന്റെ ചോദ്യം: ''ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?'' (8:29). ശിഷ്യരുടെ വക്താവായി പത്രോസ് അതിനു വ്യക്തമായും സംശയാതീതമായും ഉത്തരം കൊടുത്തു: ''നീ ക്രിസ്തുവാണ്'' (8:29).

ഈ ചോദ്യങ്ങളിൽ പ്രകടമാകുന്ന വൈരുദ്ധ്യവും അന്തരവും സാധാരണക്കാരായ ആളുകളെയും ശിഷ്യരെയും വേർതിരിക്കാനുദ്ദേശിച്ചുള്ളതാണ്. മിശിഹായെ സംബന്ധിച്ച തികച്ചും ഭിന്നമായ രണ്ടു കാഴ്ചപ്പാടുകളാണ് മേല്പറഞ്ഞ മറുപടികളിൽ നാം കാണുക. പൊതുജനം യേശുവിനെ മിശിഹാത്വമുള്ളവനായിട്ടല്ല കണ്ടിരുന്നത്; സ്നാപകയോഹന്നാനെയോ ഏലിയായെയോ പോലെ മിശിഹായ്ക്കു വഴിയൊരുക്കുന്ന ഒരാൾ മാത്രമായിട്ടാണ്. അവിടത്തെക്കുറിച്ചുള്ള ജനങ്ങളുടെ വിലയിരുത്തൽ മർക്കോസ് 6:14–16 ൽ വ്യക്തമാക്കിയിട്ടുണ്ട്. ജനത്തിന്റെ ധാരണ പഴയതു തന്നെ; അതിൽ മാറ്റമൊന്നുമില്ല. മുമ്പ് 'അന്ധരും' 'ബധിരരും' അറിവില്ലാത്തവരുമായിരുന്ന ശിഷ്യർക്കാകട്ടെ (8:17–21) ഇതിനകം യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചു ശരിയായ ഒരുൾക്കാഴ്ച കിട്ടി. തെറ്റായ പൊതുജനാഭിപ്രായത്തിൽ നിന്നു ഭിന്നമായി, ശിഷ്യർ യേശുവിൽ മിശിഹായെ കാണുന്നു. പത്രോസ് അവരുടെ വക്താവായി വിശ്വാസപൂർവ്വം അത് ഏറ്റുപറയുന്നു: ''നീ ക്രിസ്തുവാണ്'' (8:29).

ശിഷ്യന്മാർ തന്റെ യഥാർത്ഥ വ്യക്തിത്വം കണ്ടുപിടിച്ചുകഴിഞ്ഞുവെന്ന് യേശുവിനു മനസ്സിലായി (8:29). എന്നാൽ തന്റെ ജീവിതത്തിന്റെ സഹനപൂരിതമായ അന്ത്യം അവർ മനസ്സിലാക്കുന്നതിനുമുമ്പ് താൻ മിശിഹായാണെന്നുള്ള സത്യം പരസ്യമാക്കുവാൻ അവിടന്നാഗ്രഹിച്ചില്ല. യേശുവിന്റെ ജീവിതത്തിൽ കുരിശിനുള്ള പ്രാധാന്യം മനസ്സിലാക്കുന്നവർക്കു മാത്രമേ അവിടുത്തെ മിശിഹാത്വവും ഗ്രഹിക്കുവാൻ സാധിക്കൂ എന്ന് മർക്കോസ് കരുതുന്നു. അതുകൊണ്ടത്രേ രഹസ്യം പാലിക്കുവാൻ യേശു ശിഷ്യരോടു കല്പിക്കുന്നതും താമസംവിനാ തന്റെ പീഡാനുഭവങ്ങളുടെ ആവശ്യകതയെക്കുറിച്ച് അവരെ പഠിപ്പിച്ചുതുടങ്ങുന്നതും (8:31).

Study Guide for Mark 1-8
KCBC Bible Commission
POC, Kochi – 682 025
March 2020